വാല്യം 6, ലക്കം 11

# ന്യൂ ഇന്ത്യ സമാചാർ

ഡിസംബർ 1-15, 2025
സൗജന്യവിതരണത്തിന്

2025
അന്താരാഷ്ട്ര സഹകരണ വർഷം
മെച്ചപ്പെട്ട ലോകത്തിനായുള്ള സഹകരണങ്ങൾ




## വികസിത ഇന്ത്യയിലേക്കു വഴിതെളിക്കുന്ന സഹകരണസംഘങ്ങൾ

'സഹകരണത്തിലൂടെ സമൃദ്ധി' എന്ന തത്വവുമായി, സഹകരണാധിഷ്ഠിത സാമ്പത്തിക മാതൃക ഇന്ത്യയുടെ വളർച്ചായന്ത്രമായി മാറിയിരിക്കുന്നു. 2047-ഓടെ വികസിത രാഷ്ട്രമായി മാറാൻ സജ്ജമായിരിക്കുകയാണ് ഇന്ത്യ...



ഇ-പകർപ്പിനായി

## ബിഹാർ നിയമസഭ തെരഞ്ഞെടുപ്പ്–2025

# ഫലങ്ങൾ ഒറ്റനോട്ടത്തിൽ

ബിഹാർ സംസ്ഥാനം ജനാധിപത്യത്തിന്റെ മാതാവ് എന്നറിയപ്പെടുന്നു. 2025-ലെ ബിഹാർ നിയമസഭ തെരഞ്ഞെടുപ്പിലെ റെക്കോർഡ് വോട്ടർ പങ്കാളിത്തം, എല്ലാ കുടുംബങ്ങൾക്കും തുല്യതയും ബഹുമാനവും അവസരങ്ങളും ലഭിക്കുന്ന, സാമൂഹ്യനീതിക്കു വേണ്ടിയാണു വോട്ടർമാർ വോട്ടു ചെയ്യുന്നു എന്നതിന്റെ തെളിവാണ്. ജനാധിപത്യ മഹോത്സവത്തിന്റെ സന്ദേശം, ഇന്ത്യൻ പൗരന്മാർ ഇപ്പോൾ വികസനത്തിലൂടെയും അതിവേഗ വികസനത്തിലൂടെയും വികസിത ഇന്ത്യയായി മാറാൻ ആഗ്രഹിക്കുന്നു എന്നതാണ്.

**സൃഷ്ടിച്ച റെക്കോർഡുകൾ**

ഇന്ത്യയുടെ തെരഞ്ഞെടുപ്പു കമ്മീഷൻ 2025–ലെ ബിഹാർ നിയമസഭ തെരഞ്ഞെടുപ്പു വിജയകരമായി നടത്തി. 67.13% എന്ന പോളിങ് നിരക്ക്, 1951–നു ശേഷമുള്ള ഏറ്റവും ഉയർന്ന പോളിങ് ശതമാനമാണ്.

1951–നുശേഷം ബിഹാറിൽ സ്ത്രീവോട്ടർമാരുടെ എക്കാലത്തെയും ഉയർന്ന പങ്കാളിത്തം 71.78%*




*സ്രോതസ്: ഇന്ത്യൻ തെരഞ്ഞെടുപ്പു കമ്മീഷൻ

> ഇന്ന്, രാജ്യത്തുടനീളവും ലോകമെമ്പാടുമുള്ള നിക്ഷേപകരോട് എനിക്കു പറയാനാകും, ബിഹാർ നിങ്ങളെ സ്വാഗതം ചെയ്യാൻ തയ്യാറാണ് എന്ന്. രാജ്യത്തുടനീളവും ലോകമെമ്പാടുമുള്ളതുമായ ബിഹാറിന്റെ മക്കളോട് എനിക്കു പറയാനാകും, ബിഹാറിൽ നിക്ഷേപിക്കാൻ ഇതാണ് ഏറ്റവും അനുയോജ്യമായ സമയം എന്ന്. ബിഹാറിലെ ഓരോ അമ്മയോടും, ഓരോ യുവാവിനോടും, ഓരോ കർഷകനോടും, ഓരോ ദരിദ്രകുടുംബത്തോടും ഇന്നു ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഇതാണ്: നിങ്ങളുടെ വിശ്വാസമാണ് എന്റെ പ്രതിജ്ഞ. നിങ്ങളുടെ പ്രതീക്ഷയാണ് എന്റെ ദൃഢനിശ്ചയം, എന്റെ യുവ സുഹൃത്തുക്കളുടെ അഭിലാഷങ്ങളാണ് എന്റെ പ്രചോദനം. നമുക്കു കൂട്ടായി, സമൃദ്ധവും വികസിതവുമായ ബിഹാർ കെട്ടിപ്പടുക്കാം.

നരേന്ദ്ര മോദി, പ്രധാനമന്ത്രി

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 6, ലക്കം 11 | ഡിസംബർ 1-15, 2025



എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓഝ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ, പ്രസ് ഇൻഫർമേഷൻ ബ്യൂറോ, ന്യൂഡൽഹി**

സീനിയർ കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

കൺസൽട്ടിങ് എഡിറ്റർ
**വിഭോർ ശർമ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

ചീഫ് ഡിസൈനർ
**ശ്യാം തിവാരി**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




**ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in/news.aspx

**ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** **പിൻതുടരുക**

# ഉൾപ്പേജുകളിൽ.........


**കവർസ്റ്റോറി** | അന്താരാഷ്ട്ര സഹകരണ വർഷം 2025

## സഹകരണപ്രസ്ഥാനങ്ങൾ സമൃദ്ധമായ സമൂഹത്തെ വാർത്തെടുക്കുന്നു



ചെറിയ കാര്യങ്ങളും ചെറിയ വിഭവങ്ങളും സംയോജിപ്പിക്കുമ്പോൾ പോലും മികച്ച ഫലങ്ങൾ കൈവരിക്കാൻ കഴിയും. ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത പുരാതന സംവിധാനമായ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ നമ്മുടെ തിരുവെഴുത്തുകളിൽ നിന്നുള്ള ഈ വാക്യം വളരെയധികം പ്രാധാന്യമർഹിക്കുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി, കേന്ദ്ര ഗവൺമെന്റ് സമൂലമായ മാറ്റങ്ങൾ കൊണ്ടുവരികയും പതിറ്റാണ്ടുകളായി ഇന്ത്യൻ സംസ്കാരവുമായി പ്രത്യേക സഹവർത്തിത്വം പുലർത്തിയിരുന്ന സഹകരണ മേഖലക്ക് പുതിയ ഊർജം പകരുകയും ചെയ്തിട്ടുണ്ട്. തൽഫലമായി, സഹകരണാധിഷ്ഠിത സാമ്പത്തിക മാതൃക ഇന്ത്യയുടെ വളർച്ചയുടെ പ്രധാന ചാലകശക്തിയായി മാറി. അതിലൂടെ, 2047ൽ വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാകും | 12-31



150ാം വർഷത്തിൽ വന്ദേമാതരം അനുസ്മരിക്കുമ്പോൾ

**വന്ദേമാതരം...**
**സ്വാതന്ത്ര്യ സമരസേനാനികളുടെ ഗീതം**



വന്ദേമാതരത്തിന്റെ 150–ാം വർഷം. ഒരു വർഷം നീളുന്ന അനുസ്മരണ പരിപാടികൾക്കു തുടക്കം 10-11

**ഭീകരത വച്ചുപൊറുപ്പിക്കില്ല**
**ഗൂഢാലോചനക്കാരെ വെറുതെ വിടില്ല...**



ഭീകരതയ്ക്കെതിരായ പ്രധാനമന്ത്രി മോദിയുടെ ശക്തമായ സന്ദേശം |8-9

**വാർത്തകൾ ചുരുക്കത്തിൽ** |4-5

**വ്യക്തിത്വം: നന്ദലാൽ ബോസ്**
ഭരണഘടനയുടെ താളുകളിൽ ഇന്ത്യയുടെ സ്വത്വം സന്നിവേശിപ്പിച്ചു |6-7

**ഗോത്രക്ഷേമം കേന്ദ്രഗവൺമെന്റിന്റെ പ്രധാന മുൻഗണന**
ഭഗവാൻ ബിർസ മുണ്ഡയുടെ 150–ാം ജന്മവാർഷികത്തിൽ പ്രധാനമന്ത്രിയുടെ അഭിസംബോധന |32-33

**അന്താരാഷ്ട്ര ഭിന്നശേഷി ദിനം– ഡിസംബർ 3**
പിന്തുണയിൽ നിന്നു സ്വയംപര്യാപ്തതയിലേക്ക് |34-35

**NALSA യുടെ 20–ാം ദേശീയ സമ്മേളനം**
ഏവർക്കും നീതി ലഭ്യമാക്കുക എന്നതാണ് സാമൂഹ്യനീതിയുടെ അടിത്തറ |36-37

**പ്രധാനമന്ത്രി മോദി 4 പുതിയ വന്ദേ ഭാരത് ട്രെയിനുകൾ ഫ്ളാഗ് ഓഫ് ചെയ്തു**
164+ പുതിയ വന്ദേ ഭാരത് ട്രെയിനുകൾ ഇന്ത്യയിലുടനീളം സർവീസ് ആരംഭിക്കുന്നു |38-39

**'ദേവഭൂമി ഉത്തരാഖണ്ഡ്': ഇന്ത്യയുടെ ആത്മീയ ജീവിതത്തിന്റെ ഹൃദയമിടിപ്പ്**
ഉത്തരാഖണ്ഡിന്റെ രജതജൂബിലിയിൽ പ്രധാനമന്ത്രി മോദി നടത്തിയ അഭിസംബോധന |40-41

**ഏതു ദുരന്തത്തിലും സുരക്ഷിതമായിരിക്കുന്ന ആണവോർജ നിലയങ്ങൾ**
ആണവോർജത്തെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ട് |42-43

**പുതിയ ഇന്ത്യയുടെ കായിക മനോഭാവത്തിന്റെ പ്രതീകം**
വനിത ലോകകപ്പ് ചാമ്പ്യന്മാരുമായി പ്രധാനമന്ത്രി മോദിയുടെ ആശയവിനിമയം |44-45

**കേന്ദ്രമന്ത്രിസഭ യോഗ തീരുമാനങ്ങൾ**
സ്വയംപര്യാപ്തതയ്ക്കായുള്ള കയറ്റുമതി ദൗത്യത്തിന് അംഗീകാരം |48



**ഇന്ത്യയും ഭൂട്ടാനും അതിർത്തികൾ കൂട്ടിയിണക്കുന്നു, സംസ്കാരം പങ്കുവയ്ക്കുന്നു**
പ്രധാനമന്ത്രി മോദിയുടെ രണ്ടുദിവസത്തെ ഭൂട്ടാൻ സന്ദർശനം | 46-47



**Published & Printed By:** Kanchan Prasad, Director General, on behalf of Central Bureau Of Communication.
**Printed At:** Kaveri Print Process Pvt. Ltd. A-104, Sec-65, Noida-201301 U.P.
**Communication Address:** Room No–1077, Soochna Bhawan, CGO Complex, New Delhi-110003.
**e-mail:** response-nis@pib.gov.in, **RNI No.:** DELMAL/2020/78826

# പത്രാധിപക്കുറിപ്പ്...

## ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്ന സഹകരണ സ്ഥാപനങ്ങൾ

**നമസ്കാരം,**

സാമൂഹ്യ-സാമ്പത്തിക അഭിവൃദ്ധി പ്രോത്സാഹിപ്പിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യയുടെ ജനാധിപത്യ ഘടനയെ ശക്തിപ്പെടുത്തുക മാത്രമല്ല അവ ചെയ്യുന്നത്. സമൂഹത്തിലെ ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനും അവർക്ക് മികച്ച തൊഴിലവസരങ്ങൾ നൽകുന്നതിനും സാമൂഹ്യ- സാമ്പത്തിക ഉൾപ്പെടുത്തൽ കൈവരിക്കുന്നതിനുമുള്ള ശക്തമായ ഉപകരണമായും അവ പ്രവർത്തിക്കുന്നു.

സ്വാതന്ത്ര്യത്തിന് മുമ്പുള്ള സാമ്പത്തിക പ്രസ്ഥാനത്തിൽ പ്രധാന പങ്ക് വഹിച്ച, ദീർഘവും സമ്പന്നവുമായ പാരമ്പര്യമാണ് രാജ്യത്തെ സഹകരണ സ്ഥാപനങ്ങൾക്കുള്ളത്. 2021-ൽ സഹകരണ മന്ത്രാലയം സ്ഥാപിതമായത് ഈ മേഖലയെ പുനരുജ്ജീവിപ്പിച്ചു. ഇന്ന്, ഇന്ത്യയിൽ 8,44,000-ത്തിലധികം സഹകരണ സംഘങ്ങളും 300 ദശലക്ഷത്തിലധികം അംഗങ്ങളുമുണ്ട്. രാജ്യത്തെ സഹകരണഭൂമിക കരുത്താർജിക്കുകയാണ്. ഇത് ഇന്ത്യയെ 5 ട്രില്യൺ ഡോളർ സമ്പദ്വ്യവസ്ഥ എന്ന ലക്ഷ്യത്തിലേക്ക് നയിക്കുന്ന പുതിയ സാമ്പത്തിക മാതൃകയെ വളർത്തിയെടുക്കുന്നു. അതുവഴി രാജ്യത്തിന്റെ വികസനഗതിക്കു വേഗം പകരുന്നു.

സഹകരണ മന്ത്രാലയം സ്ഥാപിതമായതിന് ശേഷമുള്ള നാലര വർഷത്തിനുള്ളിൽ, 100-ലധികം ഭരണപരവും നയപരവുമായ സംരംഭങ്ങളിലൂടെ ഈ മേഖലയ്ക്ക് ഉത്തേജനം ലഭിച്ചു. People (ജനത), Platform (പ്ലാറ്റ്ഫോം), PACS (പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ), Policy (നയം), Prosperity (സമൃദ്ധി) എന്നീ 'അഞ്ച് പി'-കളെ (5 Ps)അടിസ്ഥാനമാക്കിയുള്ള ഈ സംരംഭം ഇന്ത്യയുടെ സഹകരണ പ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിച്ചു. "സഹകരണത്തിലൂടെ സമൃദ്ധി" എന്ന തത്വത്താൽ നയിക്കപ്പെടുന്ന സഹകരണ മേഖല ഇന്ത്യയുടെ ഭാഗധേയം രൂപപ്പെടുത്തുന്നു. ഐക്യരാഷ്ട്രസഭ 2025-നെ സഹകരണ സ്ഥാപനങ്ങളുടെ അന്താരാഷ്ട്ര വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്.

അടുത്തിടെ, ഇന്ത്യയിൽ നിന്നുള്ള രണ്ട് സഹകരണ സ്ഥാപനങ്ങളായ അമുലും ഇഫ്കോയും ലോകത്തിലെ മികച്ച 10 സഹകരണ സ്ഥാപനങ്ങളിൽ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. 1946-ൽ, ഡിസംബർ 14-നാണ് അമുൽ എന്നറിയപ്പെടുന്ന സഹകരണ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടത്. ഈ പശ്ചാത്തലത്തിൽ, "സഹകരണത്തിലൂടെ സമൃദ്ധി" എന്ന വിഷയമാണ് ഈ ലക്കത്തിന്റെ കവർ സ്റ്റോറി.

വ്യക്തിത്വ വിഭാഗത്തിൽ, ഇന്ത്യയുടെ കലാരംഗത്തെ ഇതിഹാസം നന്ദലാൽ ബോസിനെക്കുറിച്ച് വായിക്കാം. ഐസിസി വനിതാ ലോകകപ്പ് ചാമ്പ്യന്മാരുമായുള്ള പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആശയവിനിമയവും ഡൽഹി സ്ഫോടനത്തോടുള്ള അദ്ദേഹത്തിന്റെ കർശനമായ നിലപാടുമാണ് ഈ ലക്കത്തിന്റെ മറ്റ് പ്രധാന സവിശേഷതകൾ. ഇതോടൊപ്പം, അന്താരാഷ്ട്ര ഭിന്നശേഷി ദിനം, ആണവോർജം, കേന്ദ്രമന്ത്രിസഭ യോഗതീരുമാനങ്ങൾ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ടാഴ്ചത്തെ പരിപാടികൾ എന്നിവയെക്കുറിച്ചുള്ള പ്രത്യേക ഉള്ളടക്കവും ഈ ലക്കത്തിന്റെ ഭാഗമാണ്.

കൂടാതെ, 2025-ലെ ബിഹാർ നിയമസഭ തെരഞ്ഞെടുപ്പ് ഫലങ്ങളെക്കുറിച്ചുള്ള പ്രത്യേക ഉള്ളടക്കം ഉൾക്കവറിലും, ഡിസംബർ 6 ന് ആഘോഷിച്ച ബാബാ സാഹിബ് ഡോ. ഭീംറാവു അംബേദ്കറുടെ 70-ാമത് മഹാപരിനിർവാൺ ദിവസത്തെക്കുറിച്ചുള്ള ഉള്ളടക്കം മാഗസിന്റെ പിൻകവറിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

***നിങ്ങളുടെ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയക്കുക.***

**(ധീരേന്ദ്ര ഓഝ)**

ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.
https://newindiasamachar.pib.gov.in/

# എഴുത്തുപെട്ടി




### ഗവണ്മെന്റ് നയങ്ങൾ മനസ്സിലാക്കുന്നതിനുള്ള അമൂല്യമായ ഉറവിടം

അടുത്തിടെ, എനിക്ക് ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വായിക്കാൻ അവസരം ലഭിച്ചു. ഈ മാഗസിൻ പല തരത്തിൽ സവിശേഷമാണ്. ഗവൺമെന്റ് നയങ്ങൾ മനസ്സിലാക്കുന്നതിനുള്ള വളരെ വിലപ്പെട്ട സ്രോതസാണിത്. പുതിയ നയങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ, വികസനം, മറ്റ് നിരവധി ഗവൺമെന്റ് സംരംഭങ്ങൾ എന്നിവയെക്കുറിച്ചുള്ള ഉപയോഗപ്രദവും വസ്തുതാപരവുമായ വിവരങ്ങൾ ഇത് നൽകുന്നു.
**amit.tiwari9911@gmail.com**

### മാഗസിന്റെ ഓരോ ലക്കവും പുതിയ കാര്യങ്ങൾ പഠിപ്പിക്കുന്നു

ന്യൂ ഇന്ത്യ സമാചാർ മാഗസിനിലൂടെ, ഇന്ത്യയിലും വിദേശത്തും നടക്കുന്ന എല്ലാ സംഭവങ്ങളെക്കുറിച്ചും ഞാൻ അറിയുന്നു. ഓരോ ലക്കത്തിൽ നിന്നും ഞാൻ പുതിയ എന്തെങ്കിലും കാര്യം പഠിക്കുന്നു. മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ന്യൂ ഇന്ത്യ സമാചാർ മാഗസിന്റെ ലേഖനങ്ങൾ ഉപയോഗപ്രദമാണ്. അതിന്റെ കുറ്റമറ്റ ഉള്ളടക്കവും ഉൾക്കാഴ്ചകളും സമകാലിക കാര്യങ്ങളെക്കുറിച്ച് സമഗ്രമായ ധാരണ വികസിപ്പിക്കാൻ എന്നെ സഹായിച്ചു.
**dinesh_dubey1977@rediffmail.com**

### രാജ്യത്തിന്റെ വികസനത്തെക്കുറിച്ചുള്ള വിവരങ്ങളുടെ കലവറ

ന്യൂ ഇന്ത്യ സമാചാർ മാഗസിൻ വായിക്കുന്നതും രാജ്യത്തിന്റെ പുരോഗതിയുടെ യാത്രയിൽ പുതിയ വിവരങ്ങൾ അറിയുന്നതും സന്തോഷകരമാണ്. ഇത് വളരെ വിജ്ഞാനപ്രദമായ ഒരു മാഗസിനാണ്. രാജ്യത്തിന്റെ വികസനത്തെക്കുറിച്ചുള്ള ധാരാളം വിവരങ്ങൾ ഇത് നൽകുന്നു. അതിശയിപ്പിക്കുന്ന ശൈലിയിലാണ് ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നത്; ഒപ്പം മികച്ച രൂപകൽപ്പനയും.
**purshottam.79fzd@gmail.com**

### വിലപ്പെട്ട വിവരങ്ങളോടൊപ്പം ശരിയായ മാർഗനിർദേശവും

രണ്ടാഴ്ചയിലൊരിക്കൽ വരുന്ന 'ന്യൂ ഇന്ത്യ സമാചാർ' എന്ന മാഗസിനായി ഞാൻ എപ്പോഴും കാത്തിരിക്കുന്നു. ഈ മാഗസിൻ നന്നായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ഉള്ളടക്കം വിലപ്പെട്ട വിവരങ്ങൾ നൽകുകയും ഇന്ത്യാഗവണ്മെന്റിന്റെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ച് എന്നെ അറിയിക്കുകയും ചെയ്യുന്നു. ഈ മാഗസിൻ നമ്മെ നമ്മുടെ രാജ്യവുമായി കൂട്ടിയിണക്കുകയും ഊർജ്ജം നൽകുകയും ശരിയായ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുന്നു.
**pandittaarun@gmail.com**

### വികസനത്തിന്റെ വേഗത കൃത്യമായി വിലയിരുത്തുന്നതിൽ സഹായകം

ന്യൂ ഇന്ത്യ സമാചാർ മികച്ച മാഗസിനാണ്. അതിന്റെ ഏറ്റവും പുതിയ ലക്കം പ്രധാനപ്പെട്ട വിവരങ്ങളാൽ നിറഞ്ഞിരുന്നു. കവർ സ്റ്റോറി വളരെ ഉൾക്കാഴ്ച നൽകുന്നതായിരുന്നു. മറ്റ് ലേഖനങ്ങളും അതുപോലെ വിജ്ഞാനപ്രദമാണ്. ഈ മാഗസിനിലെ സ്ഥിതിവിവരക്കണക്കുകളും വസ്തുതകളും കൃത്യമായ വിവരങ്ങൾ നൽകുന്നു. ഇത് വികസനത്തിന്റെ വേഗത കൃത്യമായി വിലയിരുത്താൻ സഹായിക്കുന്നു.
**anjuranip79@gmail.com**

ആശയവിനിമയത്തിനുള്ള വിലാസം: 1077-ാം നമ്പർ മുറി, സൂചന ഭവൻ, സിജിഒ സമുച്ചയം, ന്യൂഡൽഹി - 110003.
ഇ-മെയിൽ: **response-nis@pib.gov.in**

എല്ലാ ശനി-ഞായർ ദിവസങ്ങളിലും ഉച്ചകഴിഞ്ഞ് 3.10 മുതൽ 3.25 വരെ ആകാശവാണി എഫ്എം ഗോൾഡിൽ ന്യൂ ഇന്ത്യ സമാചാർ കേൾക്കാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ
आकाशवाणी समाचार
Akashvani

# വാർത്തകൾ ഒറ്റനോട്ടത്തിൽ

## ക്യൂഎസ് ഏഷ്യ സർവകലാശാല റാങ്കിങ്ങിൽ തിളങ്ങി ഇന്ത്യ

ക്യുഎസ് ഏഷ്യ സർവകലാശാല റാങ്കിങ്ങിൽ ഇന്ത്യൻ സർവകലാശാലകളുടെ എണ്ണത്തിൽ 1125% എന്ന റെക്കോർഡ് വളർച്ച രേഖപ്പെടുത്തി. 2016-ൽ രാജ്യത്തുടനീളമുള്ള 24 സർവകലാശാലകൾ പട്ടികയിൽ ഉൾപ്പെട്ടിരുന്നെങ്കിൽ, 2026-ലെ റാങ്കിങ്ങിൽ ഇത് 294 ആയി ഉയർന്നു. പട്ടികപ്രകാരം, ഏഷ്യയിലെ മികച്ച 10 സർവകലാശാലകളിൽ അഞ്ചെണ്ണവും മികച്ച 50 സർവകലാശാലകളിൽ 28 എണ്ണവും ഇന്ത്യൻ സർവകലാശാലകളാണ്. ഇന്ത്യ ഇപ്പോൾ ഏഷ്യയുടെ “ഗവേഷണമഹാശക്തിയായി” മാറുകയാണ്. കൂടാതെ ദേശീയ വിദ്യാഭ്യാസ നയത്തിന് കീഴിൽ ആധുനിക വിദ്യാഭ്യാസം, ഗവേഷണം, നൂതനാശയം എന്നിവയിലൂടെ സർവകലാശാലകൾ ആഗോളതലത്തിൽ പുതിയ മുദ്ര പതിപ്പിക്കുകയാണ്. കഴിഞ്ഞ ദശകത്തിൽ റാങ്കിങ്ങിൽ ഇന്ത്യൻ സർവകലാശാലകളുടെ എണ്ണത്തിലുണ്ടായ റെക്കോർഡ് വർദ്ധനയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. ഗവേഷണത്തിലും നവീകരണത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് നമ്മുടെ യുവജനങ്ങൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ നമ്മുടെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയിലുടനീളം കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ ഈ മേഖലയിൽ സ്ഥാപനപരമായ ശേഷി വളർത്തിയെടുക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.





## സ്വർണനേട്ടത്തോടെ ചരിത്രം സൃഷ്ടിച്ച് സമ്രാട്ട് റാണ



കെയ്റോയിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിങ് ലോക ചാമ്പ്യൻഷിപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ സ്വർണ്ണ മെഡൽ നേടി ഇന്ത്യയുടെ സമ്രാട്ട് റാണ ചരിത്രം സൃഷ്ടിച്ചു. ഈ വിജയത്തോടെ, വ്യക്തിഗത എയർ പിസ്റ്റൾ ലോക കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരനായി റാണ മാറി. പുരുഷന്മാരുടെ 10 മീറ്റർ എയർ പിസ്റ്റൾ ഇനത്തിൽ 243.7 എന്ന സ്കോറോടെയാണു റാണ സ്വർണ്ണ മെഡൽ നേടിയത്. ഇന്ത്യക്കാരനായ വരുൺ തോമർ വെങ്കലം നേടി.

## ബിഹാറിലെ ഗോഗാബിൽ തടാകം റാംസർ പട്ടികയിൽ

പരിസ്ഥിതി സംരക്ഷണത്തിൽ ഇന്ത്യ മറ്റൊരു സുപ്രധാന നാഴികക്കല്ലു പിന്നിട്ടു. രാജ്യത്തെ തണ്ണീർത്തടങ്ങളിലൊന്നായ ഗോഗാബിൽ തടാകത്തിന് റാംസർ മേഖല പദവി ലഭിച്ചു. 86.63 ഹെക്ടറിൽ വ്യാപിച്ചിട്ടുള്ള ഈ തടാകം ബിഹാറിലെ കടിഹാർ ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. ഈ നേട്ടത്തോടെ, ബിഹാർ ഇപ്പോൾ തമിഴ്നാടിനും ഉത്തർപ്രദേശിനും പിന്നാലെ മൂന്നാം സ്ഥാനത്തെത്തി. ഇന്ത്യയാകട്ടെ ഏഷ്യയിൽ ഒന്നാമതും ആഗോളതലത്തിൽ മൂന്നാം സ്ഥാനത്തുമാണ്. കഴിഞ്ഞ 11 വർഷത്തിനുള്ളിൽ 67 പുതിയ മേഖലകൾ കൂടി ചേർത്തതോടെ രാജ്യത്തെ റാംസർ മേഖലകളുടെ എണ്ണം ഇപ്പോൾ 94 ആയി ഉയർന്നു.



## പാഴ്‌വസ്തുക്കളുടെ വിൽപ്പനയിലൂടെ സമാഹരിച്ചത് 4,100 കോടി രൂപ

പ്രത്യേക ശുചീകരണ യജ്ഞത്തിനു കീഴിൽ, സ്പെഷ്യൽ ക്യാമ്പയ്ൻ യജ്ഞം 5.0 പ്രകാരം വിവിധ കേന്ദ്ര ഗവണ്മെന്റ് ഓഫീസുകളിൽ നിന്നുള്ള പാഴ്‌വസ്തുക്കൾ നീക്കം ചെയ്തതിലൂടെ 4,085 കോടിരൂപയിലധികം വരുമാനം നേടി. മാലിന്യം നീക്കം ചെയ്ത് ഗവണ്മെന്റ് ഓഫീസുകൾ വൃത്തിയാക്കുന്നതിനുള്ള ഈ യജ്ഞം ആരംഭിച്ചത് 2021-ലാണ്. കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിങ് പറയുന്നതനുസരിച്ച്, പാഴ്‌വസ്തുക്കൾ വിൽക്കുന്നതിലൂടെ ലഭിക്കുന്ന തുക ബൃഹത്തായ ബഹിരാകാശ ദൗത്യത്തിന്റെയോ നിരവധി ചന്ദ്രയാൻ ബഹിരാകാശ ദൗത്യങ്ങളുടെയോ മൊത്തം ബജറ്റിന് തുല്യമാണ്. പ്രത്യേക ശുചീകരണ യജ്ഞത്തിന്റെ പ്രധാന ഫലം 23.175 ദശലക്ഷം ചതുരശ്ര അടി സ്ഥലം വൃത്തിയാക്കുക എന്നതായിരുന്നു. മുമ്പ് ഇത്രയും സ്ഥലം പാഴ്‌വസ്തുക്കൾ, പഴയ ഫർണിച്ചറുകൾ, മാലിന്യങ്ങൾ എന്നിവയാൽ നിറഞ്ഞിരുന്നു. സാമ്പത്തിക പ്രവർത്തനങ്ങൾക്കായി വലിയ മാളോ മറ്റ് വലിയ ഘടനയോ നിർമിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കാൻ ഈ യജ്ഞത്തിനായി.



## ലഖ്നൗവിന് യുനെസ്കോയുടെ "ക്രിയേറ്റീവ് സിറ്റി ഓഫ് ഗ്യാസ്ട്രോണമി" ബഹുമതി

തനതു കലകൾക്കും സംസ്കാരങ്ങൾക്കും ലോകമെമ്പാടും പ്രശസ്തമായ ലഖ്നൗവിന് യുനെസ്കോയുടെ 'ക്രിയേറ്റീവ് സിറ്റി ഓഫ് ഗ്യാസ്ട്രോണമി' ബഹുമതി. ആഗോളതലത്തിൽ ഇന്ത്യയുടെ കാലാതീതമായ പാരമ്പര്യങ്ങൾക്കും സംസ്കാരത്തിനും മൂല്യങ്ങൾക്കും ലഭിച്ച അഭൂതപൂർവമായ അംഗീകാരത്തെയും ആദരത്തെയും പ്രതിനിധാനം ചെയ്യുന്നതാണ് ഇത്. ഈ ബഹുമതി നഗരത്തിന്റെ തനതു രുചി പൈതൃകത്തിനും സമ്പന്നമായ പാരമ്പര്യങ്ങൾക്കും നൽകുന്ന അസാധാരണ സംഭാവനയെ അടയാളപ്പെടുത്തുന്നു. ഈ അംഗീകാരം ലഖ്നൗവിന്റെ ആഗോള പ്രശസ്തി വർദ്ധിപ്പിച്ചു. ഇപ്പോൾ, ലഖ്നൗവിന്റെ രുചി ലോകമെമ്പാടും എത്തും. യുനെസ്കോ ലഖ്നൗവിനെ 'ക്രിയേറ്റീവ് സിറ്റി ഓഫ് ഗ്യാസ്ട്രോണമി' ആയി പ്രഖ്യാപിച്ചതിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സന്തോഷം പ്രകടിപ്പിച്ചു. "ലഖ്നൗ ഊർജസ്വലമായ സംസ്കാരത്തിന്റെ പര്യായമാണ്. അതിന്റെ കാതൽ മികച്ച പാചക സംസ്കാരമാണ്. ലഖ്നൗവിന്റെ ഈ വശം യുനെസ്കോ അംഗീകരിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ലഖ്നൗ സന്ദർശിച്ച് അതിന്റെ തനിമ കണ്ടെത്താൻ ലോകമെമ്പാടുമുള്ള ജനങ്ങളെ ഞാൻ ക്ഷണിക്കുന്നു" - പ്രധാനമന്ത്രി പറഞ്ഞു.



## "അമൃത് ഫാർമസി"കൾ ഇരട്ടിയാക്കും

താങ്ങാനാകുന്ന നിരക്കിൽ ഗുണമേന്മയുള്ള മരുന്നുകൾ നൽകുക എന്ന ലക്ഷ്യത്തോടെ 2015-ൽ ആരംഭിച്ച "അമൃത് ഫാർമസി" കഴിഞ്ഞ 10 വർഷത്തിനിടെ ദശലക്ഷക്കണക്കിന് രോഗികൾക്ക് 50 മുതൽ 90% വരെ കുറഞ്ഞ നിരക്കിൽ മരുന്നുകളും ഇംപ്ലാന്റുകളും നൽകി. നിലവിൽ രാജ്യത്തുടനീളം 255 അമൃത് ഫാർമസികളുണ്ട്. സമീപഭാവിയിൽ അത് 500 ആയി വർദ്ധിപ്പിക്കാനാണു ലക്ഷ്യമിടുന്നത്. 6.85 കോടിയിലധികം രോഗികൾക്ക് അമൃത് ഫാർമസിയുടെ പ്രയോജനം ലഭിച്ചു. 17,000 കോടിരൂപയിലധികം വിലവരുന്ന മരുന്നുകൾ ഈ രോഗികൾക്ക് വിതരണം ചെയ്തു. അതുവഴി ഏകദേശം 8,400 കോടി രൂപ ലാഭിക്കാൻ കഴിഞ്ഞു. ആരോഗ്യസംരക്ഷണ സംവിധാനത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പൗരന്മാർക്ക് താങ്ങാനാവുന്ന വിലയിൽ മരുന്നുകൾ ലഭ്യമാണെന്ന് ഉറപ്പാക്കാൻ എല്ലാ മെഡിക്കൽ കോളേജുകളിലും എല്ലാ ജില്ലാ ആശുപത്രികളിലും ഒരു അമൃത് ഫാർമസി ഉണ്ടായിരിക്കണമെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ പി നഡ്ഡ പറഞ്ഞു.



# ഭരണഘടനയുടെ താളുകളിൽ ഇന്ത്യയുടെ സ്വത്വം സന്നിവേശിപ്പിച്ചു

*ആധുനിക ഇന്ത്യൻ കലയുടെ പിതാവായി കണക്കാക്കപ്പെടുന്ന ദേശീയവാദിയായ ചിത്രകാരൻ നന്ദലാൽ ബോസ് ഇന്ത്യൻ ചിത്രകലയെ അതിന്റെ മഹത്തായ ഉയരങ്ങളിലേക്ക് കൊണ്ടുപോയി. ബ്രഷ് ഉപയോഗിച്ച് മായാജാലം കാട്ടിയിരുന്ന അദ്ദേഹം ഭരണഘടനയുടെ താളുകളിലെ ചിത്രീകരണങ്ങളിൽ ഇന്ത്യയുടെ സത്ത വരച്ചുകാട്ടി. ഒപ്പം, രാജ്യത്തിന്റെ പരമോന്നത സിവിലിയൻ ബഹുമതികളായ ഭാരതരത്ന, പദ്മശ്രീ എന്നിവയ്ക്കുള്ള രേഖാചിത്രങ്ങൾ രൂപകൽപ്പന ചെയ്തു. അത്തരമൊരു ഇതിഹാസ കലാകാരന്റെ ജന്മവാർഷികത്തിൽ, കൃതജ്ഞതയുള്ള രാഷ്ട്രം അദ്ദേഹത്തിനു ശ്രദ്ധാഞ്ജലിയർപ്പിക്കുന്നു...*



ജനനം: 3 ഡിസംബർ 1882, മരണം: 16 ഏപ്രിൽ 1966

ആധുനിക ഇന്ത്യൻ കലയുടെ വഴികാട്ടിയായ നന്ദലാൽ ബോസ്, അന്താരാഷ്ട്രതലത്തിൽ പ്രശസ്തനായ കലാകാരനായിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ യഥാർഥ കൈയെഴുത്തുപ്രതിയുടെ താളുകളെ ഇന്ത്യയുടെ സവിശേഷതകളാൽ അദ്ദേഹം സമ്പന്നമാക്കി. 221 പേജുള്ള ഈ രേഖയുടെ എല്ലാ താളുകളിലും വരയ്ക്കാൻ സാധ്യമല്ലാത്തതിനാൽ, ഭരണഘടനയുടെ ഓരോ ഭാഗത്തിന്റെയും തുടക്കത്തിൽ അദ്ദേഹം 8x13 ഇഞ്ച് വലിപ്പമുള്ള ചിത്രങ്ങൾ രചിച്ചു. ആകെ 22 ഭാഗങ്ങളുണ്ട്. ഇത് ഇന്ത്യൻ ഭരണഘടനയുടെ ഈ യഥാർഥ പകർപ്പിൽ തന്റെ 22 ചിത്രങ്ങൾ അലങ്കരിക്കാൻ അദ്ദേഹത്തെ അനുവദിച്ചു. ഈ 22 ചിത്രങ്ങൾ പൂർത്തിയാക്കാൻ നാല് വർഷമെടുത്തു. അദ്ദേഹത്തിന്റെ കൃതികൾ ഭരണഘടനയുടെ ചരിത്രപരമായ പ്രാധാന്യം സജീവമായി നിലനിർത്തുക മാത്രമല്ല, ഇന്ത്യൻ സംസ്കാരം, സമ്പന്നമായ ചരിത്രം, മതം, പാരമ്പര്യം, ഉയർന്ന മാനുഷിക മൂല്യങ്ങൾ, ഐക്യം എന്നിവയെക്കുറിച്ചു നമ്മെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

ഭഗവാൻ രാമൻ, ബുദ്ധൻ, മഹാവീരൻ, ഗുരു ഗോവിന്ദ് സിങ്, ഗുരുകുലം, ഭഗവദ്ഗീതയുടെ സന്ദേശം, ശിവാജി, ലക്ഷ്മിഭായി, നാളന്ദ സർവകലാശാല, നടരാജൻ എന്നിങ്ങനെയുള്ള ചിത്രങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ചിത്രങ്ങളിലൂടെ അദ്ദേഹം പൗരന്മാരെ ദേശസ്നേഹം പഠിപ്പിച്ചു. "ദാണ്ഡി യാത്ര", "സാന്താലി കന്യ", "സതിയുടെ ത്യാഗം" എന്നിവ അദ്ദേഹത്തിന്റെ പ്രശസ്ത ചിത്രങ്ങളാണ്. 1930-ൽ ഉപ്പു സത്യാഗ്രഹത്തിനിടെ, വെളുത്ത ലിനോകട്ട് പ്രിന്റിൽ ഗാന്ധിജിയുടെ കറുത്ത ഛായാചിത്രം അദ്ദേഹം സൃഷ്ടിച്ചു. അത് വളരെയധികം പ്രശംസ പിടിച്ചുപറ്റി. 1882 ഡിസംബർ 3-ന് ബിഹാറിലെ മുംഗേർ ജില്ലയിൽ വാസ്തുശിൽപ്പിയായ പൂർണചന്ദ്ര ബോസിന്റെയും ക്ഷേമാണിയുടെയും മകനായാണ് നന്ദലാൽ ബോസ് ജനിച്ചത്. ബംഗാളിലെ ഹൂഗ്ലിയിലായിരുന്നു അദ്ദേഹത്തിന്റെ ജന്മ ഗ്രാമം.

കുട്ടിക്കാലം മുതൽ ശിൽപ്പകലയിലും ചിത്രകലയിലുമുള്ള അദ്ദേഹത്തിന്റെ അതിയായ താല്പര്യം തിരിച്ചറിഞ്ഞ മാതാപിതാക്കൾ അദ്ദേഹത്തെ കൊൽക്കത്തയിലെ ആർട്ട് സ്കൂളിൽ ചേർത്തു. ആധുനിക ഇന്ത്യൻ കലയുടെ അഗ്രഗാമിയായ നന്ദലാൽ ബോസ്, ചിത്രകലയിലും അധ്യാപനത്തിലും നടത്തിയ പ്രവർത്തനങ്ങൾക്ക് പുറമേ, രൂപാവലി, ശിൽപ്പകല, ശിൽപ്പചർച്ച എന്നീ മൂന്ന് പുസ്തകങ്ങളും രചിച്ചു. 1930-ൽ, ദാണ്ഡി യാത്രയ്ക്കിടെ മഹാത്മാഗാന്ധി അറസ്റ്റിലായപ്പോൾ, ഗാന്ധി തന്റെ വടിയുമായി നടക്കുന്നതായി നന്ദലാൽ ബോസ് ഒരു ചിത്രം വരച്ചു. സ്വാതന്ത്ര്യസമരത്തിൽ നന്ദലാൽ ബോസിന്റെ ഇടപെടലിന്റെ തുടക്കം ഇതായിരുന്നു. കലകൾക്ക് നൽകിയ സംഭാവനകൾക്ക് നന്ദലാൽ ബോസിന് പദ്മവിഭൂഷൺ ലഭിച്ചു. അബനീന്ദ്രനാഥ ടാഗോറിന്റെ ശിഷ്യനായിരുന്ന നന്ദലാൽ ബോസ് ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

2019 ഓഗസ്റ്റ് 25-ന് 'മൻ കീ ബാത' പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, നന്ദലാൽ ബോസിനെ അനുസ്മരിച്ചു. ഗുജറാത്തിലെ ഹരിപുരയിൽ (1937-38) നടന്ന കോൺഗ്രസ് സമ്മേളനത്തിന് മുമ്പ്, ശാന്തിനികേതനിലെ കലാഭവനത്തിന്റെ പ്രിൻസിപ്പലായിരുന്ന നന്ദലാൽ ബോസിനെ മഹാത്മാഗാന്ധി ക്ഷണിച്ചിരുന്നുവെന്ന് അദ്ദേഹം പരാമർശിച്ചു. ഇന്ത്യയിലെ ജനങ്ങളുടെ ജീവിതശൈലി കലയിലൂടെ ചിത്രീകരിക്കണമെന്നും സെഷനിൽ ഈ കലാസൃഷ്ടി പ്രദർശിപ്പിക്കണമെന്നും ഗാന്ധിജി ആഗ്രഹിച്ചു
















**നന്ദലാൽ ബോസിന്റെ കലാസൃഷ്ടികൾ നമ്മുടെ ഭരണഘടനയുടെ ഭംഗി വർദ്ധിപ്പിക്കുകയും അതിന് പുതിയ സ്വത്വമേകുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ കലാപരമായ പരിശ്രമങ്ങൾ ഭരണഘടനയോടൊപ്പം നന്ദലാൽ ബോസിനെയും അനശ്വരനാക്കി.**

**- നരേന്ദ്ര മോദി,**
**പ്രധാനമന്ത്രി**



ബോസ് ഹരിപുരയ്ക്ക് ചുറ്റുമുള്ള ഗ്രാമങ്ങൾ സന്ദർശിക്കുകയും ഒടുവിൽ ഗ്രാമീണ ഇന്ത്യയിലെ ജീവിതം ചിത്രീകരിക്കുന്ന ചില കലാരചനകൾ സൃഷ്ടിക്കുകയും ചെയ്തു. 2019-ൽ നടന്ന പ്രശസ്ത കലാപ്രദർശനമായ വെനീസ് ബിനാലെയിൽ ഈ അമൂല്യ സൃഷ്ടികൾ വളരെയധികം ശ്രദ്ധ നേടി.

പിന്നീട്, 2024 ഡിസംബർ 17-ന്, ഇന്ത്യൻ ഭരണഘടനയുടെ 75-ാം വാർഷികത്തോടനുബന്ധിച്ച് രാജ്യസഭയിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായും നന്ദലാൽ ബോസിനെ അനുസ്മരിച്ചു. ലിഖിത ഭരണഘടനയുടെ ആത്മാവിന് അനുസൃതമായി, ഇന്ത്യയുടെ ചരിത്രം, മതം, സംസ്കാരം, പാരമ്പര്യങ്ങൾ, മാനുഷിക മൂല്യങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന വിവിധ സംഭവങ്ങൾ നന്ദലാൽ ബോസ് ചിത്രീകരിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

അദ്ദേഹത്തിന്റെ കലാസൃഷ്ടികളിൽ, ശ്രീരാമൻ, ബുദ്ധൻ, മഹാവീരൻ എന്നിവരുടെ ചിത്രീകരണങ്ങളും ഗുരുകുലത്തിലൂടെ ഇന്ത്യയുടെ പുരാതന വിദ്യാഭ്യാസ സമ്പ്രദായത്തെ അടയാളപ്പെടുത്തുന്ന രംഗങ്ങളും കാണാം. നമ്മുടെ വിദ്യാഭ്യാസ നയം എങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചുള്ള സന്ദേശങ്ങൾ ഈ സൃഷ്ടികൾ നൽകുന്നു. ഭഗവദ്ഗീതയുടെ ചിത്രീകരണങ്ങൾക്കൊപ്പം, ദേശസ്നേഹത്തിന്റെ പാഠങ്ങൾ പഠിപ്പിക്കുന്ന ശിവാജിയുടെയും ലക്ഷ്മിഭായിയുടെയും ചിത്രങ്ങളും അദ്ദേഹം ഉൾപ്പെടുത്തിയിട്ടുണ്ട്. ഗുരുകുലത്തിന്റെ ചിത്രീകരണം പുരാതന പഠന സമ്പ്രദായത്തെ ഓർമ്മിപ്പിക്കുന്നു, അതേസമയം നടരാജന്റെ ചിത്രം ജീവിതത്തിൽ സന്തുലിതാവസ്ഥ എങ്ങനെ നിലനിർത്തണമെന്ന് അടയാളപ്പെടുത്തുന്നു.

കൂടാതെ, 2025 ജനുവരി 26 ന് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ, സാമൂഹ്യനീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ നിശ്ചലദൃശ്യം ഭരണഘടനയുടെ 75 വർഷത്തെ മഹത്തായ യാത്രയെ അവതരിപ്പിച്ചു. നന്ദലാൽ ബോസിന്റെ കലാസൃഷ്ടികൾ ശിൽപ്പ പാനലുകളിൽ പ്രാധാന്യത്തോടെ പ്രദർശിപ്പിച്ചിരുന്നു. 1966 ഏപ്രിൽ 16 ന് നന്ദലാൽ ബോസ് അന്തരിച്ചു.



# ഭീകരത വച്ചുപൊറുപ്പിക്കില്ല ഗൂഢാലോചനക്കാരെ വെറുതെ വിടില്ല...

*ദേശീയ സുരക്ഷയ്ക്കും ഓരോ പൗരന്റെയും സുരക്ഷയ്ക്കും വേണ്ടിയുള്ള പ്രതിജ്ഞാബദ്ധത പാലിച്ച്, കേന്ദ്ര ഗവണ്മെന്റ് ഭീകരവാദത്തിനെതിരെ ശക്തമായ സന്ദേശം നൽകിയിട്ടുണ്ട്. നവംബർ 10 ന് വൈകുന്നേരം ഡൽഹിയിലെ ചുവപ്പുകോട്ടയ്ക്ക് സമീപം നടന്ന ഭീകരാക്രമണത്തിനെതിരെ രാഷ്ട്രം ഒറ്റക്കെട്ടായി നിലകൊള്ളുകയാണ്. ലോകവും ഇന്ത്യക്കു പിന്തുണ അറിയിച്ചു. ഈ ഭീരുത്വം നിറഞ്ഞതും നിന്ദ്യവുമായ പ്രവൃത്തിയോട് സഹിഷ്ണുതയില്ലാത്ത നയം ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞതിങ്ങനെ: "ഈ ഗൂഢാലോചനയ്ക്ക് പിന്നിലുള്ളവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരും!"*

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ സഹിഷ്ണുതാരഹിതനയം വ്യക്തമാണ്. ഇന്ത്യ സമാധാനത്തിന് വേണ്ടി വാദിക്കുന്നു. യുദ്ധം ആഗ്രഹിക്കുന്നില്ല. പക്ഷേ, ഭീകരവാദം ഭീഷണിയാകാൻ ഇന്ത്യ അനുവദിക്കില്ല. കഴിഞ്ഞ 11 വർഷത്തിനിടെ ഭീകരവാദത്തിനെതിരെ നടന്ന മൂന്ന് പ്രധാന ആക്രമണങ്ങൾ- ഉറി മിന്നലാക്രമണം, ഓപ്പറേഷൻ ബാലാകോട്ട്, ഓപ്പറേഷൻ സിന്ദൂർ- ആ ദൃഢനിശ്ചയത്തിനും പ്രതിജ്ഞാബദ്ധതയ്ക്കും തെളിവാണ്. ഇന്ത്യയുടെ സുരക്ഷയെയും പരമാധികാരത്തെയും ഭീകരർ വെല്ലുവിളിച്ചപ്പോഴെല്ലാം, ഇന്ത്യയിലെ 1.4 ശതകോടി പൗരന്മാർ ഒറ്റക്കെട്ടായി പ്രതികരിച്ചിട്ടുണ്ട്. ഇപ്പോൾ, ഡൽഹിയിലെ ചുവപ്പുകോട്ടയ്ക്ക് സമീപം നടന്ന ഭീരുത്വം നിറഞ്ഞ ഭീകരപ്രവർത്തനത്തോട് വളരെ സംയമനത്തോടെയുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. എല്ലാ വശങ്ങളുടെയും സമഗ്രമായ അന്വേഷണത്തിന് ശേഷം, കേസിന്റെ കൂടുതൽ അന്വേഷണം ദേശീയ അന്വേഷണ ഏജൻസിക്ക് (എൻഐഎ) കൈമാറി.

ഭൂട്ടാനിൽനിന്ന് മടങ്ങിയെത്തിയ ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്രമന്ത്രിസഭായോഗത്തിൽ അധ്യക്ഷത വഹിച്ചു. 2025 നവംബർ 10-ന് വൈകുന്നേരം ഡൽഹിയിലെ ചുവപ്പുകോട്ടയ്ക്ക് സമീപം നടന്ന കാർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടവർക്ക് മന്ത്രിസഭ അഗാധമായ ദുഃഖം രേഖപ്പെടുത്തി. മരിച്ചവരുടെ സ്മരണയ്ക്കായി മന്ത്രിസഭ രണ്ട് മിനിറ്റ് മൗനം ആചരിച്ചു.

## യോഗത്തിൽ പാസാക്കിയ പ്രമേയങ്ങൾ

- 2025 നവംബർ 10-ന് വൈകുന്നേരം ചുവപ്പുകോട്ടയ്ക്ക് സമീപം കാർ സ്ഫോടനത്തിലൂടെ ദേശവിരുദ്ധ ശക്തികൾ നടത്തിയ ഹീനമായ ഭീകരാക്രമണത്തിന് രാജ്യം സാക്ഷ്യം വഹിച്ചു. സ്ഫോടനത്തിൽ നിരവധി പേർ മരിക്കുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്തു.
- ഈ വിവേകശൂന്യമായ അക്രമത്തിന്റെ ഇരകൾക്ക് മന്ത്രിസഭ ആദരാഞ്ജലി അർപ്പിക്കുകയും ദുഃഖിതരായ കുടുംബങ്ങൾക്ക് ഹൃദയംഗമമായ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.
- പരിക്കേറ്റ എല്ലാവരും വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്ന് മന്ത്രിസഭ പ്രാർത്ഥിക്കുകയും ഇരകൾക്ക് പരിചരണവും പിന്തുണയും നൽകുന്ന മെഡിക്കൽ ജീവനക്കാരുടെയും അടിയന്തര പ്രതികരണക്കാരുടെയും സമയബന്ധിതമായ ശ്രമങ്ങളെ അഭിനന്ദിക്കുകയും ചെയ്യുന്നു.
- നിരപരാധികളുടെ ജീവൻ നഷ്ടപ്പെടുന്നതിലേക്ക് നയിച്ച ഈ നിന്ദ്യവും ഭീരുത്വപരവുമായ പ്രവൃത്തിയെ മന്ത്രിസഭ ശക്തമായി അപലപിക്കുന്നു.
- എല്ലാ രൂപങ്ങളിലുമുള്ള ഭീകരതയോടും അതിന്റെ ആവിഷ്കാരത്തോടുമുള്ള സഹിഷ്ണുതാരഹിതനയത്തിൽ ഇന്ത്യയുടെ അചഞ്ചലമായ പ്രതിജ്ഞാബദ്ധത മന്ത്രിസഭ ആവർത്തിക്കുന്നു.
- ലോകമെമ്പാടുമുള്ള നിരവധി ഗവണ്മെന്റുകളിൽ നിന്നുള്ള ഐക്യദാർഢ്യത്തിന്റെയും പിന്തുണയുടെയും പ്രസ്താവനകൾക്ക് മന്ത്രിസഭ നന്ദി രേഖപ്പെടുത്തി.
- പ്രതികൂല സാഹചര്യങ്ങളിൽ ധൈര്യത്തോടെയും അനുകമ്പയോടെയും പ്രവർത്തിച്ച അധികാരികളുടെയും സുരക്ഷാ ഏജൻസികളുടെയും പൗരന്മാരുടെയും സമയോചിതവും ഏകോപിതവുമായ പ്രതികരണത്തെ മന്ത്രിസഭ അഭിനന്ദിക്കുന്നു. അവരുടെ സമർപ്പണവും കർത്തവ്യബോധവും വളരെയധികം പ്രശംസനീയമാണ്.
- കുറ്റവാളികളെയും അവരുമായി സഹകരിച്ചവരെയും അവർക്കു പിന്തുണയേകിയവരെയും തിരിച്ചറിയുകയും കാലതാമസമില്ലാതെ നീതിപീഠത്തിന് മുന്നിൽ കൊണ്ടുവരികയും ചെയ്യുന്നതിനായി സംഭവത്തെക്കുറിച്ചുള്ള അന്വേഷണം ഏറ്റവും അടിയന്തിരമായും പ്രൊഫഷണലിസത്തോടെയും തുടരണമെന്ന് മന്ത്രിസഭ നിർദ്ദേശിക്കുന്നു. ഗവണ്മെന്റിന്റെ ഉന്നത തലങ്ങളിൽ സ്ഥിതിഗതികൾ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്.
- ദേശീയ സുരക്ഷയ്ക്കും ഓരോ പൗരന്റെയും സുരക്ഷയ്ക്കുമുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് അനുസൃതമായി, എല്ലാ ഇന്ത്യക്കാരുടെയും ജീവനും ക്ഷേമവും സംരക്ഷിക്കാനുള്ള ഗവണ്മെന്റിന്റെ ദൃഢനിശ്ചയം മന്ത്രിസഭ വീണ്ടും ഉറപ്പിക്കുന്നു.








**ഈ ഗൂഢാലോചനയുടെ അടിത്തട്ടിലേക്ക് ഞങ്ങളുടെ ഏജൻസികൾ എത്തും, ഇതിന് പിന്നിലെ കുറ്റവാളികളെ വെറുതെ വിടില്ല.**

**നരേന്ദ്ര മോദി,** പ്രധാനമന്ത്രി
*(ഭൂട്ടാനിലെ ഒരു പരിപാടിയിൽ സംസാരിച്ചത്)*

നവംബർ 10-ന് വൈകുന്നേരം ഡൽഹിയിൽ നടന്ന ഭീകരാക്രമണത്തെക്കുറിച്ചുള്ള വിവരം ലഭിച്ച ഉടൻ, ഡൽഹി പൊലീസ് സ്പെഷ്യൽ സെൽ, ക്രൈം ബ്രാഞ്ച്, എൻഐഎ, എൻഎസ്ജി, ഫോറൻസിക് സയൻസ് (എഫ്എസ്എൽ) എന്നിവയിൽ നിന്നുള്ള സംഘങ്ങൾ സ്ഥലത്തെത്തി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉടൻ തന്നെ ചുമതലയേറ്റെടുക്കുകയും സംഭവത്തെക്കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അറിയിക്കുകയും ചെയ്തു. സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി, സംഭവം എല്ലാ കോണുകളിൽ നിന്നും അന്വേഷിക്കുന്നുണ്ടെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ വ്യക്തമാക്കി. പരിക്കേറ്റവരെ കാണാൻ ആഭ്യന്തരമന്ത്രി ഉടൻ തന്നെ ആശുപത്രിയിലെത്തി, അവിടെ നിന്ന് നേരിട്ട് സ്ഥലം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. ഭൂട്ടാനിൽ നിന്ന് മടങ്ങിയെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദി പരിക്കേറ്റവരെ നേരിട്ട് ആശുപത്രിയിൽ പോയി കാണുകയും കുറ്റവാളികൾക്ക് കടുത്ത ശിക്ഷ ലഭിക്കുമെന്ന് ആവർത്തിക്കുകയും ചെയ്തു. ●

വന്ദേമാതരത്തിന്റെ 150–ാം വർഷങ്ങൾ അനുസ്മരിക്കുന്നു

# വന്ദേമാതരം...

## സ്വാതന്ത്ര്യ സമരസേനാനികളുടെ ഗീതം

*വന്ദേമാതരം "അമ്മേ, ഞാൻ നിന്നെ വണങ്ങുന്നു" – ഈ വാക്കുകൾ മന്ത്രവും ഊർജവും ഗൗരവമേറിയ ദൃഢനിശ്ചയവുമാണ്. ഇത് നമ്മുടെ വർത്തമാനകാലത്തെ ആത്മവിശ്വാസം കൊണ്ട് നിറയ്ക്കുന്നു; ഒപ്പം, ഇന്ത്യക്കാർക്ക് നേടാൻ കഴിയാത്ത ലക്ഷ്യങ്ങളോ ദൃഢനിശ്ചയങ്ങളോ ഇല്ല എന്ന വിശ്വാസത്തോടെ ഭാവിക്കായി പുതിയ ധൈര്യം നൽകുന്നു. ചെറുത്തുനിൽപ്പിന്റെയും ദേശസ്നേഹത്തിന്റെയും പ്രതീകമായ വന്ദേമാതരത്തിന്റെ 150–ാം വാർഷികാഘോഷങ്ങളും ഒരു വർഷം നീളുന്ന അനുസ്മരണ പരിപാടിയും നവംബർ 7 ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു...*

ഐക്യത്തിന്റെയും ചെറുത്തുനിൽപ്പിന്റെയും നാടിന്റെ പെരുമയുടെയും ശാശ്വത പൈതൃകമായ വന്ദേമാതരത്തിന്റെ 150–ാം വാർഷികം 2026 നവംബർ 7 വരെ ആഘോഷിക്കും. 2025 നവംബർ 7 മുതൽ രാജ്യമെമ്പാടും ഈ ഗാനത്തിന്റെ പ്രാധാന്യത്തെ അനുസ്മരിക്കുന്ന നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ്. പ്രധാന പരിപാടിയോടൊപ്പം, രാജ്യവ്യാപകമായി പൊതുസ്ഥലങ്ങളിൽ "വന്ദേമാതര"ത്തിന്റെ പൂർണരൂപം കൂട്ടമായി ആലപിച്ചു. ഇന്നത്തെ ഇന്ത്യയ്ക്കായി വന്ദേമാതരത്തിന്റെ ആത്മാവിനെ പുനരുജ്ജീവിപ്പിക്കാനും, രാജ്യത്തിന്റെ മഹത്തായ ഭൂതകാലത്തെ, ഏകീകൃതവും സ്വയംപര്യാപ്തവും സാംസ്കാരികമായി സമ്പന്നവുമായ ഭാവിക്കായുള്ള അഭിലാഷങ്ങളുമായി കൂട്ടിയിണക്കാനും ഈ ആഘോഷങ്ങൾ ശ്രമിക്കുന്നു. ഇന്ത്യാഗവൺമെന്റ് നാല് ഘട്ടങ്ങളിലായാണ് ഈ ഉത്സവം ആഘോഷിക്കുന്നത്.

ഒരു വർഷം നീളുന്ന അനുസ്മരണ പരിപാടി ഉദ്ഘാടനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി നൽകിയ സന്ദേശമിതാണ്: രാഷ്ട്രത്തെ ഭൗമരാഷ്ട്രീയ അസ്തിത്വമായി മാത്രം കാണുന്നവർക്ക് 'മാതാവ്' എന്ന ആശയം അതിശയകരമായി തോന്നാമെങ്കിലും, ഇന്ത്യ വ്യത്യസ്തമാണ്. ഇന്ത്യയിൽ, 'മാതാവ്' എന്നത് കുട്ടിക്ക് ജന്മമേകുകയും പോറ്റിവളർത്തുകയും കുട്ടിക്ക് ആവശ്യം വരുമ്പോൾ എല്ലാ പ്രതികൂല സാഹചര്യങ്ങൾക്കും അപ്പുറത്തേക്ക് ഉയരുകയും ചെയ്യുന്നവളാണ്. പ്രതികൂല സാഹചര്യങ്ങളിൽ നമ്മെ നയിക്കുകയും നമ്മുടെ ശത്രുക്കളെ നശിപ്പിക്കുകയും ചെയ്യുന്ന ഭാരതമാതാവിന് അപാരമായ ശക്തിയുണ്ട്. രാഷ്ട്രത്തെ അമ്മയായും, അമ്മയെ ശക്തിയുടെ ദിവ്യരൂപമായും കാണുന്ന ഈ ആശയം, സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തം തേടിയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് പ്രചോദനം നൽകി.





## വന്ദേമാതരം ദേശീയ ഗീതമായത് ഇങ്ങനെ

ഇന്ത്യയുടെ ദേശീയ ഗീതമാണ് വന്ദേമാതരം... അനശ്വരമായ ദേശീയ ഗീതമെന്ന നിലയിൽ ഈ രചന, അസംഖ്യം തലമുറകളിലെ സ്വാതന്ത്ര്യ സമര സേനാനികളെയും രാഷ്ട്രസ്രഷ്ടാക്കളെയും പ്രചോദിപ്പിച്ചിട്ടുണ്ട്. ദേശീയ സ്വത്വത്തിന്റെയും കൂട്ടായ മനോഭാവത്തിന്റെയും ശാശ്വത പ്രതീകമാണിത്. 1875 നവംബർ 7 ന് ബംഗദർശൻ എന്ന സാഹിത്യ മാസികയിലാണ് 'വന്ദേമാതരം' ആദ്യമായി പ്രസിദ്ധീകരിച്ചത്. പിന്നീട്, അതിന്റെ രചയിതാവായ ബങ്കിം ചന്ദ്ര ചാറ്റർജി തന്റെ 'ആനന്ദമഠം' എന്ന നോവലിൽ ഇത് ഉൾപ്പെടുത്തി. രവീന്ദ്രനാഥ ടാഗോർ ഇതിന് സംഗീതം നൽകി. 1950 ജനുവരി 24-ന് ഡോ. രാജേന്ദ്ര പ്രസാദ് ഭരണഘടനാ അസംബ്ലിയിൽ ഒരു പ്രസ്താവന നടത്തി: "ജന ഗണ മന" എന്ന വാക്കും സംഗീതവും ഉൾപ്പെട്ട രചന, സന്ദർഭത്തിനനുസരിച്ച് ഗവൺമെന്റ് അംഗീകരിച്ചേക്കാവുന്ന മാറ്റങ്ങൾക്ക് വിധേയമായി, ഇന്ത്യയുടെ ദേശീയ ഗാനമായിരിക്കും; ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ചരിത്രപരമായ പങ്കുവഹിച്ച 'വന്ദേമാതരം' എന്ന ഗാനം ജന ഗണ മനയ്ക്ക് തുല്യമായി ആദരിക്കപ്പെടുകയും അതിനൊപ്പം തുല്യ പദവി ഉണ്ടായിരിക്കുകയും ചെയ്യും. ഇത് അംഗങ്ങളെ തൃപ്തിപ്പെടുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു."അദ്ദേഹത്തിന്റെ പ്രസ്താവന അംഗീകരിക്കപ്പെട്ടു. രവീന്ദ്രനാഥ ടാഗോറിന്റെ 'ജന ഗണ മന' സ്വതന്ത്ര ഇന്ത്യയുടെ ദേശീയഗാനമായും ബങ്കിം ചന്ദ്രയുടെ 'വന്ദേമാതരം' ദേശീയഗീതമായും അംഗീകരിക്കപ്പെട്ടു.



രാഷ്ട്രനിർമാണത്തിൽ നാരീശക്തി മുൻപന്തിയിൽ നിൽക്കുന്ന ഒരു രാഷ്ട്രത്തെക്കുറിച്ച് വീണ്ടും സ്വപ്നം കാണാൻ ഈ കാഴ്ചപ്പാട് ഇന്ത്യയെ പ്രാപ്തമാക്കിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി മോദി പറയുന്നു.

ബങ്കിം ചന്ദ്ര ചാറ്റർജിയുടെ യഥാർത്ഥ ഗാനത്തിലെ വരികൾ ഉദ്ധരിച്ച്, "ത്വം ഹി ദുർഗ്ഗാ, പത്തുമടങ്ങ് അനുഗ്രഹം നൽകുന്നവൾ, താമരയിതൾ, അറിവിനെ ആരാധിക്കുന്നവൾ, താമരയിതളുകൾ നൽകുന്നവർ, അറിവു നൽകുന്നവൾ, സമൃദ്ധിയേകുന്നവൾ, ലക്ഷ്മി, ആയുധങ്ങളുടെയും വേദങ്ങളുടെയും വാഹക, ദുർഗ്ഗാ" എന്നു പ്രധാനമന്ത്രി മോദി പറഞ്ഞു. ഭാരതമാതാവ് അറിവിന്റെ ദാതാവായ സരസ്വതിയാണ്. സമൃദ്ധി നൽകുന്ന ലക്ഷ്മിയാണ്, ആയുധങ്ങളും വേദഗ്രന്ഥങ്ങളും ധരിക്കുന്ന ദുർഗ്ഗയാണ്- അദ്ദേഹം പറഞ്ഞു. അറിവിലും ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും മികവ് പുലർത്തുന്ന, അറിവിന്റെയും ശാസ്ത്രത്തിന്റെയും ശക്തിയിലൂടെ സമൃദ്ധിയുടെ ഉന്നതിയിലുള്ളതും ദേശീയ സുരക്ഷയ്ക്കായി സ്വയംപര്യാപ്തവുമായ രാഷ്ട്രം നാം കെട്ടിപ്പടുക്കണം. സൈനികർക്ക് ഒരു റാങ്ക് ഒരു പെൻഷൻ നടപ്പിലാക്കിയതിന്റെ 11-ാം വാർഷികം കൂടിയാണ് നവംബർ 7. നമ്മുടെ സൈന്യം ശത്രുവിന്റെ ദുരുദ്ദേശ്യങ്ങളെ പരാജയപ്പെടുത്തുമ്പോൾ, ഭീകരവാദം, നക്സലിസം, മാവോയിസ്റ്റ് ഭീകരത എന്നിവ തകർക്കപ്പെടുമ്പോൾ, രാജ്യത്തിന്റെ സുരക്ഷാ സേനയ്ക്ക് പ്രചോദനം നൽകുന്നത് ഒരൊറ്റ മന്ത്രമാണ്: വന്ദേമാതരം.

"

**സ്വാതന്ത്ര്യ പ്രസ്ഥാനത്തിലെ രക്തസാക്ഷികളുടെ ഗാനം എന്നതിലുപരി, 'വന്ദേമാതരം' നിത്യ പ്രചോദനത്തിന്റെ ഉറവിടമായും വർത്തിക്കുന്നു. നാം എങ്ങനെ സ്വാതന്ത്ര്യം നേടി എന്ന് ഓർമ്മിപ്പിക്കുക മാത്രമല്ല, അത് എങ്ങനെ സംരക്ഷിക്കണമെന്നും അത് നമ്മോട് പറയുന്നു. ദേശീയ പതാക ഉയർത്തുമ്പോഴെല്ലാം ഈ വാക്കുകൾ നമ്മുടെ ഹൃദയത്തിൽനിന്ന് സ്വയമേവ ഉയരുന്നു: ഭാരത് മാതാ കീ ജയ്! വന്ദേമാതരം!**

- **നരേന്ദ്ര മോദി, പ്രധാനമന്ത്രി**



*പ്രധാനമന്ത്രിയുടെ ഉദ്ഘാടനപരിപാടിക്കായി ക്യുആർ കോഡ് സ്കാൻ ചെയ്യൂ.*

# സഹകരണ സ്ഥാപനങ്ങൾ

## സമൃദ്ധമായ സമൂഹത്തെ പരിപോഷിപ്പിക്കുന്നു

2025
അന്താരാഷ്ട്ര
സഹകരണ വർഷം
മെച്ചപ്പെട്ട ലോകത്തിനായുള്ള സഹകരണങ്ങൾ






## अल्पानाम् अपि वस्तूनाम्, संहतिः कार्य साधिका।।



**അതായത്, ചെറിയ കാര്യങ്ങൾ, ചെറിയ വിഭവങ്ങൾ എന്നിവ സംയോജിപ്പിക്കുമ്പോൾ പോലും മികച്ച ഫലങ്ങൾ കൈവരിക്കാൻ കഴിയും. നമ്മുടെ പൗരാണിക ഗ്രന്ഥങ്ങളിലെ ഈ വചനം, ഇന്ത്യയിൽ വികാസം പ്രാപിച്ചിട്ടുള്ള പുരാതന സമ്പ്രദായമായ സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് വളരെയധികം പ്രാധാന്യമർഹിക്കുന്നു. ലോകത്തിലെ സഹകരണ സംഘങ്ങളിൽ നാലിലൊന്ന് ഇന്ത്യയിലാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല, ഇന്ത്യയിലെ ഗ്രാമീണ ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗവും അവരുടെ സാമൂഹികവും സാമ്പത്തികവുമായ ആവശ്യങ്ങൾക്കായി നേരിട്ട് ഇവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ദശാബ്ദങ്ങളായി ഇന്ത്യൻ സംസ്കാരവുമായി സവിശേഷമായ ബന്ധം പുലർത്തിയിരുന്ന സഹകരണ മേഖലയിൽ, കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേന്ദ്ര ഗവണ്മെന്റ് സമൂലമായ മാറ്റങ്ങൾ കൊണ്ടുവരികയും പുതിയ ഊർജ്ജം പകരുകയും ചെയ്തു. ഇതിന്റെ ഫലമായി, 2047 – ഓടെ 'വികസിത ഭാരതം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിൽ, സഹകരണാധിഷ്ഠിത സാമ്പത്തിക മാതൃക ഇന്ത്യയുടെ വളർച്ചയുടെ പ്രധാന ചാലകശക്തിയായി മാറിയിട്ടുണ്ട്.**

2025 – ലെ അന്താരാഷ്ട്ര സഹകരണ വർഷം സമാപനത്തോട് അടുക്കുമ്പോൾ, ലോകത്തിലെ മികച്ച 10 സഹകരണ പ്രസ്ഥാനങ്ങളിൽ ഇന്ത്യയിൽ നിന്നുള്ള അമുലും ഇഫ്കോയും (IFFCO) യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി എന്നത് നമുക്ക് ഏറെ അഭിമാനകരമായ കാര്യമാണ്. ത്രിഭുവൻ ദാസ് പട്ടേലിന്റെ നേതൃത്വത്തിൽ 1946 ഡിസംബർ 14 – നാണ് അമുൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. ഈ നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ, 2047 – ഓടെ 'വികസിത ഭാരതം' എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി, കേന്ദ്ര ഗവണ്മെന്റ് നയപരമായ പരിഷ്കാരങ്ങളിലൂടെയും പുതിയ പദ്ധതികളിലൂടെയും സഹകരണ പ്രസ്ഥാനത്തെ എങ്ങനെയാണ് വ്യവസ്ഥാപിതമാക്കിയതെന്ന് നമുക്ക് പരിശോധിക്കാം.



### ഇന്ത്യയ്ക്ക് അഭിമാനകരമായ നിമിഷം!

**ലോകത്തിലെ മികച്ച പത്ത് സഹകരണ പ്രസ്ഥാനങ്ങളിൽ ആദ്യ രണ്ട് സ്ഥാനങ്ങൾ നേടിയ അമുലിനും ഇഫ്കോയ്ക്കും (IFFCO) ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. അമുലുമായി ബന്ധപ്പെട്ട ദശലക്ഷക്കണക്കിന് സ്ത്രീകളുടെയും ഇഫ്കോയ്ക്ക് കരുത്തേകുന്ന കർഷകരുടെയും അശ്രാന്ത പരിശ്രമത്തിനുള്ള അംഗീകാരമാണിത്. സഹകരണ പ്രസ്ഥാനങ്ങളെ ശാക്തീകരണത്തിന്റെയും സ്വയംപര്യാപ്തതയുടെയും ആഗോള മാതൃകയാക്കി മാറ്റുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാഴ്ചപ്പാടിനും സഹകരണ മേഖലയുടെ അനന്തമായ സാധ്യതകൾക്കുമുള്ള തെളിവുകൂടിയാണിത്.**

**കേന്ദ്ര സഹകരണ വകുപ്പിന്റെ ആദ്യത്തെ മന്ത്രിയായ അമിത് ഷാ നവംബർ 4-ന് നൽകിയ ഈ സന്ദേശം സഹകരണ മേഖലയ്ക്ക് പുതിയ ഊർജ്ജമാണ് പകർന്നത്. ഇന്ത്യൻ സംസ്കാരത്തിന്റെ സത്ത, സഹകരണം എന്ന അടിസ്ഥാന ഭാരതീയ ആശയത്തിന്റെ വിശാലത, കൂട്ടായ ശക്തിയുടെ ഉത്തമ ഉദാഹരണം, ഭാരതീയത നിറഞ്ഞ ജീവിതശൈലി, ഒപ്പം 'സഹകാർ സേ സമൃദ്ധി' എന്ന മഹത്തായ മന്ത്രം എന്നിവയെല്ലാം ഈ വിജയത്തിൽ പ്രതിഫലിക്കുന്നു.**

**ഈ കഴിഞ്ഞ വർഷം ഫെബ്രുവരി 22-ന് അമുൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കുവെച്ച നിശ്ചയദാർഢ്യത്തിന്റെ സാക്ഷാത്കാരം കൂടിയാണ് ഈ രണ്ട് നേട്ടങ്ങൾ. അന്ന് അദ്ദേഹം പറഞ്ഞു: 'ഇന്ന് അമുൽ ലോകത്തിലെ എട്ടാമത്തെ വലിയ ക്ഷീര സംരംഭമാണ്. നിങ്ങൾ ഇതിനെ എത്രയും വേഗം ലോകത്തിലെ ഏറ്റവും വലിയ ക്ഷീര സംരംഭമാക്കി മാറ്റണം. ഗവണ്മെന്റ് എല്ലാവിധത്തിലും നിങ്ങൾക്കൊപ്പം നിൽക്കും, ഇത് മോദിയുടെ ഗ്യാരണ്ടിയാണ്.' പ്രധാനമന്ത്രിയുടെ ഈ ദൃഢനിശ്ചയം രണ്ട് വർഷത്തിനുള്ളിൽ തന്നെ യാഥാർത്ഥ്യമായി. ഏതാനും വർഷങ്ങൾക്ക് മുമ്പ് മാത്രം രൂപീകരിച്ച സഹകരണ മന്ത്രാലയം, ഈ മേഖലയ്ക്ക് എങ്ങനെ പുതിയ ദിശാബോധം നൽകി എന്നതിന്റെ തെളിവാണിത്. തൽഫലമായി, രണ്ട് ഇന്ത്യൻ സഹകരണ പ്രസ്ഥാനങ്ങൾ ലോകത്തിലെ ഏറ്റവും ഉന്നത സ്ഥാനങ്ങളിൽ എത്തിച്ചേർന്നു. ഈ നേട്ടത്തെ പ്രശംസിച്ചുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു: 'അമുലിനും ഇഫ്കോയ്ക്കും അഭിനന്ദനങ്ങൾ. ഇന്ത്യയുടെ സഹകരണ മേഖല വളരെ ഊർജ്ജസ്വലമാണ്, അത് നിരവധി ആളുകളുടെ ജീവിതത്തിൽ മാറ്റങ്ങൾ കൊണ്ടുവരുന്നു. ഭാവിയിൽ ഈ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിനായി ഞങ്ങളുടെ ഗവണ്മെന്റ് നിരവധി നടപടികൾ സ്വീകരിക്കുന്നുണ്ട്.'**

## സഹകാർ സേ സമൃദ്ധി

### ദേശീയ സഹകരണ നയം 2025

- സഹകരണ മേഖലയുടെ ദ്രുതഗതിയിലും, സമഗ്രവും, ചിട്ടയായ വികസനത്തിനുമായുള്ള മാർഗ്ഗരേഖ.
- ലക്ഷ്യം: ഗ്രാമീണ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുകയും യുവാക്കളെ പങ്കാളികളാക്കുകയും ചെയ്യുക.

**50** **കോടി ജനങ്ങൾ 10 വർഷത്തിനുള്ളിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമാവുകയും, അതുവഴി അവരുടെ സാമ്പത്തിക സംഭാവന മൂന്നിരട്ടിയായി വർദ്ധിക്കുകയും ചെയ്യും.**

- എല്ലാ ജില്ലകളിലും ബഹുമുഖ പ്രാഥമിക സഹകരണ സംഘങ്ങളെ (PACS) അടിസ്ഥാനമാക്കി മാതൃകാ സഹകരണ ഗ്രാമങ്ങൾ സ്ഥാപിക്കും.
- ക്ഷീര സഹകരണ സംഘങ്ങളിലൂടെ 'ധവളവിപ്ലവം 2.0' നടപ്പിലാക്കും. ഇതിലൂടെ സ്ത്രീ ശാക്തീകരണവും തൊഴിലവസരങ്ങളും പ്രോത്സാഹിപ്പിക്കും.
- പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ചോളം, മറ്റ് ധാന്യങ്ങൾ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സ്വയംപര്യാപ്തത ഉറപ്പാക്കും.

**പത്ത് വർഷത്തിനുള്ളിലെ ലക്ഷ്യങ്ങൾ**

| 6 | 16 | 82 |
|---|---|---|
| ദൗത്യ സ്തംഭങ്ങൾ | ലക്ഷ്യങ്ങൾ | തന്ത്രങ്ങൾ |

സാക്ഷാത്കരിക്കപ്പെടും



***ഈ ശ്രദ്ധേയമായ നേട്ടങ്ങൾ ഉദാഹരണങ്ങളിലൂടെ നമുക്ക് മനസ്സിലാക്കാം...***

ഇന്ന്, രാജ്യത്ത് ധവളവിപ്ലവത്തിന്റെ മുന്നണിപ്പോരാളിയായി അമുൽ മാറിയിരിക്കുന്നു. 36 ലക്ഷം കർഷകർ, 18,000 ഗ്രാമ സമിതികൾ, 18 ജില്ലാ യൂണിയനുകൾ എന്നിവയുടെ ശൃംഖലയിലൂടെ, രാജ്യത്തുടനീളം പ്രതിദിനം 3.5 കോടി ലിറ്റർ പാൽ അമുൽ സംഭരിക്കുന്നു. 2024-25 ൽ അമുലിന്റെ വിറ്റുവരവ് 90,000 കോടി രൂപ കവിഞ്ഞു. 65 ശതമാനം സ്ത്രീ പങ്കാളിത്തമുള്ള 36 ലക്ഷം കർഷകർ ചേർന്ന്, തങ്ങളുടെ ചെറിയ സംഭാവനകളിലൂടെ ഇത്രയും വലിയൊരു സഹകരണ പ്രസ്ഥാനത്തെ വർഷങ്ങളായി വിജയകരമായി നയിക്കുന്നുവെന്നതാണ് ഇത് സൂചിപ്പിക്കുന്നത്.

## മാറ്റങ്ങൾ, ഗ്രാമീണരുടെയും ദരിദ്ര കർഷകരുടെയും ജീവിതങ്ങളെ പരിവർത്തനം ചെയ്യുന്നു.



- രാജ്യത്തുടനീളമുള്ള ദരിദ്രരുടെയും കർഷകരുടെയും ഗ്രാമീണരുടെയും ജീവിതത്തിൽ സഹകരണ മന്ത്രാലയം വലിയ മാറ്റങ്ങൾ കൊണ്ടുവരുന്നു.
- എക്സ്പോർട്ട് സൊസൈറ്റി വഴി, ജൈവ ഗോതമ്പിന് കർഷകർക്ക് വളരെ ഉയർന്ന വില ലഭിക്കുന്നു.
- പൊതു സേവന കേന്ദ്രങ്ങൾ, മൈക്രോ എടിഎമ്മുകൾ, ഹർ ഘർ നാൽ, ബാങ്ക് മിത്ര എന്നിവയുൾപ്പെടെ 25-ഓളം സേവനങ്ങളുമായി PACS കളെ സംയോജിപ്പിച്ചിരിക്കുന്നു.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ (PACS) ബൈലോ പരിഷ്കരിച്ചതിനെത്തുടർന്ന്, രാജ്യത്തുടനീളമുള്ള ജില്ലാ സഹകരണ ബാങ്ക് ഇൻസ്പെക്ടർമാരുടെ പരിശീലനം പൂർത്തിയായി.
- ജൻ ഔഷധി കേന്ദ്രങ്ങൾ വഴി സേവനം നൽകുന്ന PACS- കൾ, കുറഞ്ഞ നിരക്കിലുള്ള മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നു.

## സഹകരണ മേഖലയ്ക്ക് കേന്ദ്രം വളരെയേറെ മുൻഗണന നൽകുന്നു

- രാജ്യത്ത് ആദ്യമായി സഹകരണ സംഘങ്ങളുടെ ഡാറ്റാ ബാങ്ക് സ്ഥാപിച്ചു. 30 വ്യത്യസ്ത മേഖലകളിലായി വ്യാപിച്ചുകിടക്കുന്ന 8.44 ലക്ഷം സഹകരണ സംഘങ്ങളുടെയും ഏകദേശം 32 കോടി അംഗങ്ങളുടെയും വിവരങ്ങൾ ഈ ഡാറ്റാബേങ്കിൽ ഉൾപ്പെടുന്നു.
- സഹകരണ സംഘങ്ങളുടെ ഏറ്റവും വലിയ വിഹിതം മഹാരാഷ്ട്രയിലാണ് (27%), തൊട്ടുപിന്നിൽ ഗുജറാത്ത് (10%).
- സഹകരണ മേഖലയിൽ ഏറ്റവും കൂടുതൽ പങ്കാളിത്തം ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കാണ് (23%). തുടർന്ന് ക്ഷീര സഹകരണ സംഘങ്ങൾ (18%), പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (13%) എന്നിവയാണ്.

**157%**

**ജമ്മു കശ്മീരിലെ സഹകരണ സംഘങ്ങളുടെ എണ്ണം 2021–ൽ 4,098 ആയിരുന്നത് ഇപ്പോൾ 10,535 ആയി വർദ്ധിച്ചു.**

*ഇന്ത്യയിലെ ജനസംഖ്യയുടെ 20% ലധികം പേർ ഏതെങ്കിലും രൂപത്തിൽ സഹകരണ പ്രസ്ഥാനത്തിൽ പങ്കാളികളാണ്, എന്നാൽ ആഗോള ശരാശരി 12% ശതമാനം മാത്രമാണ്*

രാജ്യത്തെ സഹകരണ പ്രസ്ഥാനത്തിന്റെ അനന്ത സാധ്യതകളെയാണ് ഇത് എടുത്തു കാണിക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദി അമുലിനെക്കുറിച്ച് പറയുന്നു: 'ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ശേഷം രാജ്യത്ത് നിരവധി ബ്രാൻഡുകൾ വളർന്നു വന്നു, എന്നാൽ അമുലിനെപ്പോലെ മറ്റൊന്നില്ല. ഇന്ന് അമുൽ ഇന്ത്യയിലെ കന്നുകാലി കർഷകരുടെ ശക്തിയുടെ പ്രതീകമായി മാറിയിരിക്കുന്നു. അമുൽ എന്നാൽ വിശ്വാസം എന്നാണ് അർത്ഥമാക്കുന്നത്. അമുൽ എന്നാൽ വികസനം എന്നാണ് അർത്ഥമാക്കുന്നത്. അമുൽ എന്നാൽ പൊതുജനപങ്കാളിത്തം എന്നാണ് അർത്ഥമാക്കുന്നത്. അമുൽ എന്നാൽ കർഷകരുടെ ശാക്തീകരണം എന്നാണ് അർത്ഥമാക്കുന്നത്. അമുൽ എന്നാൽ കാലവുമായുള്ള ആധുനികതയുടെ സംയോജനമാണ്. അമുൽ എന്നാൽ സ്വാശ്രയ ഇന്ത്യയ്ക്കുള്ള പ്രചോദനമാണ്. അമുൽ എന്നാൽ വലിയ സ്വപ്നങ്ങൾ, വലിയ തീരുമാനങ്ങൾ, അതിലും വലിയ നേട്ടങ്ങൾ എന്നിവയാണ്.'

അതുപോലെ, ഇഫ്കോ 41,000 കോടി രൂപ വിറ്റുവരവും 3,000 കോടി രൂപ ലാഭവും രേഖപ്പെടുത്തി. ഇഫ്കോ ഒരു മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘമാണ്. രാജ്യത്തുടനീളമുള്ള 35,000 സഹകരണ സംഘങ്ങൾ ഇതിൽ അംഗങ്ങളാണ്, പ്രധാനമായും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളും (PACS) മാർക്കറ്റിംഗ് അനുബന്ധ സംഘങ്ങളും ഇതിൽ ഉൾപ്പെടുന്നു.

# പി.എ.സി.എസുകളെ ബഹുമുഖവും കാര്യക്ഷമവും സുതാര്യവുമാക്കൽ

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമായി (PACS) 13 കോടിയിലധികം കർഷകാംഗങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. PACS കളെ ബഹുമുഖവും വ്യത്യസ്ത ധർമ്മങ്ങളുള്ളതും സുതാര്യവുമായ സ്ഥാപനമാക്കി മാറ്റുന്നതിനായി മാതൃകാപരമായ ബൈലോകൾ വികസിപ്പിച്ചെടുത്തു. വനിതകൾക്കും SC, ST സമൂഹങ്ങൾക്കും പ്രാതിനിധ്യം നൽകിക്കൊണ്ട് PACS അംഗത്വം കൂടുതൽ ഉൾച്ചേർന്നതും വിശാലവുമാക്കി. 25 സാമ്പത്തിക പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ട് PACS-നെ പരിവർത്തനം ചെയ്യുകയാണ്. നിലവിൽ 300-ലധികം ഗവണ്മെന്റ് പദ്ധതികളും സേവനങ്ങളും ഇവയിലൂടെ ലഭ്യമാക്കുന്നു.**

ഇതുവരെ 32 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ഇത് സ്വീകരിച്ചു കഴിഞ്ഞു

### കമ്പ്യൂട്ടർവൽക്കരണം PACS കൾക്ക് കരുത്ത് പകരുന്നു

**2,925** PACS കൾക്കായി കോടി രൂപയുടെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് അംഗീകാരം നൽകി

**73,493** പിഎസിഎസ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു, ഏകദേശം 60,000 പേർ ഇതിൽ പങ്കാളികളായി. 30 സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഹാർഡ്‌വെയർ സ്വന്തമാക്കിയിട്ടുണ്ട്.

### പഞ്ചായത്തും ഗ്രാമവും സഹകരണത്തിന്റെ പരിധിയിൽ



എല്ലാ പഞ്ചായത്തുകളെയും ഗ്രാമങ്ങളെയും സഹകരണ സ്ഥാപനങ്ങളുടെ പരിധിയിൽ കൊണ്ടുവരുന്നതിനായി പുതിയതായി PACS കളും ക്ഷീര സംഘങ്ങൾ, ഫിഷറീസ് സഹകരണ സംഘങ്ങൾ എന്നിവയും സ്ഥാപിക്കാനുള്ള പദ്ധതിക്ക് തുടക്കമായി. ഈ പദ്ധതി ആരംഭിച്ച 2023 ഫെബ്രുവരി 15 മുതൽ 2025 ഓഗസ്റ്റ് 15 വരെ രാജ്യത്തുടനീളം മൊത്തം 24,417 പുതിയ PACS കളും ക്ഷീര/ഫിഷറീസ് സഹകരണ സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### സഹകരണ മേഖലയിലെ ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ സംഭരണ പദ്ധതി

- ധാന്യം പാഴാകുന്നത് തടയുന്നതിനും ഗതാഗത ചെലവ് കുറയ്ക്കുന്നതിനുമായി, നിരവധി പദ്ധതികളും ദൗത്യങ്ങളും സംയോജിപ്പിച്ചുകൊണ്ട് PACS തലത്തിൽ ഭക്ഷ്യധാന്യ സംഭരണ കേന്ദ്രങ്ങൾ, കസ്റ്റം ഹയറിംഗ് സെന്ററുകൾ, പ്രാഥമിക സംസ്കരണ യൂണിറ്റുകൾ, മറ്റ് കാർഷിക അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള ഒരു പദ്ധതിക്ക് അംഗീകാരം നൽകി.
- പൈലറ്റ് പദ്ധതിയുടെ ഭാഗമായി 11 സംസ്ഥാനങ്ങളിലെ 11 PACS ഗോഡൗൺ നിർമ്മാണം പൂർത്തിയാക്കി. ഈ ഉദ്യമം വിപുലീകരിച്ചുകൊണ്ട് , കൂടുതൽ ഗോഡൗണുകളുടെ നിർമ്മാണത്തിനായി 500-ലധികം PACS കളെ തിരിച്ചറിഞ്ഞിട്ടുണ്ട്.
- 225 PACS- കളിൽ നിർമ്മിക്കുന്ന ഗോഡൗണുകൾക്ക് വാടക ഉറപ്പുനൽകുമെന്ന് സംസ്ഥാന ഗവണ്മെന്റും, നാഫെഡും, എൻ.സി.സി.എഫും (NCCF) വ്യക്തമാക്കിയിട്ടുണ്ട്. മറ്റ് 129 PACS- കളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്, അതിൽ 65 എണ്ണം പൂർത്തിയാക്കി.
- സാമ്പത്തിക ഭദ്രത വർദ്ധിപ്പിക്കുന്നതിനും, നിർമ്മാണച്ചെലവ് കുറയ്ക്കുന്നതിനും, സബ്സിഡികൾ കുറയ്ക്കുന്നതിനുമായി അഗ്രികൾച്ചറൽ മാർക്കറ്റിംഗ് ഇൻഫ്രാസ്ട്രക്ചർ (AMI) പദ്ധതിയിൽ ചെറിയ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ഈ സംഘങ്ങൾ മുഖേന 5 കോടിയിലധികം കർഷകർ ഇഫ്കോയിൽ (IFFCO) അംഗങ്ങളായിട്ടുണ്ട്. രാജ്യത്തെ ഹരിത വിപ്ലവത്തിന്റെ നെടുംതൂണായ ഇഫ്കോ ഇന്ന് 9.3 ദശലക്ഷം മെട്രിക് ടൺ യൂറിയയും ഡി.എ.പി.യും ഉല്പാദിപ്പിക്കുന്നു. ഇഫ്കോയുടെ നാനോ യൂറിയയും നാനോ ഡി.എ.പി.യും നിലവിൽ ബ്രസീൽ, ഒമാൻ, അമേരിക്ക, ജോർദാൻ എന്നിവ ഉൾപ്പെടെ ലോകമെമ്പാടുമുള്ള മറ്റ് 65 രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്.

അന്താരാഷ്ട്ര സഹകരണ സഖ്യ (ICA) ആഗോള റാങ്കിംഗിൽ, അമുലിന് ഒന്നാം സ്ഥാനവും ഇഫ്കോയ്ക്ക് രണ്ടാം സ്ഥാനവും നൽകിയിരിക്കുന്നു. ഇത് സഹകരണ സങ്കൽപ്പവും സംസ്കാരവും ഇന്നും ശക്തമായി നിലനിൽക്കുന്നു എന്നതിന്റെ തെളിവാണ്. കൂടാതെ, ഇന്ത്യയിലെ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് 2023-ൽ സംരംഭകത്വ സഹകരണ അവാർഡ് (Entrepreneurial Cooperative Award) വിഭാഗത്തിൽ ഏഷ്യാ പസഫിക് കോപ്പറേറ്റീവ് എക്സലൻസ് പുരസ്കാരം നേടി.

## പൊതു സേവന കേന്ദ്രങ്ങളായി പി.എ.സി.എസ്

**ഗ്രാമീണ തലത്തിൽ പി.എ.സി.എസിന്റെ വ്യാപ്തി കണക്കിലെടുത്ത്, ബാങ്കിംഗ്, ഇൻഷുറൻസ്, ആധാർ എൻറോൾമെന്റ്, ആരോഗ്യ സേവനങ്ങൾ, പാൻ കാർഡ് സേവനങ്ങൾ, റെയിൽവേ, ബസ്, വിമാന ടിക്കറ്റ് ബുക്കിംഗ് തുടങ്ങിയ 300-ലധികം സേവനങ്ങൾ നൽകാൻ അവരെ പ്രാപ്തരാക്കുന്നതിനായി ഒരു മൾട്ടി-മിനിസ്റ്റീരിയൽ, മൾട്ടി-ഏജൻസി കരാർ ഒപ്പുവച്ചു. 2025 നവംബർ 10 വരെ, 50,355 പി.എ.സി.എസുകൾ ഗ്രാമീണ ജനതയ്ക്ക് പൊതു സേവന കേന്ദ്ര സൗകര്യങ്ങൾ നൽകാൻ തുടങ്ങി.**

- PACS കൾ മുഖേന 1,863 കർഷക ഉല്പാദക സംഘടനകൾക്ക് (FPOs) രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്. ഇത് കർഷകരെ വിപണിയുമായി ബന്ധിപ്പിക്കാനും അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കാനും സഹായിക്കും.
- റീട്ടെയിൽ പെട്രോൾ, ഡീസൽ ഔട്ട്ലെറ്റുകൾക്കുള്ള മുൻഗണനാ പട്ടികയിൽ PACS - കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 27 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 393 PACS - കൾ ഇതിനായി അപേക്ഷിച്ചിട്ടുണ്ട്. മൊത്ത വിതരണത്തിനുള്ള പെട്രോൾ പമ്പുകൾ റീട്ടെയിൽ ഔട്ട്ലെറ്റലുകളാക്കി മാറ്റാനും PACS കൾക്ക് അനുമതി നൽകിയിട്ടുണ്ട്.
- എൽ.പി.ജി. വിതരണത്തിനായി അപേക്ഷിക്കാൻ PACS കൾക്ക് ഇപ്പോൾ ഗവണ്മെന്റ് അനുമതി നൽകിയിട്ടുണ്ട്.
- ഗ്രാമീണ മേഖലകളിലെ പൈപ്പുവെള്ള വിതരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും PACS - കൾക്ക് കഴിയും. ഈ ആവശ്യത്തിനായി 539 PACS-കളെ തിരിച്ചറിഞ്ഞിട്ടുണ്ട്.
- പി.എം. കുസും യോജനയും പി.എം. സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനയും PACS കളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പി.എം. സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജനക്കായി പ്രാരംഭ ഘട്ടത്തിൽ 100 നഗരങ്ങളെയാണ് തിരഞ്ഞെടുത്തത്.

**36,592**

**PACS - കൾ ഇപ്പോൾ പ്രധാനമന്ത്രി കിസാൻ സമൃദ്ധി കേന്ദ്രങ്ങളായി (PMKSK) പ്രവർത്തിക്കുന്നു, ഇത് കർഷകർക്ക് വളങ്ങളും സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്നു.**

### 20 ലക്ഷം ക്ഷീര കർഷകർക്ക് സഹകരണ സംഘങ്ങളിൽ അംഗങ്ങളാകാൻ സാധിക്കും.





**2025 ജൂലൈയിൽ കേന്ദ്ര ആഭ്യന്തര-സഹകരണ മന്ത്രി അമിത് ഷാ, സർദാർ പട്ടേൽ കോപ്പറേറ്റീവ് ഡയറി ഫെഡറേഷൻ ലിമിറ്റഡ് എന്ന മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘടന ഉദ്ഘാടനം ചെയ്തു. ഇതിന്റെ പ്രാരംഭ മൂലധനം 200 കോടി രൂപയാണ്. 20 സംസ്ഥാനങ്ങളിലായി 20,000-ത്തിലധികം ഗ്രാമങ്ങളിൽ നിന്നുള്ള 20 ലക്ഷത്തിലധികം ക്ഷീരകർഷകർക്ക് ഇതിൽ അംഗങ്ങളാകാൻ കഴിയും. ഈ ഫെഡറേഷനിലൂടെ, ഉറപ്പായ പാൽ സംഭരണം, മികച്ച വെറ്ററിനറി പരിചരണം, മെച്ചപ്പെട്ട മൃഗ പോഷകാഹാരം, ആധുനിക പാലുൽപ്പന്ന സാങ്കേതികവിദ്യകൾ എന്നിവയിൽ നിന്ന് കർഷകർക്ക് പ്രയോജനം ലഭിക്കും. ശക്തമായ ശീതീകരണ സംഭരണ അടിസ്ഥാന സൗകര്യങ്ങളിലും കാര്യക്ഷമമായ സംസ്കരണ സൗകര്യങ്ങളിലുമുള്ള നിക്ഷേപം ഗുണനിലവാര മാനദണ്ഡങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. സുരക്ഷിതവും ശുചിത്വവുമുള്ള പാൽ ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യം നിറവേറ്റാൻ ഇത് സഹായിക്കും.**

SARDAR PATEL COOPERATIVE DAIRY FEDERATION LTD.

SPCDF

An Amul Venture




ശക്തവും പ്രചോദനാത്മകവുമായ സഹകരണ ഗാഥകളുടെ പട്ടിക അനന്തമാണ്. രാജ്യത്തും ലോകമെമ്പാടുമുള്ള കണക്കുകൾ സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു. രാജ്യത്ത് 300 ദശലക്ഷത്തിലധികം അംഗങ്ങളുള്ള 8,00,000-ത്തിലധികം സഹകരണ സംഘങ്ങളുണ്ട്. ഏകദേശം 30 മേഖലകളിലായി ഇവ വ്യാപകമായി പ്രവർത്തിക്കുന്നു. രാജ്യത്തെ ഓരോ അഞ്ചിലൊരു വ്യക്തിയും സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ദരിദ്രരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും വികസനത്തിനുള്ള ഉപാധിയായി സഹകരണ പ്രസ്ഥാനം മാറിക്കഴിഞ്ഞു. ഒരു തരത്തിൽ സഹകരണ സ്ഥാപനങ്ങൾ രാജ്യത്തെ എല്ലാ കുടുംബങ്ങളെയും സ്പർശിക്കുന്നു. ഇന്ന് രാജ്യത്തെ ഏകദേശം 91% ഗ്രാമങ്ങളിലും കാർഷിക വികസനം, ഗ്രാമീണ വികസനം, സ്വയം തൊഴിൽ എന്നിവയ്ക്കായി സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇത് രാജ്യത്തിന്റെ വികസനത്തിന് സംഭാവന നൽകുന്നു. ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ഇത് ശക്തിപ്പെടുത്തുകയും സ്വയംതൊഴിലിന്റെയും ചെറുകിട സംരംഭകത്വത്തിന്റെയും വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. സാമൂഹിക ഉൾച്ചേർക്കൽ വർധിക്കുന്നതോടൊപ്പം നൂതനാശയങ്ങളിലും ഗവേഷണത്തിലും പുതിയ മാനദണ്ഡങ്ങൾ സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

## സഹകരണ സ്ഥാപനങ്ങൾ

*ഇന്ന് രാജ്യത്ത് 8.44 ലക്ഷത്തിലധികം സഹകരണ സ്ഥാപനങ്ങൾ സജീവമായി പ്രവർത്തിക്കുന്നു,ഏകദേശം 32 കോടി ആളുകൾ നേരിട്ടോ അല്ലാതെയോ ഇതിൽ പങ്കാളികളാണ്. കൂടാതെ, 94 ശതമാനംത്തോളം കർഷകരും ഏതെങ്കിലും തരത്തിൽ സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.*

## സഹകാർ സേ സമൃദ്ധിക്ക് ഉത്തേജനം

**സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനായി മന്ത്രാലയം 100-ലധികം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 2025 ജൂലൈ 6-ന് ദേശീയ സഹകരണ നയം 2025 നടപ്പിലാക്കി. സഹകാർ സേ സമൃദ്ധി എന്ന മന്ത്രം പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പദ്ധതികളും സംരംഭങ്ങളും ആരംഭിക്കുകയും ആദായനികുതിയും ജി.എസ്.ടി.യും ഉൾപ്പെടെയുള്ള നികുതി ഇളവുകൾ നൽകുകയും ചെയ്തു.**

ഒരു കോടി മുതൽ 10 കോടി രൂപ വരെ വരുമാനമുള്ള സഹകരണ സംഘങ്ങളുടെ നികുതി നിരക്ക് 12% ൽ നിന്ന് 7% ആയി കുറച്ചു. ഇത് സഹകരണ സംഘങ്ങളുടെ നികുതി ഭാരം ലഘൂകരിച്ചു.

- സഹകരണ സംഘങ്ങളുടെ രണ്ട് ലക്ഷം രൂപ വരെയുള്ള പണമിടപാടുകൾക്ക് ആദായനികുതി പിഴയിൽ നിന്ന് ഇളവ് നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (പി.എ.സി.എസ്.), പ്രാഥമിക സഹകരണ കാർഷിക, ഗ്രാമവികസന ബാങ്കുകൾ എന്നിവയുടെ പണം നിക്ഷേപിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പരിധി 20,000 രൂപയിൽ നിന്ന് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.
- പുതുതായി ആരംഭിച്ച ഉല്പാദന സഹകരണ സംഘങ്ങൾക്ക് മുമ്പത്തെ 30% നിരക്കിൽ നിന്ന് 15% എന്ന കുറഞ്ഞ നികുതി നിരക്ക് ഏർപ്പെടുത്തി.




- സഹകരണ സംഘങ്ങളുടെ കുറഞ്ഞ ബദൽ നികുതി നിരക്ക് 18.5% ൽ നിന്ന് 12% ആയി കുറച്ചിരിക്കുന്നു.
- 2016 ഏപ്രിൽ മുതൽ സഹകരണ പഞ്ചസാര മില്ലുകൾ കർഷകർക്ക് കരിമ്പിന് ഉയർന്ന വിലയോ അല്ലെങ്കിൽ സംസ്ഥാനം നിർദ്ദേശിക്കുന്ന (എസ്.എ.പി.) വിലയോ നൽകുകയാണെങ്കിൽ അധിക നികുതി നൽകേണ്ടതില്ല.
- മൊളാസസ്സിന്റെ ജി.എസ്.ടി. 28% ൽ നിന്ന് 5% ആയി കുറച്ചു, ഇത് സഹകരണ പഞ്ചസാര മില്ലുകൾക്ക് മൊളാസസ് ഉയർന്ന നിരക്കിൽ വിറ്റ് അംഗങ്ങൾക്കായി കൂടുതൽ ലാഭം നേടാൻ അവസരമൊരുക്കി.
- 2016-17 അസസ്മെന്റ് വർഷത്തിന് മുൻപ് കരിമ്പ് കർഷകർക്ക് നൽകിയ പണത്തെ ചെലവായി കണക്കാക്കാൻ പഞ്ചസാര സഹകരണ സംഘങ്ങൾക്ക് അനുമതി നൽകി. ഇത് 46,000 കോടിയിലധികം രൂപയുടെ ആശ്വാസം നൽകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, സഹകരണ പഞ്ചസാര മില്ലുകളെ ശാക്തീകരിക്കുന്നതിനായി 10,000 കോടി രൂപയുടെ വായ്പാ പദ്ധതിയും ആരംഭിച്ചു.
- എഥനോൾ സംഭരണത്തിൽ സഹകരണ പഞ്ചസാര മില്ലുകൾക്ക് മുൻഗണന നൽകി, എഥനോൾ മിശ്രണ പരിപാടിയ്ക്ക് കീഴിലുള്ള എഥനോൾ സംഭരണത്തിൽ സഹകരണ പഞ്ചസാര മില്ലുകളെ സ്വകാര്യ കമ്പനികൾക്ക് തുല്യമാക്കി.
- സുതാര്യതയും, തൊഴിലവസരങ്ങളും, സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനായി സഹകരണ മേഖലയിൽ 60-ലധികം നയപരമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- ക്ഷീര-മത്സ്യബന്ധന സഹകരണ സംഘങ്ങളെകൂടി കേന്ദ്ര-സംസ്ഥാന സഹകരണ ബാങ്കുകളുടെ ബാങ്ക് മിത്രകളായി നിയോഗിക്കുന്നു. വാതിൽപ്പടി സാമ്പത്തിക സേവനങ്ങൾ നൽകുന്നതിനായി അവർക്ക് മൈക്രോ എ.ടി.എമ്മുകളും നൽകുന്നു. ഗുജറാത്തിൽ ഏകദേശം 10,000 മൈക്രോ എ.ടി.എമ്മുകൾ വിതരണം ചെയ്തിട്ടുണ്ട്.

കൂടാതെ, ആഗോളതലത്തിൽ സഹകരണ മേഖല 3 ദശലക്ഷം സഹകരണ സ്ഥാപനങ്ങളിലൂടെ മനുഷ്യരാശിയുടെ 12 ശതമാനത്തിലധികം ആളുകളെ ബന്ധിപ്പിക്കുന്നു. ഏറ്റവും വലിയ 300 സഹകരണ സ്ഥാപനങ്ങൾ 2,409.41 ബില്യൺ യുഎസ് ഡോളറിന്റെ വിറ്റുവരവ് ഉണ്ടാക്കുന്നു. ലോകത്തിലെ തൊഴിൽ ചെയ്യുന്ന ജനസംഖ്യയുടെ 10 ശതമാനത്തെ പ്രതിനിധീകരിക്കുന്ന 280 ദശലക്ഷം ആളുകൾക്ക് ഗുണനിലവാരമുള്ള തൊഴിലും തൊഴിൽ അവസരങ്ങളും നൽകിക്കൊണ്ട് ഈ സ്ഥാപനങ്ങൾ സുസ്ഥിര സാമ്പത്തിക വികസനവും പ്രോത്സാഹിപ്പിക്കുന്നു.

**'ഇന്ത്യയിലെ സഹകരണ പ്രസ്ഥാനങ്ങൾ ഒരു ആശയം എന്ന നിലയിൽനിന്ന് പ്രസ്ഥാനത്തിലേക്കും, പ്രസ്ഥാനത്തിൽ നിന്ന് വിപ്ലവത്തിലേക്കും, വിപ്ലവത്തിൽ നിന്ന് ശാക്തീകരണത്തിലേക്കും പ്രയാണം നടത്തി. സഹകരണ സംഘങ്ങൾക്ക് ആഗോള സഹകരണത്തിന് പുതിയ ഊർജ്ജം നൽകാൻ കഴിയും.'**

**- പ്രധാനമന്ത്രി നരേന്ദ്ര മോദി**

- സഹകരണ ബാങ്കുകളുടെ വിപുലീകരണത്തിനും ക്ഷീര സഹകരണ അംഗങ്ങൾക്ക് ആവശ്യമായ പണലഭ്യത ഉറപ്പാക്കുന്നതിനും വേണ്ടി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് റുപേ കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകുന്നുണ്ട്.
- നിലവിലുള്ള 1,000 മത്സ്യ സഹകരണ സംഘങ്ങളെ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായി (FFPOs - മത്സ്യകർഷക ഉൽപാദക സംഘടനകൾ) മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിനായി ക്ലസ്റ്റർ ബെസ്റ്റ് ബിസിനസ് ഓർഗനൈസേഷനുകൾ, ബിസിനസ് പ്ലാനുകൾ തയ്യാറാക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് മാർക്കറ്റ് ലിങ്കേജുകളും സംസ്കരണ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനായി ഇതിനകം 70 FFPOs രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- 'ഗ്രാന്റ്-ഇൻ-എയ്ഡ് ടു ദി നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ' എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് 2025-26 മുതൽ 2028-29 വരെയുള്ള കാലയളവിലേക്ക് 2,000 കോടി രൂപയ്ക്ക് അംഗീകാരം നൽകി. ഇതിലൂടെ NCDC-ക്ക് നാല് വർഷത്തിനുള്ളിൽ ഓപ്പൺ മാർക്കറ്റിൽ നിന്ന് ഏകദേശം 20,000 കോടി രൂപ സമാഹരിക്കാൻ കഴിയും.
- പാലുത്പാദനം, മൃഗസംരക്ഷണം, മത്സ്യബന്ധനം, പഞ്ചസാര, തുണിത്തരങ്ങൾ, ഭക്ഷ്യ സംസ്കരണം, വെയർഹൗസിംഗ്, കോൾഡ് സ്റ്റോറേജ്, ലേബർ, വനിതാ സഹകരണ സംഘങ്ങൾ തുടങ്ങിയ വിവിധ മേഖലകൾ ഉൾക്കൊള്ളുന്ന രാജ്യത്തുടനീളമുള്ള 13,288 സഹകരണ സംഘങ്ങളിലെ ഏകദേശം 2.9 കോടി അംഗങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
- സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസായ GeM പോർട്ടലിൽ 'വാങ്ങൽകാരായി' രജിസ്റ്റർ ചെയ്യാൻ അനുമതി നൽകി. ഇത് ചെലവ് കുറഞ്ഞ രീതിയിലും കൂടുതൽ സുതാര്യതയോടെയും ഏകദേശം 67 ലക്ഷം വെണ്ടർമാരിൽ നിന്ന് സാധനങ്ങളും സേവനങ്ങളും വാങ്ങാൻ അവരെ സഹായിക്കും. 574-ലധികം സഹകരണ സംഘങ്ങളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കർഷകരുടെ സ്വാശ്രയത്വത്തിലേക്കുള്ള പാത...

**രാജ്യത്ത് പയർവർഗ്ഗങ്ങളുടെ (തുവരപ്പരിപ്പ്, പയർ, ഉഴുന്നുപരിപ്പ് ) ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുന്നതിനും വേണ്ടി സഹകരണ മന്ത്രാലയം സ്വയംപര്യാപ്തതാ ക്യാമ്പയിൻ ആരംഭിച്ചു. ഏതനോൾ സമ്മിശ്ര പരിപാടിയുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ചോളം ഉല്പാദനവും പ്രോത്സാഹിപ്പിക്കുന്നുണ്ട്. NCCF, NAFED എന്നിവയെ ഈ ദൗത്യത്തിന്റെ ചുമതല ഏൽപ്പിച്ചിരിക്കുന്നു. കർഷകരുടെ രജിസ്ട്രേഷനായി NCCF ഇ-സംയുക്തി (e-samyukti) പോർട്ടലും നാഫെഡ് ഇ-സമൃദ്ധി (e-samridh) പോർട്ടലും ആരംഭിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്ന് തുവര, ഉഴുന്ന്, മസൂർ, ചോളം എന്നിവ മുഴുവനായും, കുറഞ്ഞ താങ്ങുവിലയിൽ വാങ്ങുമെന്ന് ഈ പോർട്ടൽ ഉറപ്പ് നൽകുന്നു. എന്നിരുന്നാലും വിപണി വില താങ്ങുവിലയേക്കാൾ (MSP) കൂടുകയാണെങ്കിൽ, കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ തുറന്ന കമ്പോളത്തിൽ വിറ്റ് കൂടുതൽ ലാഭം നേടാൻ സാധിക്കും. ഇതുവരെ, ഇ-സംയുക്തി പോർട്ടലിൽ 4.141 ദശലക്ഷത്തിലധികം കർഷകരും നാഫെഡിന്റെ ഇ-സമൃദ്ധി പോർട്ടലിൽ 11.07 ലക്ഷം കർഷകരും രജിസ്റ്റർ ചെയ്തിട്ടുണ്ട്.**



- സഹകരണ സ്ഥാപനങ്ങളെ വിലയിരുത്തുന്നതിനും റാങ്ക് ചെയ്യുന്നതിനുമുള്ള സഹകരണ റാങ്കിംഗ് ചട്ടക്കൂട് 2025 ജനുവരിയിൽ ആരംഭിച്ചു. നാഷണൽ കോപ്പറേറ്റീവ് ഡാറ്റാബേസ് പോർട്ടലിന് ഏഴ് പ്രധാന മേഖലകളിലായി റാങ്കിംഗ് സൃഷ്ടിക്കാൻ കഴിയും.
- മൾട്ടി-സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റ്, 2002, മൾട്ടി-സ്റ്റേറ്റ് കോഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ആക്റ്റ്, 2023 ആയി ഭേദഗതി ചെയ്തു. ഇതിലൂടെ മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ ഭരണം ശക്തിപ്പെടുത്തുന്നതിനും സുതാര്യതയും ഉത്തരവാദിത്തവും വർദ്ധിപ്പിക്കുന്നതിനും തിരഞ്ഞെടുപ്പ് പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.
- സഹാറ ഗ്രൂപ്പ് സഹകരണ സംഘങ്ങളിലെ 22.56 ലക്ഷം നിക്ഷേപകർക്ക് 4,548 കോടിയിലധികം രൂപ സുതാര്യമായ രീതിയിൽ ഒരു പോർട്ടൽ വഴി തിരികെ നൽകിയിട്ടുണ്ട്.

സഹകരണ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട്, ഐക്യരാഷ്ട്ര പൊതുസഭ 2025-നെ അന്താരാഷ്ട്ര സഹകരണ വർഷമായി പ്രഖ്യാപിച്ചു. "സഹകരണ സ്ഥാപനങ്ങൾ ഒരു മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കുന്നു"എന്നതാണ് അന്താരാഷ്ട്ര സഹകരണ വർഷത്തിന്റെ പ്രമേയം

വാസ്തവത്തിൽ, പതിറ്റാണ്ടുകളായി സഹകരണ സംഘങ്ങൾ ഇന്ത്യൻ സംസ്കാരത്തിന്റെ മുന്നണിപ്പോരാളികളാണ്. ഈ ആശയം ഇന്ത്യയുടെ സ്വന്തം ആശയമാണ്. സഹകരണ സംഘങ്ങൾ ഇന്ത്യൻ സംസ്കാരത്തിന്റെ സത്തയാണ്. ലോകമെമ്പാടും സഹകരണമെന്ന ആശയത്തെ ഇന്ത്യ മുൻനിരയിൽ നിന്ന് നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ലോകത്തിന് സഹകരണ സ്ഥാപനങ്ങൾ ഒരു മാതൃക മാണെങ്കിൽ ഇന്ത്യയ്ക്ക് അവ സംസ്കാരത്തിന്റെ അടിത്തറയും ജീവിതരീതിയുമാണ്. സഹകരണ സ്ഥാപനങ്ങൾ വ്യക്തിഗത ശക്തികളെ കൂട്ടായ സാമൂഹിക കരുത്തായി പരിവർത്തനം ചെയ്യുന്ന ശക്തി സ്രോതസ്സുകളായി മാറിയിരിക്കുന്നു. സാമൂഹികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ ഒത്തൊരുമിച്ച് കൈവരിക്കാനുള്ള മനോഭാവം വളർത്തിക്കൊണ്ട്, സഹകരണം ഇന്ത്യൻ സമൂഹത്തിന്റെ അടിത്തട്ടിലേക്ക് ആഴത്തിൽ വേരൂന്നിയതാണ് എന്നും പറയാം. എങ്കിലും, ദീർഘകാലമായി ഈ മേഖല രാജ്യത്തുടനീളം ഭിന്നിച്ച നിലയിലും ഏകീകൃത സ്വഭാവമില്ലാത്ത അവസ്ഥയിലുമായിരുന്നു.

# ധവള വിപ്ലവം 2.0...

## ഇന്ത്യയുടെ ഗ്രാമീണ പരിവർത്തനത്തിൽ ഒരു പുതിയ അധ്യായം

രാജ്യത്ത് ക്ഷീര സഹകരണ സംഘങ്ങൾ ഇതുവരെ എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലെ കർഷകരിലേക്ക് അവയുടെ വ്യാപ്തി വർധിപ്പിക്കുക എന്നതാണ് ധവള വിപ്ലവം 2.0 ലക്ഷ്യമിടുന്നത്. ക്ഷീര സഹകരണ സംഘങ്ങളിൽ ചേരുന്നതിലൂടെ, കർഷകർക്ക് അവരുടെ പാലിന് മികച്ച വിപണി ലഭ്യമാകും. സഹകരണ സംഘങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുക, പാൽ സംഭരണം 50% വർദ്ധിപ്പിക്കുക, ഗ്രാമപ്രദേശങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സ്ത്രീകളെ സാമ്പത്തികമായി ശാക്തീകരിക്കുക എന്നിവയും ധവള വിപ്ലവം 2.0 ലക്ഷ്യങ്ങളാണ്  കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ ആണ് ധവള വിപ്ലവം 2.0 യുടെ എസ്ഒപി പുറത്തിറക്കിയത്.

**16,322** സഹകരണ ക്ഷീര സംഘങ്ങൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.



### ക്ഷീരമേഖലയെ, മാലിന്യത്തിൽ നിന്ന് സമ്പത്ത് എന്ന രീതിയിൽ പരിവർത്തനം ചെയ്യുന്നതിനുള്ള ഉദ്യമം

ക്ഷീരമേഖലയിൽ പരിസ്ഥിതി സംരക്ഷണം, വിഭവ പുനരുപയോഗം, കർഷകരുടെ വരുമാനത്തിൽ സുസ്ഥിര വളർച്ച എന്നിവ ഉറപ്പാക്കുന്ന ഒരു വികസന മാതൃക രൂപപ്പെടുത്തുക എന്നതാണ് ധവള വിപ്ലവം 2.0 യുടെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തോടെ, ക്ഷീരമേഖലയിൽ സുസ്ഥിരതയും ചാക്രികതയും പ്രോത്സാഹിപ്പിക്കുന്നതിനായി ഗവണ്മെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ക്ഷീര മൂല്യ ശൃംഖലയിലുടനീളം കാലാവസ്ഥാ സ്മാർട്ട് രീതികൾ സ്വീകരിക്കുക, വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം പ്രോത്സാഹിപ്പിക്കുക. പുനരുപയോഗിക്കാവുന്ന വിഭവങ്ങളിലൂടെ ബഹിർഗമനം കുറയ്ക്കുന്നതും വരുമാന ദായകവുമായ ഒരു ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇതിനായി, മൂന്ന് മൾട്ടി-സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സ്ഥാപിക്കും:

- കന്നുകാലികൾക്കുള്ള തീറ്റ ഉത്പാദനം, രോഗനിയന്ത്രണം, കൃത്രിമ ബീജസങ്കലനം എന്നിവയ്ക്കായി.
- പശുക്കളുടെയും എരുമകളുടെയും ചാണകം കൈകാര്യം ചെയ്യുന്നതിനായി.
- ചത്ത കന്നുകാലികളുടെ തോൽ, എല്ലുകൾ, കൊമ്പുകൾ എന്നിവ കൈകാര്യം ചെയ്യുന്നതിന്.

രാജ്യത്തെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ സമത്വപൂർണ്ണമായ വികസനം ഉറപ്പാക്കാനും സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനും അതിന്റെ പ്രയോജനം ഓരോ വീട്ടിലും എത്തിക്കാനും വേണ്ടി 2021-ൽ ഒരു പ്രത്യേക സഹകരണ മന്ത്രാലയം സ്ഥാപിക്കപ്പെട്ടു. കഴിഞ്ഞ 11 വർഷത്തിനിടയിൽ, റോഡുകൾ, പാർപ്പിടം, ടെലികമ്മ്യൂണിക്കേഷൻ, വൈദ്യുതി, ടോയ്‌ലെറ്റുകൾ, പാചകവാതകം എന്നിവ പോലുള്ള അടിസ്ഥാന, ഭൗതിക അടിസ്ഥാന സൗകര്യങ്ങളിൽ ഗ്രാമീണ ഇന്ത്യ അഭൂതപൂർവ്വമായ വികസനത്തിന് സാക്ഷ്യം വഹിച്ചു.

> "
> **ഇന്ത്യയിലെ സഹകരണ സ്ഥാപനങ്ങൾ നമ്മുടെ ക്ഷീരമേഖലയ്ക്ക്... നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക്..... നവോന്മേഷം പകരുകയാണ്"**
>
> **- പ്രധാനമന്ത്രി നരേന്ദ്ര മോദി**




ഇത് ഗ്രാമീണരുടെ അഭിലാഷങ്ങളെ മുന്നോട്ട് നയിച്ചിട്ടുണ്ട്. ഇപ്പോൾ അടിസ്ഥാന സൗകര്യങ്ങൾ അതിവേഗം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുകയും, ഒരുമിപ്പിക്കുകയും, വിപണിയുമായി സമന്വയിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ, സഹകരണാധിഷ്ഠിത സാമ്പത്തിക മാതൃക രാജ്യ പുരോഗതിയുടെ പ്രധാന ചാലകശക്തിയായി മാറാൻ ഒരുങ്ങുകയാണ്. 2047-ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ഇത് സംഭാവന നൽകും.

**ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം**

സ്വാതന്ത്ര്യത്തിന് മുമ്പ്, ഗുജറാത്തിലെ ആനന്ദ് -ഖേഡ ജില്ലയിലെ ചില കർഷകർ മുംബൈയിലെ പോൾസൺ ഡയറിക്ക് പാൽ വിറ്റിരുന്നു. ഒരു സന്ദർഭത്തിൽ, കർഷകർ വില വർദ്ധന ആവശ്യപ്പെട്ടതിനെ തുടർന്ന് പോൾസൺ ഡെയറി പാൽ വാങ്ങുന്നത് നിർത്തി. നിസ്സഹായരായ കർഷകർ, ത്രിഭുവൻദാസ് കിഷിഭായ് പട്ടേലിന്റെ നേതൃത്വത്തിൽ സർദാർ പട്ടേലിനെ സമീപിച്ചു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ അടിമത്തം അംഗീകരിച്ചാൽ ചൂഷണം സഹിക്കേണ്ടിവരും. അതിന് തയ്യാറല്ലെങ്കിൽ, സ്വന്തമായി ഒരു സഹകരണ സംഘം രൂപീകരിച്ച് നിങ്ങളുടെ പാൽ സ്വയം വിപണനം ചെയ്യണം.' തുടർന്ന്, ത്രിഭുവൻ ദാസ് പട്ടേലിന്റെ നേതൃത്വത്തിൽ, 1946 ഡിസംബർ 14 ന്, അമുൽ എന്നറിയപ്പെടുന്ന ഖേഡ ജില്ലാ സഹകരണ പാൽ ഉൽപാദക യൂണിയൻ 1925 ലെ ബോംബെ സഹകരണ സൊസൈറ്റി നിയമപ്രകാരം രജിസ്റ്റർ ചെയ്തപ്പോൾ ചരിത്രം സൃഷ്ടിക്കപ്പെട്ടു. ഒരു ചെറിയ ഗ്രാമത്തിൽ നിന്ന് 250 ലിറ്റർ പാൽ ശേഖരിച്ചുകൊണ്ട് എളിയ തുടക്കം കുറിച്ച ആദ്യത്തെ സഹകരണ സംഘമായിരുന്നു ഇത്. അവിടെ നിന്ന്, ലോകത്തിലെ ഏറ്റവും ശക്തമായ സഹകരണ ബ്രാൻഡായ അമുലായി മാറാനുള്ള യാത്രയ്ക്ക് ത്രിഭുവൻ ദാസ് പട്ടേലാണ് വഴിയൊരുക്കിയത്. സർദാർ പട്ടേലിനെപ്പോലെയുള്ള മഹാനായ നേതാവിന്റെ പ്രചോദനത്തിൽ, ഇന്ത്യയിൽ സഹകരണ സ്ഥാപനങ്ങൾക്ക് അടിത്തറയിട്ട വ്യക്തികളിൽ ഒരാളായിരുന്നു ത്രിഭുവൻദാസ്.

“

**ലോകത്തിന് സഹകരണ സ്ഥാപനങ്ങൾ ഒരു മാതൃകയാണ്, എന്നാൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം സഹകരണ സ്ഥാപനങ്ങൾ സംസ്കാരത്തിന്റെ അടിത്തറയും ഒരു ജീവിതരീതിയുമാണ്. ഇന്ന്, ഗവൺമെന്റിന്റെയും സഹകരണ പ്രസ്ഥാനങ്ങളുടെയും ശക്തി സമന്വയിപ്പിച്ചുകൊണ്ട് നമ്മൾ ഇന്ത്യയെ വികസിപ്പിക്കാൻ പ്രവർത്തിക്കുകയാണ്. 'സഹകാർ സേ സമൃദ്ധി' എന്ന മന്ത്രം നമ്മൾ പിന്തുടരുന്നു.**

**- പ്രധാനമന്ത്രി നരേന്ദ്ര മോദി.**

# സഹകരണ ബാങ്കുകൾ

## ഗവണ്മെന്റ് ഉദ്യമങ്ങളിലൂടെ ശാക്തീകരിക്കപ്പെട്ടത്

**സഹകരണ മന്ത്രാലയം രൂപീകരിച്ചതിനുശേഷം, പുതിയ ശാഖകൾ തുറക്കൽ, ഉപഭോക്താക്കൾക്ക് വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കൽ, ആർബിഐയിൽ ഒരു നോഡൽ ഓഫീസറെ നിയമിക്കൽ, ഭവന വായ്പ പരിധി വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പെടെ സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് വലിയ ഉത്തേജനം ലഭിച്ചു.**

- മുൻ സാമ്പത്തിക വർഷത്തെ ആകെ ശാഖകളുടെ 10% അല്ലെങ്കിൽ പരമാവധി 5 ശാഖകൾ തുറക്കാൻ അർബൻ സഹകരണ ബാങ്കുകൾക്ക് ഇപ്പോൾ ആർബിഐയുടെ മുൻകൂർ അനുമതി ആവശ്യമില്ല.
- ഉപഭോക്താക്കൾക്ക് വാതിൽപ്പടി സേവനങ്ങൾ നൽകാൻ ആർബിഐ അർബൻ സഹകരണ ബാങ്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ ബാങ്കുകളിലെ അക്കൗണ്ട് ഉടമകൾക്ക് ഇപ്പോൾ അവരുടെ വീടുകളിൽത്തന്നെ പണം പിൻവലിക്കൽ, നിക്ഷേപം, കെവൈസി, ഡിമാൻഡ് ഡ്രാഫ്റ്റുകൾ, ലൈഫ് സർട്ടിഫിക്കറ്റുകൾ തുടങ്ങിയ ബാങ്കിംഗ് സേവനങ്ങൾ ലഭിക്കും.
- സാമ്പത്തികമായി മികച്ചതും മാനദണ്ഡങ്ങൾ നന്നായിപാലിക്കുകയും ആവശ്യമായ ഏറ്റവും കുറഞ്ഞ നിക്ഷേപ ബാലൻസ് നിലനിർത്തുകയും ചെയ്താൽ, ആർബിഐയുടെ ഷെഡ്യൂൾ II ൽ ഉൾപ്പെടുത്തി ഇപ്പോൾ അർബൻ സഹകരണ ബാങ്കുകൾക്ക് വിജ്ഞാപിത പദവി (നോട്ടിഫൈഡ് സ്റ്റാറ്റസ്) നേടാൻ കഴിയും.




നഗര സഹകരണ ബാങ്കുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് അവ പാലിക്കേണ്ട മുൻഗണനാ മേഖല വായ്പാ ലക്ഷ്യം

**75%ൽ നിന്ന് 60%**

ആയി കുറച്ചു.

### നഗര സഹകരണ ബാങ്ക് അംഗങ്ങൾക്കുള്ള ഭവന വായ്പാ പരിധി വർദ്ധിപ്പിച്ചു.

**10%** മുതൽ **25%** ( 3 കോടി വരെ )



- വായ്പാ പരിധി 1 കോടി രൂപയിൽ നിന്ന് 3 കോടിയായി വർദ്ധിപ്പിച്ചു. ഇത് ഈ ബാങ്കുകൾക്ക് ഉയർന്ന വായ്പാ ആവശ്യകത നിറവേറ്റാനും, ബിസിനസ് വളർച്ചയെ പിന്തുണയ്ക്കാനും, എം എസ്.എം.ഇ വായ്പാ മേഖലയിൽ മത്സരക്ഷമത വർദ്ധിപ്പിക്കാനും സഹായിക്കും.

- നഗര സഹകരണ ബാങ്കിംഗ് മേഖലയ്ക്കായി ഒരു അംബ്രല്ല ഓർഗനൈസേഷൻ സ്ഥാപിക്കുന്നതിന് RBI അനുമതി നൽകി. ഇത് ഏകദേശം 1,500 നഗര സഹകരണ ബാങ്കുകൾക്ക് ആവശ്യമായ വിവര സാങ്കേതികവിദ്യാ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന ശേഷിയും നേടുന്നതിന് വഴി തുറക്കും.
- മറ്റ് ബാങ്കുകൾക്ക് സമാനമായി കുടിശ്ശികയുള്ള വായ്പകളിൽ ഒറ്റത്തവണ തീർപ്പാക്കൽ നടത്താൻ നഗര സഹകരണ ബാങ്കുകൾക്ക് അനുമതി നൽകി. ബോർഡ് അംഗീകരിച്ച നയങ്ങളിലൂടെ വായ്പയെടുത്തവർക്ക് ടെക്നിക്കൽ റൈറ്റ്-ഓഫുകൾ പോലുള്ള സേവനങ്ങൾ നൽകാൻ ഇപ്പോൾ സഹകരണ ബാങ്കുകൾക്ക് കഴിയും.
- ഗ്രാമീണ സഹകരണ ബാങ്കുകൾക്ക് അനുവദിക്കാവുന്ന വ്യക്തിഗത ഭവന വായ്പാ പരിധി രണ്ടര ഇരട്ടിയായി വർദ്ധിപ്പിച്ച് 75 ലക്ഷം രൂപയാക്കി.
- അർബൻ കോപ്പറേറ്റീവ് ബാങ്കുകളുമായി പതിവായി ആശയവിനിമയം നടത്തുന്നതി

ത്രിഭുവൻ ദാസിന്റെ ദീർഘവീക്ഷണത്തിന്റെ ഫലമാണ് ഗുജറാത്ത് സഹകരണ മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ അഥവാ അമുൽ.

2003-ൽ അമുലിന്റെ വിറ്റുവരവ് 2,882 കോടി രൂപയായിരുന്നു. ഇന്ന്, അമുലിന്റെ വിൽപ്പന 90,000 കോടി കവിഞ്ഞു. ഇത് മറ്റു വലിയ ബഹുരാഷ്ട്ര കമ്പനികളേക്കാളും പലമടങ്ങ് കൂടുതലാണ്. ഈ വലിയ പ്രസ്ഥാനത്തിൽ, ഒരാളുടെയും ഓഹരി മൂലധനം100 രൂപ കവിയുന്നില്ല. ദരിദ്രരായ വനിതാ കർഷകരാണ് 100 രൂപ വീതം ശേഖരിച്ച് ഇത് കെട്ടിപ്പടുത്തത്. ഇന്ന്, പാൽ, മറ്റ് അനുബന്ധ ബിസിനസ്സുകൾ എന്നിവ ഉൾപ്പെടെ അമുൽ ഗ്രൂപ്പിന്റെ വിറ്റുവരവ് 90,000 കോടിരൂപ കടന്നത് ലോകം അത്ഭുതത്തോടെ നോക്കി നിൽക്കുന്നു. ഈ സംഘത്തിലൂടെ മാത്രം ഗുജറാത്തിലെ 3.6 ദശലക്ഷം വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നുണ്ട്.

1947-ൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം, ആസൂത്രണ കമ്മീഷൻ രൂപപ്പെടുത്തിയ വിവിധ പഞ്ചവത്സര പദ്ധതികളിൽ അവയ്ക്കു ഒരു പ്രധാന പങ്ക് ലഭിച്ചതിനാൽ സഹകരണ പ്രസ്ഥാനം ശക്തി പ്രാപിച്ചു. 2002-ൽ കേന്ദ്ര ഗവണ്മെന്റ് ദേശീയ സഹകരണ നയം പ്രഖ്യാപിച്ചു.




ന് ആർബിഐയിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്.

- സഹകരണ ബാങ്കുകളെ ആധാർ-അധിഷ്ഠിത പേയ്മെന്റ് സംവിധാനത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള ലൈസൻസ് ഫീസ്, ഇടപാടുകളുടെ എണ്ണവുമായി ബന്ധിപ്പിച്ചുകൊണ്ട് കുറച്ചു. ഇത്, അംഗങ്ങൾക്ക് ബയോമെട്രിക് മുഖേന വീട്ടിലിരുന്ന് തന്നെ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കാൻ അവസരം ഒരുക്കുന്നു.
- നാഷണൽ ഫെഡറേഷൻ ഓഫ് അർബൻ കോഓപ്പറേറ്റീവ് ബാങ്ക്സ് ആൻഡ് ക്രെഡിറ്റ് സൊസൈറ്റീസിന് കീഴിൽ, നഗര സഹകരണ ബാങ്കുകളിലും സഹകരണ വായ്പാ സംഘങ്ങളിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനായി ഗവണ്മെന്റ് ഒരു കർമ്മ സേന രൂപീകരിച്ചു. ഇതിന്റെ രണ്ട് റിപ്പോർട്ടുകൾ ഇതിനകം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**കാർഷിക സഹകരണ സംഘങ്ങൾക്കുള്ള (ക്ഷീര) മുൻഗണനാ മേഖലയിലെ വായ്പ പരിധി റിസർവ് ബാങ്ക് 5 കോടി രൂപയിൽ നിന്ന് 10 കോടിയായി ഉയർത്തി.**




- ഈ നീക്കം സഹകരണ സംഘങ്ങൾക്ക് ബാങ്കുകളുടെ വായ്പാ പിന്തുണ കൂടുതലായി ലഭിക്കാൻ അവസരം നൽകും. ഇത് കാർഷിക അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഗ്രാമീണ വായ്പാ പ്രവാഹം വർദ്ധിപ്പിക്കുന്നതിനും കാരണമാകും.

രാജ്യത്തെ സഹകരണ സംഘങ്ങളുടെ സമഗ്ര വികസനം ശക്തിപ്പെടുത്തുക എന്നതാണ് ഈ നയത്തിന്റെ ലക്ഷ്യം. ഈ നയം നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി മന്ത്രിതല ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. സംസ്ഥാനങ്ങളിൽ സമാന്തര നിയമങ്ങൾക്ക് പകരം ഒരൊറ്റ നിയമം നടപ്പിലാക്കണമെന്ന് ഈ കർമ്മ സേന ശുപാർശ ചെയ്തു. ഇന്ത്യയിലെ സഹകരണ സംവിധാനത്തെ പൊതുവെ വായ്പാ സഹകരണ സ്ഥാപനങ്ങൾ, വായ്പേതര സഹകരണ സ്ഥാപനങ്ങൾ എന്നിങ്ങനെ രണ്ടായി തരംതിരിക്കാം.

ഗ്രാമീണ മേഖലയിലെ കൃഷി, ഉപഭോഗം, വിപണനം

**“**

**ഇന്ത്യയുടെ സാമ്പത്തിക പുരോഗതി നിർണയിക്കുന്നതിനുള്ള രണ്ട് പ്രധാന മാനദണ്ഡങ്ങളാണ് മൊത്ത ആഭ്യന്തര ഉല്പാ ദനവും (Gross Domestic Product - GDP) തൊഴിലവസര സൃഷ്ടിയും. ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യധാന്യ സംഭരണ പദ്ധതി ഇവ രണ്ടിനെയും ശക്തിപ്പെടുത്താനും, ഗ്രാമീണ കാർഷിക സഹകരണ സംഘങ്ങളുടെ (PACS) വരുമാനം വർദ്ധിപ്പിക്കാനും, ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ലക്ഷ്യമിടുന്നു.**

**- അമിത് ഷാ**

**കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി**

എന്നിവയ്ക്ക് വായ്പാ സഹകരണ സ്ഥാപനങ്ങൾ താങ്ങാനാവുന്ന പലിശ നിരക്കിൽ വായ്പകൾ ഉറപ്പാക്കുന്നു; ഉപഭോക്തൃ സഹകരണ സ്ഥാപനങ്ങൾ കർഷകരുടെ ഉപഭോഗ ആവശ്യങ്ങൾ സബ്സിഡി നിരക്കിൽ നിറവേറ്റുന്നു. ചരക്ക് ഇടപാടുകളിൽ ഇടനിലക്കാരെ മാർക്കറ്റിംഗ് സൊസൈറ്റികൾ ഒഴിവാക്കുകയും ഉൽപ്പന്നങ്ങൾക്ക് ആദായകരമായ വില ഉറപ്പാക്കുകയും ചെയ്യുന്നു. കൃഷി, ചെറുകിട വ്യവസായങ്ങൾ എന്നിവയ്ക്കുള്ള വിപണനം, സംസ്കരണം, ലഭ്യത, വിതരണം, എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും സഹകരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നു.

രാജ്യത്ത് 800,000-ത്തിലധികം രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങളുണ്ട്, 300 ദശലക്ഷത്തിലധികം അംഗങ്ങൾ കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വികസനത്തിൽ സഹകരണ മേഖല എല്ലായ്പ്പോഴും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സാമ്പത്തിക വളർച്ച കൈവരിക്കുന്നതിന് സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിലൂടെ സഹകരണ മാതൃക വ്യാപകമായ സാമ്പത്തിക അഭിവൃദ്ധി സൃഷ്ടിക്കുന്നു.

**‘സഹകാർ സേ സമൃദ്ധി’എന്ന മന്ത്രത്താൽ രൂപീകൃതമായ മന്ത്രാലയം.**

ഇന്ത്യയുടെ അടിസ്ഥാന തത്വം, പ്രകൃതി, സംസ്കാരം എന്നിവയുമായി സഹകരണ സ്ഥാപനങ്ങൾ യോജിച്ചു പ്രവർത്തിക്കുന്നു. സഹകർ സേ സമൃദ്ധി എന്ന മന്ത്രം സാക്ഷാത്കരിക്കുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവണ്മെന്റ്, 2021 ജൂലൈ 6 ന് പുതുതായി സഹകരണ മന്ത്രാലയം സ്ഥാപിച്ചുകൊണ്ട് ചരിത്രപരമായ ചുവടുവയ്പ്പ് നടത്തി. സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് വ്യത്യസ്തമായ ഭരണപരവും നിയമപരവും നയപരവുമായ ചട്ടക്കൂട് നൽകുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. ഓരോ അംഗവും തങ്ങളുടെ ഉത്തരവാദിത്തങ്ങൾക്കനുസരിച്ച് കടമകൾ നിർവഹിക്കുന്ന രാജ്യത്ത്, സഹകരണാധിഷ്ഠിത വികസന മാതൃക വളരെ പ്രസക്തമാണ്.

സഹകരണ സ്ഥാപനങ്ങൾക്ക് ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിനും, നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനും, മൾട്ടി- സ്റ്റേറ്റ് സഹകരണ സ്ഥാപനങ്ങളുടെ വികസനം സാധ്യമാക്കുന്നതിനുമായി പുതുതായി രൂപീകൃതമായ സഹകരണ മന്ത്രാലയം പ്രവർത്തിക്കുന്നു. പുരാതന കാലം മുതൽ തന്നെ സഹകരണ സാമ്പത്തിക മാതൃക രാജ്യത്ത് പ്രബലമാണ്. നിലവിൽ, അമുൽ പോലുള്ള ബഹുജന മുന്നേറ്റങ്ങൾ സഹകരണത്തിന്റെ പ്രയോജനങ്ങൾ എല്ലാ ഗ്രാമങ്ങളിലും എല്ലാ കുടുംബങ്ങളിലും എത്തിച്ചിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിലും ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുന്നതിലും സഹകരണ പ്രസ്ഥാനം നിർണായക പങ്ക് വഹിക്കുന്നു. സഹകരണ മന്ത്രാലയം സ്ഥാപിച്ചതിലൂടെ സമൂഹാധിഷ്ഠിത വികസന പങ്കാളിത്തങ്ങളോടുള്ള ഗവൺമെന്റിന്റെ ആഴത്തിലുള്ള പ്രതിബദ്ധത പ്രകടമാണ്. 'സഹകാർ സേ സമൃദ്ധി' സമീപനത്തിലൂടെ സഹകരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള ദീർഘകാല കാഴ്ചപ്പാടും ഭരണപരമായ പരിഷ്കാരങ്ങളും സഹകരണ മേഖലയെ മാറ്റിമറിച്ചു.

**സഹകരണ മേഖല: മുൻപും ഇപ്പോഴും**

ഏഴ് പതിറ്റാണ്ടിലേറെയായി, രാജ്യത്തെ കർഷകരും, ഗ്രാമീണ ജനതയും, സഹകരണ സംഘ നേതാക്കളും സഹകരണത്തിനായി ഒരു പ്രത്യേക മന്ത്രാലയം ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാലത്താണ് യാഥാർത്ഥ്യമായത്. സഹകരണ മന്ത്രാലയം സ്ഥാപിച്ചതോടെ, സഹകരണ സ്ഥാപനങ്ങളുടെ വികസനത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിച്ചു. ഏഴ് പതിറ്റാണ്ടിലേറെയായി, ഈ മേഖലയ്ക്ക് അർഹമായ ശ്രദ്ധ ലഭിച്ചിരുന്നില്ല. സഹകരണ പ്രസ്ഥാനം വിവിധ പ്രദേശങ്ങളിലായി അസന്തുലിതമായ പുരോഗതിയാണ് കാണിച്ചിരുന്നത്. പടിഞ്ഞാറൻ, തെക്കൻ മേഖലകളിൽ ഇത് മികച്ച രീതിയിലും, മധ്യമേഖലയിൽ മിതമായ രീതിയിലും, വടക്കൻ മേഖലയിൽ ദുർബലമായും, കിഴക്കൻ മേഖലയിൽ അതിലും ദുർബലമായും ആയിരുന്നു. ഒരു പ്രത്യേക സഹകരണ മന്ത്രാലയം സ്ഥാപിച്ചതോടെ, ഈ മേഖലയ്ക്ക് ഘടനാപരവും സ്ഥാപനപരവുമായ ശ്രദ്ധ ലഭിച്ചു. എല്ലാ സംസ്ഥാന ഗവൺമെന്റുകളുമായി സഹകരിച്ച് ഒരു സഹകരണ ഡാറ്റാബേസ് വികസിപ്പിച്ചെടുത്തു. ഇന്ന്, ആർക്കും ഓരോ പ്രദേശത്തെയും സഹകരണ സ്ഥാപനങ്ങളുടെ എണ്ണത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രാപ്യമാണ്, മാത്രമല്ല ക്ഷീരമേഖല, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (PACS), വിപണനം, മത്സ്യബന്ധനം, ഭവനം എന്നിവയെക്കുറിച്ചുള്ള വിവരങ്ങളും എളുപ്പത്തിൽ ലഭ്യമാണ്. ഇതിനെത്തുടർന്ന്, രാജ്യത്തെ ഒരു പഞ്ചായത്തിൽ പോലും PACS ഇല്ലാതിരിക്കില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട്, 2 ലക്ഷം പുതിയ പ്രാഥമിക സഹകരണ സംഘങ്ങൾ (PACS) രൂപീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചു. മാതൃകാ PACS-ന്റെ ഉപനിയമങ്ങൾക്ക് കശ്മീർ മുതൽ കന്യാകുമാരി വരെയും വടക്ക് കിഴക്ക് മുതൽ ദ്വാരക വരെയും രാജ്യമെമ്പാടും അംഗീകാരം നൽകിയ കേന്ദ്ര ഗവൺമെന്റിന് നന്ദി.




"

**ദേശീയ സഹകരണ നയം 2025 രാജ്യത്തെ സുസ്ഥിരമായ സഹകരണ വികസനത്തിനായി സമഗ്രമായ രൂപരേഖ നൽകുന്നു. താഴെത്തലത്തിലുള്ള സഹകരണ ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ പദ്ധതികളുമായുള്ള ഏകോപനവും ഈ രൂപരേഖയിൽ ഉൾപ്പെടുന്നു. സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള ധവള വിപ്ലവം 2.0 ന് കീഴിൽ, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പാൽ സംഭരണം 50% വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.**

**- അമിത് ഷാ**

**കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി**



# ഭാരത് ടാക്സി

## ഇന്ത്യയിലെ ആദ്യത്തെ സഹകരണാധിഷ്ഠിത മൊബിലിറ്റി പ്ലാറ്റ്ഫോം.

**സഹകാർ ടാക്സി കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് രാജ്യത്തെ ആദ്യത്തെ സഹകരണാടിസ്ഥാനത്തിലുള്ള മൊബിലിറ്റി പ്ലാറ്റ്ഫോമാണ്. ഇത് ഡ്രൈവർമാരെ ശാക്തീകരിക്കുകയും പൊതുജനങ്ങൾക്ക് താങ്ങാനാവുന്നതും വിശ്വസനീയവുമായ ഗതാഗത സൗകര്യം ലഭ്യമാക്കുകയും ചെയ്യുന്നു. സഹകരണം, സുതാര്യത, പങ്കാളിത്ത ഉടമസ്ഥാവകാശം എന്നിവയെ അടിസ്ഥാനമാക്കി, പരമ്പരാഗത റൈഡ്-ഹെയ്‌ലിംഗ് പ്ലാറ്റ്ഫോമുകളോടുള്ള ഒരു ജനകേന്ദ്രീകൃത സമീപനമാണ് സഹകാർ ടാക്സി.'ഭാരത് ടാക്സി' എന്ന പേരിൽ ഉടൻ ആരംഭിക്കാൻ പോകുന്ന ഈ പ്ലാറ്റ്ഫോം ഇന്ത്യയിലെ മൊബിലിറ്റി രംഗത്തെ പരിവർത്തനം ചെയ്യാൻ ലക്ഷ്യമിടുന്നു. സഹകരണത്താൽ നയിക്കപ്പെടുന്നതും സുതാര്യമായതും പൗരന്മാർക്ക് പ്രഥമ പരിഗണന നൽകുന്നതുമായ ഒരു റൈഡ്-ഹെയ്‌ലിംഗ് പ്ലാറ്റ്ഫോം ഉപയോഗിച്ച് മൊബിലിറ്റി ആവാസവ്യവസ്ഥയെ പരിവർത്തനം ചെയ്യുന്നതിനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. ഇഫ്കോ, നാഫെഡ്, അമുൽ, ക്രിബ്കോ, എൻഡിഡിബി, എൻസിഇഎൽ, നബാർഡ് എന്നിവയ്ക്കൊപ്പം നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനും സംയുക്തമായി ഈ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു.**

*രാജ്യത്തെ പഞ്ചസാര ഉൽപാദനത്തിന്റെ മൂന്നിലൊന്ന്, വളം ഉൽപാദനത്തിന്റെ നാലിലൊന്ന്, കാർഷിക വായ്പകളുടെ അഞ്ചിലൊന്ന്, നെല്ല്, മത്സ്യ സംഭരണം, പാൽ ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും പത്തിലൊന്ന് എന്നിവ സഹകരണ സ്ഥാപനങ്ങളാണ് സംഭാവന ചെയ്യുന്നത്.*

ഈ മാറ്റം 25-ലധികം സാമ്പത്തിക പ്രവർത്തനങ്ങളെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുമായി (PACS) സംയോജിപ്പിച്ചു. എല്ലാ ഭാഷകളിലും ലഭ്യമായ ഒരു തിരഞ്ഞെടുപ്പ് സംവിധാനവും ഒരു പൊതു അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറും ഇത് സംയോജിപ്പിച്ചു. PACS ഹ്രസ്വ, ഇടത്തരം, ദീർഘകാല കാർഷിക വായ്പകൾ നൽകുന്നു. അവർ ഇപ്പോൾ മെച്ചപ്പെട്ട വിത്തുകൾ വിതരണം ചെയ്യുന്നു, പഴങ്ങളും പച്ചക്കറികളും വളർത്തുന്നു, തേനീച്ച വളർത്തലിൽ ഏർപ്പെടുന്നു. PACS മത്സ്യബന്ധന സൊസൈറ്റികൾ, PACS ക്ഷീര സംഘങ്ങൾ എന്നിവ രൂപീകരിക്കുകയും സെറികൾച്ചർ പോലുള്ള മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. ഒരു പൊതു സേവന കേന്ദ്രമായും PACS പ്രവർത്തിക്കുന്നു.

ഇന്ന്, രാജ്യത്തുടനീളം 50,000-ത്തിലധികം PACS-കൾ പൊതു സേവന കേന്ദ്രങ്ങളായി വികസിപ്പിച്ചെടുത്തിട്ടുണ്ട്, അവ 300-ലധികം കേന്ദ്ര-സംസ്ഥാന ഗവണ്മെന്റ് പദ്ധതികൾക്ക് കീഴിൽ പ്രവർത്തിക്കുന്നു. ജനന-മരണ രജിസ്ട്രേഷനുകൾ, വിമാന-ട്രെയിൻ ടിക്കറ്റ് ബുക്കിംഗുകൾ, വെരിഫിക്കേഷൻ നടപടിക്രമങ്ങൾ തുടങ്ങിയ സേവനങ്ങളെല്ലാം PACS നൽകിവരുന്നുണ്ട് . രാജ്യവ്യാപകമായി 36,000 പ്രധാൻമന്ത്രി കിസാൻ സമൃദ്ധി കേന്ദ്രങ്ങൾ (PMKVKs) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ 4,000-ത്തിലധികം പ്രധാൻമന്ത്രി ജൻ ഔഷധി കേന്ദ്രങ്ങൾ (PMJAYs) സ്ഥാപിക്കപ്പെടുന്നു. കൂടാതെ, നിരവധി PACS-കൾ സ്വന്തമായി പെട്രോൾ പമ്പുകൾ ആരംഭിക്കുന്നുണ്ട്. നിരവധി PACS-കൾ എൽ.പി.ജി. വിതരണത്തിനായി അപേക്ഷിച്ചിട്ടുണ്ട്. മുമ്പ് സ്വകാര്യ വ്യക്തികളുടെ കൈകളിലായിരുന്ന ധാന്യ സംഭരണം, ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ ഭക്ഷ്യ സംഭരണ പദ്ധതിയായി നടപ്പിലാക്കുന്നു. ഇതുവരെ, തിരിച്ചറിഞ്ഞ 500 PACS ഗോഡൗണുകളിൽ 76 എണ്ണത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. 11 PACS ഗോഡൗണുകളിലെ പ്രവൃത്തികൾ പൂർത്തിയാക്കി, മുഫ്ത് അന്ന യോജന (സൗജന്യ ധാന്യ പദ്ധതി) പ്രകാരം PACS വഴി വാങ്ങിയ നെല്ലും ഗോതമ്പും സംഭരണശാലകളിൽ നിന്ന് ഓരോ വ്യക്തിയിലേക്കും എത്തിക്കുന്നു.

ഈ പ്രവർത്തനങ്ങൾക്കെല്ലാം വേണ്ടി കംപ്യൂട്ടർവത്കൃത സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ട്. ഇടപാടുകളെല്ലാം ഓൺലൈനായി. സഹകരണ മേഖല ഒരു തരത്തിൽ ആധുനിക വിപ്ലവത്തിനു സാക്ഷ്യം വഹിച്ചു. 2 ലക്ഷം പുതിയ ബഹുമുഖ PACS-കളുടെ രൂപീകരണം രാജ്യത്തിന്റെ സഹകരണ പ്രസ്ഥാനത്തെ സന്തുലിതമായരീതിയിൽ പുനരുജ്ജീവിപ്പിക്കും.




## മൂന്ന് ദേശീയ മൾട്ടി-സ്റ്റേറ്റ് സഹകരണ സ്ഥാപനങ്ങളിലൂടെ അഭിവൃദ്ധി

**സഹകരണ മേഖലയുടെയും, കൃഷിയുടെയും, കർഷകരുടെയും അഭിവൃദ്ധി പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ തലത്തിലുള്ള മൂന്ന് സഹകരണ സംഘങ്ങൾ രൂപീകരിച്ചു.**

### 1. നാഷണൽ കോപ്പറേറ്റീവ് ഓർഗാനിക്സ് ലിമിറ്റഡ്

ജൈവ ഉൽപ്പന്നങ്ങളുടെ ശേഖരണം, സർട്ടിഫിക്കേഷൻ, പരിശോധന, സംഭരണം, സംസ്കരണം, സംഭരിച്ച് സൂക്ഷിക്കൽ, ബ്രാൻഡിംഗ്, ലേബലിംഗ്, പാക്കേജിംഗ്, വിപണനം എന്നിവ ഉറപ്പുവരുത്തുന്നു, അതുവഴി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നു.

**7,031**

**PACS കളും സഹകരണ സംഘങ്ങളും അംഗങ്ങളായി ചേർന്നു.**

'ഭാരത് ഓർഗാനിക്സ്' എന്ന ബ്രാൻഡ് നാമത്തിൽ ഉൽപ്പന്നങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഡൽഹി എൻസിആർ മേഖലയിൽ 25 ജൈവ ഉൽപ്പന്നങ്ങൾ ലഭ്യമാണ്.

എല്ലാ ഭാരത് ഓർഗാനിക്സ് ഉൽപ്പന്നങ്ങളും അംഗീകൃത ലബോറട്ടറികളിൽ 245-ൽ അധികം കീടനാശിനി നിർണയ പരിശോധനകൾ നടത്തുന്നു.

### 2. നാഷണൽ കോപ്പറേറ്റീവ് എക്സ്പോർട്ട്സ് ലിമിറ്റഡ് (എൻ.സി.ഇ.എൽ.)

**കർഷകരുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിലേക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള എല്ലാ സൗകര്യങ്ങളും നൽകുന്നു, ലാഭം മുഴുവനും കർഷകർക്ക്.**

- **9,425** പി.എ.സി.എസുകളും സഹകരണ സംഘങ്ങളും എൻസിഇഎല്ലിൽ അംഗങ്ങളായി.
- **5,397** കോടി രൂപയ്ക്കുള്ള അരി, ഗോതമ്പ്, ചോളം, പഞ്ചസാര, ഉള്ളി, ജീരകം തുടങ്ങി 13.09 ലക്ഷം മെട്രിക് ടൺ കാർഷികോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു.

### 3. ഭാരതീയ ബീജ് സഹകാരി സമിതി ലിമിറ്റഡ് (BBSSL)

**ഒരു അംബ്രല്ല സ്ഥാപനം എന്ന നിലയിൽ, ഈ സംഘടന ഇന്ത്യാ ഗവൺമെന്റിന്റെ വിവിധ മന്ത്രാലയങ്ങളുടെ പദ്ധതികളും നയങ്ങളും പ്രയോജനപ്പെടുത്തി PACS മുഖേന അടിസ്ഥാനപരവും സർട്ടിഫൈ ചെയ്തതുമായ വിത്തുകൾ ഉത്പാദിപ്പിക്കുക, പരിശോധിക്കുക, സർട്ടിഫൈ ചെയ്യുക, സംഭരിക്കുക, സംസ്കരിക്കുക, സൂക്ഷിക്കുക, ബ്രാൻഡ് ചെയ്യുക, ലേബൽ ചെയ്യുക, പാക്കേജ് ചെയ്യുക എന്നിവ നടത്തുന്നു.**

പരമ്പരാഗത വിത്തുകൾക്കായി ചെറുകിട കർഷകരുമായി കരാറുകളിൽ ഏർപ്പെടുകയും, അതിലൂടെ അവർക്കും അതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യുന്നു.

**22,995**

പിഎസിഎസുകളും സഹകരണ സംഘങ്ങളും BBSSL -ൽ അംഗങ്ങളായി. 'ഭാരത് ബീജ്' ബ്രാൻഡിന് കീഴിൽ വിത്തുകൾ പുറത്തിറക്കി.

ഇന്ന്, 550-ലധികം സഹകരണ സംഘങ്ങൾ GeM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഘങ്ങളുടെ ആദായനികുതി സർചാർജ് 12 ശതമാനത്തിൽ നിന്ന് 7 ശതമാനമായി കുറച്ചു. MAT 18.5 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറയ്ക്കുകയും 2 ലക്ഷം രൂപയിൽ താഴെയുള്ള ഇടപാടുകൾക്ക് സെക്ഷൻ 269ST പ്രകാരം ആദായനികുതി പിഴകൾ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സഹകരണ സംഘങ്ങളുടെ നികുതി നിരക്ക് 30 ശതമാനത്തിൽ നിന്ന് 15 ശതമാനമായി കുറച്ചു. PACS-കൾക്കും മറ്റുമുള്ള ക്യാഷ് ഡെപ്പോസിറ്റ് പരിധി 20,000 രൂപയിൽ നിന്ന് 2 ലക്ഷം രൂപയായി ഉയർത്തി. TDS ഇളവ് പരിധി 1 കോടി രൂപയിൽ നിന്ന് 3 കോടി രൂപയായി വർദ്ധിപ്പിച്ചു.

രാജ്യം ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി നേരിടേണ്ടി വരുമ്പോഴെല്ലാം സഹകരണ പ്രസ്ഥാനം രാജ്യത്തെ അതിൽനിന്നും കരകയറ്റിയിട്ടുണ്ട്. സഹകരണ ബാങ്കുകൾ ലാഭേച്ഛയില്ലാതെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു, കാരണം സഹകരണമെന്നത് ഇന്ത്യൻ സംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നു. ഒല, ഉബർ എന്നിവയുൾപ്പെടെ സഹകർ ടാക്സി എന്ന പേരിൽ ഒരു സഹകരണ ടാക്സി സേവനം ഇന്ത്യയിൽ ഉയർന്നുവരുന്നു. ഇതിൽ കാറുകൾ, ബൈക്കുകൾ, ഓട്ടോറിക്ഷകൾ എന്നിവയും രജിസ്റ്റർ ചെയ്യും. ഇതിന്റെ ലാഭം നേരിട്ട് ഡ്രൈവർമാർക്ക് ലഭിക്കും. എല്ലാ സഹകരണ സ്ഥാപനങ്ങളെയും ഇൻഷ്വർ ചെയ്യുന്ന ഒരു സഹകരണ ഇൻഷുറൻസ് കമ്പനിയും രൂപീകരിക്കുന്നുണ്ട്. സ്വകാര്യ മേഖലയിലെ ഏറ്റവും വലിയ സഹകരണ ഇൻഷുറൻസ് കമ്പനിയായി ഇത് മാറുമെന്ന് പ്രതീക്ഷിക്കുന്നു

**സഹകരണ മേഖലയിലെ ത്രിത്വം**

സഹകരണ സ്ഥാപനങ്ങളെ ഊർജ്ജസ്വലവും വിജയകരവുമായ ബിസിനസ്സ് സ്ഥാപനങ്ങളാക്കി മാറ്റുന്നതിന് സഹകരണ മന്ത്രാലയം പ്രതിജ്ഞാബദ്ധമാണ്. സഹകരണ മേഖല, കൃഷി, കർഷകരുടെ അഭിവൃദ്ധി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയതലത്തിൽ മൂന്ന് സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കോപ്പറേറ്റീവ് എക്സ്പോർട്ട്സ് ലിമിറ്റഡ് (എൻസിഇഎൽ) എന്ന പേരിൽ ഒരു ദേശീയ സഹകരണ സ്ഥാപനവും കേന്ദ്ര ഗവൺമെന്റ് സ്ഥാപിച്ചിട്ടുണ്ട്. 8,000-ത്തിലധികം പിഎസിഎസുകൾ ഇതിൽ അംഗീകാരം തേടിയിട്ടുണ്ട് . ഇതിലൂടെ, രാജ്യത്തെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നു, മുഴുവൻ ലാഭവും കർഷകർക്ക് ലഭിക്കുന്നു. കൂടാതെ, നാഷണൽ കോഓപ്പറേറ്റീവ് ഓർഗാനിക് ലിമിറ്റഡ് (NCOL) വഴി, കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ വാങ്ങി, പരിശോധിച്ച്, പായ്ക്ക് ചെയ്ത് ഭാരത് എന്ന ബ്രാൻഡ് നാമത്തിൽ വിപണികളിൽ വിൽക്കുന്നു. ഇന്ന്, 5,000 PACS-കളിൽ നിന്നുള്ള കർഷകർ ഈ സംഘടന വഴി അവരുടെ ജൈവ ഉൽപ്പന്നങ്ങൾ ആഭ്യന്തര, അന്തർദേശീയ വിപണികളിൽ വിൽക്കുന്നു. ജൈവ അരി, മാവ്, ധാന്യങ്ങൾ, ചെറുധാന്യങ്ങൾ, പഞ്ചസാര, ശർക്കര, ചായ, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ, ജൈവ എണ്ണ, തേൻ, പൊടിച്ച സുഗന്ധവ്യഞ്ജനങ്ങൾ, ഉണങ്ങിയ പഴങ്ങൾ, പയർ മാവ്, ജൈവ പയർ പരിപ്പ്, മസൂർ പരിപ്പ്, തുവര പരിപ്പ്, മുഴുവൻ പച്ച പയർ എന്നിവ ഇതിൽ ഉൾപ്പെടുന്നു.ഇന്ന് ഈ 100% ജൈവ ഇനങ്ങളെല്ലാം ഭാരത് ബ്രാൻഡ് എന്ന പേരിൽ ലഭ്യമാണ്. അതുപോലെ, മുമ്പ് വൻകിട കർഷകർ മാത്രമേ ഭാരത് ബീജ് സഹകാരി സമിതി ലിമിറ്റഡുമായി (BBSSL) ബന്ധപ്പെട്ടിരുന്നുള്ളു. ഇപ്പോൾ 2.5 ഏക്കർ ഭൂമിയുള്ള കർഷകരും വിത്ത് ഉൽപാദനത്തിനായി ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന്, 20,000-ത്തിലധികം PACS-കളിൽ നിന്നുള്ള കർഷകർ വിത്ത് ഉൽപാദനത്തിൽ ഏർപ്പെട്ടിരിക്കുന്നു. വിളകൾ ഉത്പാദിപ്പിക്കുന്നതിനേക്കാൾ വിത്ത് കൃഷിയിൽ ഇന്ന് രണ്ടര ഇരട്ടി ലാഭമുണ്ട്.



**"ഇന്ത്യയുടെ സഹകരണ മേഖല വളരെ ചലനാത്മകമാണ്, നിരവധി പേരുടെ ജീവിതത്തെ ഇത് പരിവർത്തനം ചെയ്യുന്നു. ലോകത്തിലെ നാലാമത്തെ സഹകരണ സമൂഹം ഇന്ത്യയിലാണ്. സ്ത്രീകൾ നയിക്കുന്ന വികസനത്തിന്റെ ഒരു യുഗത്തിലൂടെയാണ് ഇന്ത്യ കടന്നുപോകുന്നത്... ഇതിൽ ഞങ്ങൾ വളരെ സമഗ്രമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സഹകരണ മേഖലയിലും സ്ത്രീകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.**

**നരേന്ദ്ര മോദി, പ്രധാനമന്ത്രി**

*അന്താരാഷ്ട്ര സഹകരണ ഫെഡറേഷന്റെ നിർവചനം അനുസരിച്ച്: 'പൊതു ഉടമസ്ഥതയിലൂടെയും ജനാധിപത്യ നിയന്ത്രണത്തിലൂടെയും തങ്ങളുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരിക താൽപ്പര്യങ്ങൾ ആർജിക്കാൻ സ്വമേധയാ ഒത്തുചേരുന്ന വ്യക്തികളുടെ സ്വയംഭരണ സംഘടനയാണ് സഹകരണ സ്ഥാപനം.'*

മുമ്പ് ചെറുകിട കർഷകർക്ക് ഇങ്ങനെ ചെയ്യാൻ കഴിയുമായിരുന്നില്ല, എന്നാൽ ഇപ്പോൾ അത് സാധ്യമായിരിക്കുന്നു.

**സഹകരണം: മൂലധനമില്ലാത്തവർക്ക് സംരംഭകത്വത്തിലേക്കുള്ള ഒരു പാത**

മൂലധനമില്ലാത്ത വ്യക്തികളെ സംരംഭകത്വവുമായി ബന്ധിപ്പിക്കുന്നതിനുള്ള ഏക മാർഗം സഹകരണ മേഖലയാണ്. സാമ്പത്തിക വിദഗ്ധരുടെ അഭിപ്രായത്തിൽ, ഒരു രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ ഒരു പ്രധാന സൂചകമാണ് ജിഡിപി. എന്നാൽ 140 കോടി ജനസംഖ്യയുള്ള ഒരു രാജ്യത്ത് തൊഴിലിനൊപ്പം ജിഡിപിയും ഒരു പ്രധാന ചാലകശക്തിയാണ്. ഇന്നുവരെ, 35,395 പുതിയ സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ രാജ്യത്ത് 200,000 വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പാതയിലാണ് മുന്നേറുന്നത്. ഭൂരഹിതർക്കും മൂലധനമില്ലാത്തവർക്കും സമൃദ്ധിയിലേക്കുള്ള പാത സഹകരണ മേഖല തുറക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ പാൽ ഉൽപ്പാദക രാജ്യമായി ഇന്ത്യ മാറി. 2014-15 ൽ 140 ദശലക്ഷം ടൺ ആയിരുന്ന പാൽ ഉത്പാദനം ഇപ്പോൾ 240 ദശലക്ഷം ടൺ കവിഞ്ഞു. ചാക്രിക സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനം ലഭിക്കുന്നു. സ്വകാര്യ മേഖലയിലെ പാൽ വിൽപ്പനക്കാരുടെ കന്നുകാലികൾക്ക് കാലിത്തീറ്റയും പ്രതിരോധ കുത്തിവയ്പ്പുകളും സഹകരണ ക്ഷീരസംഘങ്ങൾ വഴി നൽകും. അവിടെ സ്വകാര്യ മേഖലയിൽ നിന്നുള്ള കാലിചാണകം ശേഖരിച്ച് വാതകം ഉത്പാദിപ്പിക്കാൻ ഉപയോഗിക്കും. ഒരു മൃഗത്തിന് ജീവഹാനി ഉണ്ടാകുമ്പോൾ അതിന്റെ തൊലിക്കും അസ്ഥികൾക്കുമായി സഹകരണ ക്ഷീരകർഷകർക്ക് സഹകരണ സംഘങ്ങൾ വഴി ഉയർന്ന വിപണി വില നൽകും. ഇതിനകം 10,000 കോടി രൂപയുടെ വകയിരുത്തലോടെയാണ് ഈ പദ്ധതി ആരംഭിച്ചത്. 2024 ഡിസംബർ 25 ന് ആരംഭിച്ച സഹകരണ സംഘത്തിന്റെ നേതൃത്വത്തിലുള്ള ധവള വിപ്ലവം 2.0 പ്രകാരം, അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പാൽ സംഭരണം 50% വർദ്ധിപ്പിക്കാൻ ശ്രമങ്ങൾ നടക്കുന്നു. കഴിഞ്ഞ നാല് വർഷത്തിനിടെ, പിഎസിഎസ്, ക്ഷീര സംഘങ്ങൾ, മത്സ്യമേഖലയിലെ സംഘങ്ങൾ, സഹകരണ ബാങ്കുകൾ, പഞ്ചസാര സഹകരണ സംഘങ്ങൾ, ഭരണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനായി ശ്രമിക്കുന്നു. ഇതിനായി ഡിജിറ്റൽ പരിഷ്കാരങ്ങൾ, നയ മാറ്റങ്ങൾ, സാമ്പത്തിക സഹായം, സ്ഥാപനപരമായ ശേഷി വികസനം എന്നിവയുൾപ്പെടെ 100-ലധികം സംരംഭങ്ങൾ സഹകരണ മന്ത്രാലയം നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനായി, പ്രധാനമന്ത്രി മോദിയുടെ മാർഗ്ഗനിർദ്ദേശത്തിൽ കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങളുമായി സഹകരിച്ച് സമഗ്ര സഹകരണ സംരംഭങ്ങൾക്കായി പ്രവർത്തിക്കുന്നു.

## ദേശീയ സഹകരണ വികസന കോർപ്പറേഷൻ

### വിപുലമായ പ്രവർത്തനം

**ഭൂമിശാസ്ത്രപരമായ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി, ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻസിഡിസി) ആന്ധ്രാപ്രദേശിലെ വിജയവാഡയിൽ ഒരു പ്രാദേശിക ഓഫീസും ജമ്മു കശ്മീർ, ലഡാക്ക്, സിക്കിം, മണിപ്പൂർ, മിസോറാം, ത്രിപുര, അരുണാചൽ പ്രദേശ്, മേഘാലയ, നാഗാലാൻഡ് എന്നിവിടങ്ങളിൽ ഉപഓഫീസുകളും തുറന്നു. എൻസിഡിസിയുടെ വായ്പാ വിതരണം 2020-21 സാമ്പത്തിക വർഷത്തിലെ 24,733 കോടി രൂപയിൽ നിന്ന് 2024-25 ൽ 95,183 കോടി രൂപയായി വർദ്ധിച്ചു. 2014-15 ൽ ഈ തുക 5,735.51 കോടി രൂപ മാത്രമായിരുന്നു**



## രാജ്യത്ത് 30-ലധികം തരത്തിലുള്ള സഹകരണ സംഘങ്ങളുണ്ട്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി രാജ്യത്ത് സഹകരണ സ്ഥാപനങ്ങൾ അതിവേഗം വളർന്നു. 30-ലധികം വിഭാഗങ്ങളിലായി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രധാനപ്പെട്ട ചില വിഭാഗങ്ങളുടെ പേരുകളും എണ്ണവും..

| സൊസൈറ്റിയുടെ പേര് | സൊസൈറ്റികളുടെ എണ്ണം |
|---|---|
| കന്നുകാലി, കോഴി വളർത്തൽ സഹകരണ സംഘങ്ങൾ | 16,735 |
| വിപണന സഹകരണ സംഘങ്ങൾ | 9,219 |
| പലവക വായ്പായിതര സംഘം | 30,623 |
| വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ | 20,368 |
| പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ | 99,359 |
| ഗതാഗത സഹകരണ സംഘങ്ങൾ | 4,174 |
| ഗോത്രവർഗ എസ്സി/എസ്ടി സഹകരണ സംഘങ്ങൾ | 1,516 |
| വനിതാ ക്ഷേമ സഹകരണ സംഘങ്ങൾ | 25,067 |
| കൃഷി, അനുബന്ധ സഹകരണ സംഘങ്ങൾ | 27,143 |
| കാർഷിക സംസ്കരണ സഹകരണ സംഘങ്ങൾ | 22,925 |
| ഉപഭോക്തൃ സഹകരണ സംഘങ്ങൾ | 21,772 |
| ക്രെഡിറ്റ് & ത്രിഫ്റ്റ് സൊസൈറ്റികൾ | 80,331 |
| ക്ഷീര സഹകരണ സംഘങ്ങൾ | 1,43,500 |
| മത്സ്യബന്ധന സഹകരണസംഘങ്ങൾ | 25,894 |
| കൈത്തറി, നെയ്ത്തുകാരുടെ സഹകരണസംഘങ്ങൾ | 19,613 |
| ഭവന സഹകരണസംഘങ്ങൾ | 1,92,147 |
| തൊഴിലാളി സഹകരണസംഘങ്ങൾ | 44,859 |



ഇന്ന്, അമുലിന് 90,000 കോടി രൂപയുടെ വിറ്റുവരവുണ്ട്. അമുലിൽ ഉപഭോക്തൃ വിലയുടെ




36 ലക്ഷത്തിലധികം ക്ഷീരകർഷകരിൽ നേരിട്ട് എത്തുന്നു.

പതിറ്റാണ്ടുകളുടെ അവഗണനയും ഭരണപരമായ കെടുകാര്യസ്ഥതയും മിക്ക പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെയും (PACS) സാമ്പത്തികമായി ദുർബലവും നിഷ്ക്രിയവുമാക്കി മാറ്റി. ഗവൺമെന്റ് PACS-കളുടെ സ്വാധീനം വികസിപ്പിക്കാനും അവയെ സാമ്പത്തികമായി ലാഭകരമാക്കാനും തുടങ്ങി. സമൂഹത്തിലെ സാമ്പത്തികമായി വികസനം കാംക്ഷിക്കുന്ന വ്യക്തികളെ സമ്പന്നരാക്കുക മാത്രമല്ല, അവരെ വിശാലമായ മുഖ്യധാരാ സമ്പദ്‌വ്യവസ്ഥയുടെ ഭാഗമാക്കുകയും ചെയ്യുന്ന ഒരു സംവിധാനമാണ് സഹകരണ സ്ഥാപനങ്ങൾ. മൂലധനം കുറവുള്ളവരുടെയോ അല്ലെങ്കിൽ ഇല്ലാത്തവരുടെയോ പ്രതിസന്ധി ഒഴിവാക്കാനുള്ള ശക്തമായ സംവിധാനമാണ് സഹകരണ സ്ഥാപനങ്ങൾ. രാജ്യത്ത് സഹകരണ സ്ഥാപനങ്ങൾക്ക് സമ്പന്നമായ ഒരു പാരമ്പര്യമുണ്ടെങ്കിലും, സ്വാതന്ത്ര്യത്തിന് മുന്പുള്ള കാലങ്ങളിലായി പാർശ്വവൽക്കരിക്കപ്പെട്ട പൗരന്മാർ അനുഭവിച്ചിരുന്ന സാമ്പത്തിക ദുരവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാലത്ത് ശ്രദ്ധേയമായി.

### പുതിയ ദേശീയ സഹകരണ നയം

പുതിയ ദേശീയ സഹകരണ നയം 2025 ജൂലൈ 24 ന് ആരംഭിച്ചു. ഈ നയം സഹകരണ മേഖലയുടെ വ്യവസ്ഥാപിതവും സമഗ്രവുമായ വികസനത്തിന് വഴിയൊരുക്കുന്ന ഒരു കർമ്മ പദ്ധതിയും സമഗ്ര ചട്ടക്കൂടും നൽകുന്നു.

## സഹകരണ സ്ഥാപനങ്ങളോടുള്ള പുതുതലമുറയുടെ അടുപ്പം വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ

**രാജ്യത്ത് ഏകദേശം 320 ദശലക്ഷം പേർ ഏതെങ്കിലും തരത്തിൽ സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും, ഭാവി തലമുറയുമായി അതിനെ കോർത്തിണക്കി സഹകരണ അടിത്തറയെ ശക്തിപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് ആഗ്രഹിക്കുന്നു. അതുകൊണ്ടാണ്, സഹകരണ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ എൻസിഇആർടിയുമായി കൂടിയാലോചിച്ചുകൊണ്ട് സഹകരണ പരിശീലനത്തിനുള്ള ദേശീയസമിതി (എൻസിസിടി) സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് ഒരു പ്രത്യേക പാഠ്യപദ്ധതി വികസിപ്പിച്ചെടുത്തത്. രാഷ്ട്രനിർമ്മാണത്തിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്കിനെക്കുറിച്ച് സ്കൂൾ വിദ്യാർത്ഥികളെ ബോധവാന്മാരാക്കുകയും സഹകരണ മേഖലയിൽ തൊഴിൽ നേടാൻ അവരെ പ്രചോദിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം. എൻസിഇആർടി പാഠ്യപദ്ധതിയുള്ള സ്കൂളുകളിലെ സെക്കൻഡറി തല വിദ്യാർത്ഥികൾക്ക് ഈ പ്രത്യേക പാഠ്യപദ്ധതി അവതരിപ്പിക്കും.**

- സഹകരണ മന്ത്രാലയത്തിന്റെയും നാഷണൽ കൗൺസിൽ ഫോർ കോപ്പറേറ്റീവ് ട്രെയിനിംഗിന്റെ (എൻസിസിടി) ശ്രമങ്ങളുടെയും കീഴിൽ,വിദ്യാർത്ഥികൾക്ക് സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള അടിസ്ഥാന ജ്ഞാനം നൽകുന്നതിനായി എൻസിഇആർടി ആറാം ക്ലാസ് പാഠ്യപദ്ധതിയിൽ സഹകരണത്തെക്കുറിച്ചുള്ള ഒരു അധ്യായം ഉൾപ്പെടുത്തിയിട്ടുണ്ട്.
- പൂനെയിലെ വൈഭവ് ശങ്കർ മിത്തൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റ്, 2025 അക്കാദമിക സെഷനിൽ ന്യൂഡൽഹിയിലെ എഐസിടിഇയുമായി അഫിലിയേറ്റ് ചെയ്തുകൊണ്ട് 'പിജിഡിഎം-കോപ്പറേഷൻ' എന്ന പുതിയ കോഴ്സ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു. ഈ കോഴ്സിൽ 30 വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാം.

## സഹകരണ ഭരണം, വിദ്യാഭ്യാസം, ഗവേഷണം എന്നിവയ്ക്ക് ടിഎസ്‌യു നേതൃത്വം നൽകും

*ത്രിഭുവൻ സഹകരണ സർവകലാശാല (TSU) ഗ്രാമീണ ഇന്ത്യയെ ശാക്തീകരിക്കുക മാത്രമല്ല, സുതാര്യവും പ്രൊഫഷണലും സമഗ്രവുമായ വികസനത്തിന് വഴിയൊരുക്കുകയും ചെയ്യും. ഇന്ത്യയിലെ സഹകരണ വിദ്യാഭ്യാസം, ഗവേഷണം, ഭരണം എന്നിവയ്ക്ക് ഇത് ഒരു പുതിയ ദിശാബോധം നൽകും. സഹകരണ വിദ്യാഭ്യാസത്തിനുള്ള പ്രധാന സ്ഥാപനമായിരിക്കും ഇത്. ഒരു ത്രിതല പാഠ്യപദ്ധതി സംവിധാനം രൂപകൽപ്പന ചെയ്തിട്ടുണ്ട്. പ്രവർത്തന തലത്തിൽ, പത്താം ക്ലാസ് വിദ്യാഭ്യാസമുള്ളവർക്ക് അത്യാവശ്യമായ അടിസ്ഥാന ജ്ഞാനവും സാങ്കേതിക വൈദഗ്ധ്യവും നൽകുന്നതിനായി കോഴ്സുകൾ വാഗ്ദാനം ചെയ്യും. സഹകരണ സ്ഥാപനങ്ങളുടെ മധ്യതല പരിപാലനമേഖലയ്ക്ക് അനുയോജ്യമായ സൂപ്പർവൈസറിതല ഡിപ്ലോമ പ്രോഗ്രാമുകൾ ഇവിടെ വാഗ്ദാനം ചെയ്യും. മാനേജീരിയൽ തലത്തിൽ, ബിരുദ, പിഎച്ച്ഡി പ്രോഗ്രാമുകൾ നടത്തും. വിദൂര പ്രദേശങ്ങളിൽ താമസിക്കുന്ന സഹകരണ തൊഴിലാളികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിന് അത്യാധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് സർവകലാശാല ഇ-പഠന പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കും.*

- ഗുജറാത്തിലെ ക്ഷീര സഹകരണ സംഘങ്ങൾ, കേരളത്തിലെ മത്സ്യബന്ധന സഹകരണ സംഘങ്ങൾ, മഹാരാഷ്ട്രയിലെ സഹകരണ ധനകാര്യ സ്ഥാപനങ്ങൾ, ഉത്തർപ്രദേശിലെയും ബീഹാറിലെയും വനിതാ സഹകരണ സംഘങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ മേഖലാധിഷ്ഠിത വിദ്യാഭ്യാസ, പരിശീലന കേന്ദ്രങ്ങൾ ടിഎസ്‌യു ആവിഷ്കരിക്കും.
- 2020 ലെ ദേശീയ വിദ്യാഭ്യാസ നയവുമായി പൊരുത്തപ്പെടുന്ന തരത്തിലായിരിക്കും പാഠ്യപദ്ധതി. മൾട്ടി ഡിസിപ്ലിനറി പഠനങ്ങൾക്ക് ഊന്നൽ നൽകും. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി പ്രതിവർഷം 800,000 വിദ്യാർത്ഥികളെ പരിശീലിപ്പിക്കുക എന്നതാണ് സർവകലാശാല ലക്ഷ്യമിടുന്നത്. 2026 ൽ സർവകലാശാകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകും.



അടുത്ത 10 വർഷത്തിനുള്ളിൽ ആറ് തന്ത്രപരമായ ദൗത്യങ്ങളായി തരം തിരിച്ചിരിക്കുന്ന 16 ലക്ഷ്യങ്ങൾ കൈവരിക്കുക എന്നതാണ് ഈ നയത്തിന്റെ ദൗത്യം. 2025 ലെ ദേശീയ സഹകരണ നയത്തിന്റെ ലക്ഷ്യം, ഒറ്റ വാചകത്തിൽ പറഞ്ഞാൽ 'സഹകരണത്തിലൂടെ സമൃദ്ധി' എന്ന വീക്ഷണത്തോടെ ഇന്ത്യയെ 2047 ഓടെ ഒരു വികസിത രാഷ്ട്രമാക്കുക എന്നതാണ്.

**യുവ തലമുറകളെ സഹകരണ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കുന്നതിനായി സഹകരണ സർവകലാശാല**

തലമുറ വികസനം എന്ന മന്ത്രത്തോടെ ഗുജറാത്തിൽ ത്രിഭുവൻ സഹകരണ സർവകലാശാല സ്ഥാപിതമായി. 2025 മാർച്ചിൽ പാർലമെന്റ് ഇതിനായി ഒരു നിയമം പാസാക്കി. എന്നിരുന്നാലും, ഇന്ത്യയിലുടനീളം അതിന്റെ അധികാരപരിധി ഉണ്ടായിരിക്കും. ഇത് സഹകരണ മേഖലയിൽ പരിശീലനം ലഭിച്ചവരെ ലഭ്യമാക്കും




## "സഹകരണത്തിലൂടെ സമൃദ്ധി" എന്ന മന്ത്രം തന്റെ ഹൃദയത്തോട് ചേർന്നത്: അമിത് ഷാ

*ഗുജറാത്ത് രാഷ്ട്രീയത്തിലെ സജീവ ഇടപെടലിനിടെയാണ് കേന്ദ്ര ആഭ്യന്തര, സഹകരണ മന്ത്രി അമിത് ഷാ സഹകരണ പ്രസ്ഥാനത്തിൽ താൽപര്യം പ്രകടിപ്പിച്ചത്. 18 വയസ്സ് മുതൽ അദ്ദേഹം സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട്. അതിന്റെ ശക്തിയും ബലഹീനതയും അടുത്തറിയാൻ അദ്ദേഹത്തിന് കഴിഞ്ഞു. 2001 ൽ ഒരു രാഷ്ട്രീയ സംഘടനയുടെ സഹകരണ സെല്ലിന്റെ ദേശീയ കൺവീനറായി സേവനമനുഷ്ഠിച്ചപ്പോഴാണ് സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആഴത്തിലുള്ള ഉൾക്കാഴ്ച ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടത്. തകർച്ചയിലായ അഹമ്മദാബാദ് ജില്ലാ സഹകരണ ബാങ്കും അഹമ്മദാബാദിലെ മാധവപുര ബാങ്കും പുനരുജ്ജീവിപ്പിച്ചതിന്റെ ഖ്യാതിയും അദ്ദേഹത്തിനുണ്ട്. രാജ്യത്ത് സഹകരണ മേഖലയിൽ വിപുലമായ മാറ്റങ്ങൾ ആവശ്യമായിരുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി സഹകരണ മന്ത്രാലയം രൂപീകരിച്ചപ്പോൾ, അമിത് ഷായ്ക്ക് ആ ഉത്തരവാദിത്വം ലഭിച്ചു. രാജ്യത്തെ ആദ്യത്തെ കേന്ദ്ര സഹകരണ മന്ത്രി എന്ന നിലയിൽ, ചുരുങ്ങിയ സമയത്തിനുള്ളിൽ, നിരവധി പുതിയ പദ്ധതികൾ, നയ സംരംഭങ്ങൾ, പരിഷ്കരണ നടപടികൾ എന്നിവയിലൂടെ അദ്ദേഹം ഭരണപരവും നയപരവുമായ തലങ്ങളിൽ മേഖലയെ മാറ്റിമറിച്ചു. പാർലമെന്റിൽ ഒരു ബിൽ പാസാക്കുന്നതിലൂടെ, അദ്ദേഹം ഈ മേഖലയെ ദേശീയ ചർച്ചയുടെ മുഖ്യധാരയിലേക്ക് കൊണ്ടുവന്നു. ഇന്ത്യയുടെ സാമ്പത്തിക ആസൂത്രണത്തിലും പുരോഗതിയിലും 'സഹകരണത്തിലൂടെ സമൃദ്ധി' എന്നത് ഒരു ജനപ്രിയ പദമായി മാറിയത് അദ്ദേഹത്തിന്റെ പരിശ്രമത്തിന്റെയും പ്രധാനമന്ത്രി മോദിയുടെ ദീർഘവീക്ഷണത്തിന്റെയും ഫലമാണ്. സഹകരണ മേഖലയോടുള്ള അദേഹത്തിന്റെ അടുപ്പവും ഒരു രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും നിർമ്മാണത്തിൽ മേഖലയുടെ പ്രാധാന്യവും അദ്ദേഹത്തിന്റെ പ്രസ്താവനയിൽ നിന്ന് വ്യക്തമാണ്, 'സർദാർ പട്ടേൽ ആഭ്യന്തര മന്ത്രി കൂടിയായിരുന്നതിനാൽ രാജ്യത്തിന്റെ ആഭ്യന്തര മന്ത്രിയാകുക എന്നത് ഒരു വലിയ നേട്ടമാണ്. എന്നാൽ ഞാൻ സഹകരണ മന്ത്രിയായി നിയമിതനായ ദിവസം, ആഭ്യന്തര മന്ത്രാലയത്തേക്കാൾ വലിയ ഒരു വകുപ്പ് എനിക്ക് ലഭിച്ചു. രാജ്യത്തെ ദരിദ്രർക്കും, കർഷകർക്കും, ഗ്രാമങ്ങൾക്കും, കന്നുകാലി സമ്പത്തിനും വേണ്ടി പ്രവർത്തിക്കുന്ന ഒരു മന്ത്രാലയമാണിത്.'*

ഏകദേശം 4.5 വർഷമായി സഹകരണ മേഖലാ വികസനത്തിൽ നിന്ന് നേടിയ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര ഗവൺമെന്റ് സഹകരണ സർവകലാശാല സ്ഥാപിച്ചത്. ഇത് സഹകരണ തൊഴിലുകളിൽ സ്വജനപക്ഷപാതം ഇല്ലാതാക്കും. പകരം, ഇനി സഹകരണ മേഖലയിലെ നിർണായക മാനദണ്ഡമായി ബിരുദം മാറും. ബിരുദങ്ങളും ഡിപ്ലോമകളും കഴിവും ഉള്ളവർക്ക് മാത്രമേ ജോലി ലഭിക്കൂ. ഇത് ഒരു പുതിയ സഹകരണ സംസ്കാരത്തിന് തുടക്കമിടും. ഈ സഹകരണ സർവകലാശാല പ്രതിവർഷം 800,000 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകും. രാജ്യത്തുടനീളം അഫിലിയേറ്റഡ് കോളേജുകളും സ്കൂളുകളും തുറക്കും. 10, 12 ക്ലാസുകൾക്കുള്ള കോഴ്സുകളും എഞ്ചിനീയറിംഗ്, ചാർട്ടേഡ് അക്കൗണ്ടൻസി കോഴ്സുകളും ഇത് വാഗ്ദാനം ചെയ്യും.

എല്ലാവർക്കും തൊഴിൽ നൽകുക, ജീവിത നിലവാരം ഉയർത്തുക, മികച്ച ജീവിതം ഉറപ്പാക്കുക എന്നീ ലക്ഷ്യം സഹകരണ സ്ഥാപനങ്ങളില്ലാതെ നിറവേറ്റാൻ കഴിയില്ല. ഈ പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട്, കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഒരു പുതിയ യുഗത്തിന് തുടക്കമിട്ടു. സഹകരണ പ്രസ്ഥാനം ഇന്ത്യയുടെ ഗ്രാമീണ സമൂഹത്തിന്റെ പുരോഗതി ഉറപ്പാക്കുകയും സാമൂഹിക മൂലധനമെന്ന ഒരു പുതിയ ആശയം സൃഷ്ടിക്കുകയും ചെയ്യുന്നു. സഹകരണ സ്ഥാപനങ്ങളുടെ വിജയം നാല് ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു: ദൃഢനിശ്ചയം, വ്യക്തമായ ഉദ്ദേശ്യങ്ങൾ, കഠിനാധ്വാനം, ഐക്യബോധം. ഈ മനോഭാവത്തോടെ, സാധാരണ പൗരന്മാരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു മാർഗമായി സഹകരണ സ്ഥാപനങ്ങൾ മാറുകയാണ്.

ധർത്തി ആബ ഭഗവാൻ ബിർസ മുണ്ടയുടെ 150 മത് ജന്മവാർഷികം

# ഗോത്ര ക്ഷേമത്തിന് മുൻഗണന

*രാജ്യം 'എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം' എന്ന മന്ത്രം സ്വീകരിച്ചു. ഈ മന്ത്രം വർഷങ്ങളായി ദശലക്ഷക്കണക്കിന് പേരുടെ ജീവിതത്തെ പരിവർത്തനം ചെയ്യുകയും രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുത്തുകയും പതിറ്റാണ്ടുകളായി അവഗണിക്കപ്പെട്ട ഗോത്ര സമൂഹങ്ങളെ മുഖ്യധാരയിലേക്ക് സംയോജിപ്പിക്കുകയും ചെയ്തു. ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നവംബർ 15 ന്, വികസന യാത്രയിൽ ആരും പിന്തള്ളപ്പെടാതിരിക്കാൻ 'എല്ലാവർക്കും ഒപ്പം എല്ലാവരുടെയും വികസനം' എന്ന മന്ത്രം ശക്തിപ്പെടുത്തുമെന്ന് പ്രതിജ്ഞയെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു...*

രാജ്യത്തിന്റെ അഭിമാനം, അന്തസ്സ്, സ്വയംഭരണം എന്നിവ അപകടത്തിലായപ്പോഴെല്ലാം നമ്മുടെ ഗോത്ര സമൂഹം മുൻപന്തിയിൽ നിന്നു. നമ്മുടെ സ്വാതന്ത്ര്യസമരം ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്. ഗോത്ര സമൂഹത്തിലെ ധീരരായ തിലക മാഞ്ചി, റാണി ഗൈഡിൻലിയു, സിദ്ധു-കാൻഹു, ഭൈരവ് മുർമു, ബുദ്ധു ഭഗത് എന്നിവരും അല്ലൂരി സീതാരാമ രാജു തുടങ്ങിയ പ്രചോദനാത്മക വ്യക്തികളും സ്വാതന്ത്ര്യത്തിന്റെ ദീപശിഖ മുന്നോട്ട് നയിച്ചു. അതുപോലെ, മധ്യപ്രദേശിലെ താന്തിയ ഭിൽ, ഛത്തീസ്ഗഡിലെ വീർ നാരായൺ സിംഗ്, ഝാർഖണ്ഡിലെ തെലങ്ക ഖരിയ, അസമിലെ രൂപ് ചന്ദ് കോൺവാർ, ഒഡീഷയിലെ ലക്ഷ്മൺ നായിക് തുടങ്ങിയ നിരവധി ധീര യോദ്ധാക്കൾ സ്വാതന്ത്ര്യത്തിനായി നിരവധി ത്യാഗങ്ങൾ സഹിച്ചു. അക്ഷീണം പോരാടിയ അവർ ബ്രിട്ടീഷുകാരുടെ സമാധാനം കെടുത്തി. ഗോത്ര സമൂഹം എണ്ണമറ്റ വിപ്ലവങ്ങൾക്ക് നേതൃത്വം നൽകുകയും സ്വാതന്ത്ര്യത്തിനായി രക്തം ചിന്തുകയും ചെയ്തു. സ്വാതന്ത്ര്യസമരത്തിൽ ഗോത്ര സമൂഹത്തിന്റെ സംഭാവനകളെ നമുക്ക് മറക്കാനാകില്ലെന്ന് ഗുജറാത്തിലെ ദേദിയപദയിൽ നടന്ന ജൻജാതിയ ഗൗരവ് ദിവസ് പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 2021-ൽ, ഭഗവാൻ ബിർസ മുണ്ടയുടെ ജന്മദിനം ജൻജാതിയ ഗൗരവ് ദിവസമായി ആഘോഷിച്ചു.



**ഏതൊരു സമൂഹത്തിന്റെയും പുരോഗതിക്ക്, ജനാധിപത്യത്തിൽ അതിന്റെ യഥാർത്ഥ പങ്കാളിത്തം ഒരുപോലെ പ്രധാനമാണ്. അതിനാൽ, ഗോത്ര സമൂഹത്തിൽ നിന്നുള്ള നമ്മുടെ സഹോദരീസഹോദരന്മാർ രാജ്യത്ത് ഉന്നത പദവികളിൽ എത്തുകയും രാഷ്ട്രത്തെ നയിക്കുകയും ചെയ്യുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഇന്ന് രാജ്യത്തിന്റെ രാഷ്ട്രപതി ഒരു ഗോത്ര വനിതയാണ്.**

നരേന്ദ്ര മോദി, പ്രധാനമന്ത്രി



## മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴി പദ്ധതി സുഗമമായി പുരോഗമിക്കുന്നു

ഗുജറാത്തിലെ സൂറത്തിൽ നിർമ്മാണത്തിലിരിക്കുന്ന ബുള്ളറ്റ് ട്രെയിൻ സ്റ്റേഷൻ പ്രധാനമന്ത്രി മോദി സന്ദർശിച്ചു. മുംബൈ-അഹമ്മദാബാദ് അതിവേഗ റെയിൽ ഇടനാഴിയുടെ പുരോഗതി അവലോകനം ചെയ്തു. ഇന്ത്യയിലെ പ്രഥമ ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ പിന്നണി സംഘവുമായി അദ്ദേഹം സംവദിക്കുകയും നിശ്ചിത ലക്ഷ്യങ്ങൾ പാലിക്കുന്നത് ഉൾപ്പെടെ പദ്ധതിയുടെ പുരോഗതിയെക്കുറിച്ച് വിലയിരുത്തുകയും അന്വേഷിക്കുകയും ചെയ്തു. പദ്ധതി ഒരു ബുദ്ധിമുട്ടും കൂടാതെ സുഗമമായി പുരോഗമിക്കുന്നതായി ജീവനക്കാർ റിപ്പോർട്ട് ചെയ്തു.

## ദ്രുതഗതിയിലുള്ള വികസനത്തിനായി പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും

- ഗുജറാത്തിലെ ദേദിയപാദ ഗോത്ര സമൂഹങ്ങളുടെ ഉന്നമനത്തിനും മേഖലയിലെ ഗ്രാമീണ, വിദൂര പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുള്ള നിരവധി വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും.
- ഒരു ലക്ഷം വീടുകളുടെ ഗൃഹപ്രവേശം: പ്രധാനമന്ത്രി ജൻജാതി ആദിവാസി ന്യായ് മഹാ അഭിയാൻ (പിഎം-ജൻമൻ), ധർത്തി ആബ ജൻജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ (ഡിഎ-ജെ എ ജി യു എ) എന്നിവയുടെ കീഴിൽ നിർമ്മിച്ചത്.
- ഏകദേശം 1,900 കോടി രൂപ ചെലവിൽ ഗോത്ര വിദ്യാർത്ഥികൾക്കായി സമർപ്പിച്ചിരിക്കുന്ന 42 ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ (ഇഎംആർഎസ്) ഉദ്ഘാടനം.
- സമൂഹാധിഷ്ഠിത പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന 228 വിവിധോദ്ദേശ്യ കേന്ദ്രങ്ങൾ, ദിബ്രുഗഡിലെ അസം മെഡിക്കൽ കോളേജിലെ കോംപിറ്റൻസ് സെന്റർ, മണിപ്പൂരിലെ ഇംഫാലിൽ ഗോത്ര സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണത്തിനായി ട്രൈബൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടിആർഐ) മന്ദിരം എന്നിവയുടെ ഉദ്ഘാടനം.
- ഗോത്ര മേഖലകളിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനായി ഗുജറാത്തിലെ 14 ഗോത്ര ജില്ലകളിലേക്ക് 250 ബസുകൾ ഫ്ലാഗ് ഓഫ് ചെയ്തു.
- ഗോത്ര മേഖലകളിലെ ഗതാഗത സംവിധാനം വർദ്ധിപ്പിക്കുന്നതിനായി 748 കിലോമീറ്റർ പുതിയ റോഡുകൾക്കും, ഡിഎ-ജെ എ ജി യു എയ്ക്ക് കീഴിൽ 14 ഗോത്ര വിപണന കേന്ദ്രങ്ങൾക്കും (ടിഎംഎംസി) തറക്കല്ലിടൽ.

**2,320+** കോടിയിലധികം രൂപ ചെലവഴിച്ച് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കും. അതിനായുള്ള ശിലാ സ്ഥാപനം നിർവഹിച്ചു.

ആയിരക്കണക്കിന് വർഷങ്ങളായി ഇന്ത്യയുടെ സ്വത്വത്തിന്റെ അവിഭാജ്യ ഘടകമാണ് ഗോത്ര അഭിമാനം. ഗോത്ര യുവാക്കൾക്ക് അവസരം ലഭിച്ചാൽ, എല്ലാ മേഖലകളിലും മികച്ച ഉയരങ്ങൾ കൈവരിക്കാനുള്ള ശക്തി അവർക്കുണ്ട്. ധൈര്യം, കഠിനാധ്വാനം, കഴിവ് എന്നിവ അവർക്ക് പാരമ്പര്യമായി ലഭിക്കുന്നു. ലോകമെമ്പാടും ഇന്ത്യയുടെ മഹത്വം ഉയർത്തുന്നതിൽ ഗോത്ര ജനത ഗണ്യമായ സംഭാവന നൽകിയിട്ടുള്ളതെങ്ങനെയെന്ന് കായിക ലോകത്തിന്റെ ഉദാഹരണം തെളിയിക്കുന്നു. കൂടാതെ, ഗോത്ര വിഭാഗത്തിലെ കുട്ടികളുടെ ശോഭനമായ ഭാവി ഉറപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് അക്ഷീണം പ്രവർത്തിക്കുന്നു. കഴിഞ്ഞ അഞ്ച് - ആറ് വർഷത്തിനുള്ളിൽ മാത്രം രാജ്യത്തുടനീളമുള്ള ഏകലവ്യ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ കേന്ദ്ര ഗവൺമെന്റ് 18,000 കോടിയിലധികം രൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. സ്കൂളുകളിൽ പെൺകുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. തൽഫലമായി, ഈ സ്കൂളുകളിൽ ചേരുന്ന ഗോത്ര വിഭാഗം കുട്ടികളുടെ എണ്ണം 60 ശതമാനം വർദ്ധിച്ചു.

### ദേവമോഗ്ര മാതയ്ക്ക് പ്രാർത്ഥന അർപ്പിച്ചു

ജനജാതിയ ഗൗരവ് ദിവസ് ആഘോഷ ദിനമായ നവംബർ 15 ന് പ്രധാനമന്ത്രി മോദി ദേവമോഗ്ര മാതാ ക്ഷേത്രം സന്ദർശിച്ചു. അദ്ദേഹം ദേവമോഗ്ര മാതയ്ക്ക് പ്രാർത്ഥന അർപ്പിച്ചു. എല്ലാ പൗരന്മാരുടെയും ആരോഗ്യത്തിനും പുരോഗതിക്കും വേണ്ടി അനുഗ്രഹം തേടി. ഈ അനുഭവത്തെ പവിത്രമായി വിശേഷിപ്പിച്ച പ്രധാനമന്ത്രി മോദി, ദേവിയുടെ അനുഗ്രഹം ലഭിക്കാൻ രാജ്യമെമ്പാടുമുള്ള ജനങ്ങളോട് ക്ഷേത്രം സന്ദർശിക്കാൻ ആഹ്വാനം ചെയ്തു.

### ഝാർഖണ്ഡിന്റെ സ്ഥാപക ദിനത്തിൽ ആശംസകൾ

പ്രധാനമന്ത്രി മോദി ഝാർഖണ്ഡിന്റെ സ്ഥാപക ദിനത്തിൽ ആശംസകൾ നേർന്നു. ഊർജ്ജസ്വലമായ ഗോത്ര സംസ്കാരത്താൽ സമ്പന്നമായ ഒരു മഹത്തായ നാടാണ് ഝാർഖണ്ഡ്. ഭഗവാൻ ബിർസ മുണ്ടയുടെ പാരമ്പര്യത്തെ അനുസ്മരിച്ചുകൊണ്ട്, ഈ പുണ്യഭൂമിയുടെ ചരിത്രം ധൈര്യത്തിന്റെയും പോരാട്ടത്തിന്റെയും അന്തസ്സിന്റെയും പ്രചോദനാത്മകമായ കഥകളാൽ സമ്പന്നമാണ് എന്ന് അദ്ദേഹം പറഞ്ഞു.

*പ്രധാനമന്ത്രിയുടെ പരിപാടിയുടെ പൂർണ്ണരൂപം കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.*



# സ്വയംപര്യാപ്തതയിലേക്ക്; ദിവ്യാംഗരുടെ ശാക്തീകരണം

*പരിമിതികളെ അവസരങ്ങളാക്കി മാറ്റുന്ന അചഞ്ചല നിശ്ചയദാർഢ്യത്തെയും പ്രതിരോധശേഷിയെയും ആഘോഷിക്കുകയാണ് അന്താരാഷ്ട്ര ഭിന്നശേഷി ദിനം. കഴിഞ്ഞ പതിറ്റാണ്ടിലുടനീളം കേന്ദ്ര സർക്കാരിന്റെ പുരോഗമനപരമായ നയങ്ങൾ ഈ സാധ്യതകളെ ശക്തിപ്പെടുത്തി. കഴിഞ്ഞ 10 വർഷത്തിനിടെ ഭിന്നശേഷിക്കാരുടെ ജീവിതം അന്തസ്സാർന്നതും സ്വയംപര്യാപ്തവുമാക്കാൻ കേന്ദ്ര സർക്കാർ കൈക്കൊണ്ട ശ്രമങ്ങൾ പരിശോധിക്കാം...*

അവസരവും വിശ്വാസവുമാണ് സ്വന്തം കഴിവുകൾ പൂർണമായി തിരിച്ചറിയാൻ വ്യക്തികളെ ശാക്തീകരിക്കുന്നത്. ഇതിന് മികച്ച ഉദാഹരണമാണ് ജമ്മു കശ്മീരിലെ 16 വയസ്സുകാരി ശീതൾ ദേവിയുടെ നേട്ടങ്ങൾ. രണ്ട് കൈകളുമില്ലാതിരുന്നിട്ടും പല്ലുകളും പാദങ്ങളും ഉപയോഗിച്ച് ശീതൾ അമ്പെയ്യുന്നു. ഫോക്കോമീലിയ എന്ന അപൂർവ അവസ്ഥയോടെയാണ് ജനിച്ചതെങ്കിലും സഹനശേഷിയോടെ മുന്നേറിയ ശീതളിന് എല്ലാ ഘട്ടത്തിലും സർക്കാർ നൽകിയ പിന്തുണ ഫലം കണ്ടു. ഇന്ത്യൻ കരസേനയുടെ യുവജന പരിപാടിയിൽ ചേർന്നതാണ് ശീതളിന്റെ കായിക ജീവിതത്തിന് അടിത്തറ പാകിയത്. ഹാങ്ചൗ ഏഷ്യൻ പാരാ ഗെയിംസിൽ അമ്പെയ്ത്ത് മത്സരത്തിൽ പങ്കെടുത്ത ശീതൾ വനിതകളുടെ വ്യക്തിഗത കോംപൗണ്ട് ഓപ്പൺ ഇനത്തിൽ സ്വർണമെഡൽ നേടി. കേന്ദ്ര സർക്കാരിന്റെ ശാക്തീകരണ നയങ്ങളിലൂടെയും തീരുമാനങ്ങളിലൂടെയും സംരംഭങ്ങളിലൂടെയുമാണ് രാജ്യത്തെ ഭിന്നശേഷിക്കാരുടെ പ്രചോദനാത്മകമായ എണ്ണമറ്റ വിജയഗാഥകൾ സാക്ഷാത്ക്കരിക്കപ്പെട്ടത്.



## ദിവ്യാംഗരെ ശാക്തീകരിക്കുന്ന സംരംഭങ്ങൾ

രാജ്യത്തെ ഭിന്നശേഷിക്കാരെ ശാക്തീകരിക്കുന്നതിന് കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന് കീഴിലെ ഭിന്നശേഷി ശാക്തീകരണ വകുപ്പ് 16 സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 2015 ഡിസംബർ 3ന് അന്താരാഷ്ട്ര ഭിന്നശേഷി ദിനത്തിൽ ആരംഭിച്ച സുഗമ്യ ഭാരത് അഭിയാൻ ഈ സംരംഭങ്ങളിലൊന്നാണ്. ഭിന്നശേഷിക്കാർക്ക് എല്ലായിടങ്ങളിലും പ്രവേശനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ രാജ്യവ്യാപകമായി ആരംഭിച്ച ഈ സംരംഭം 10 വർഷം പൂർത്തിയാക്കിയതോടെ രാജ്യമെങ്ങും പ്രവേശനക്ഷമത മികച്ച രീതിയിൽ ഉയർന്നു.

1. സുഗമ്യ ഭാരത് അഭിയാൻ 2. സുഗമ്യ ഭാരത് യാത്ര 3.പ്രവേശന പാതകൾ 4. ശേഷി കൂടിയ കണ്ണടകൾ 5. ദിവ്യാശ ഈ-കോഫി ടേബിൾ ബുക്ക് 6. കദം കാൽമുട്ട് ജോയിന്റ് 7. ബോധവൽക്കരണ പ്രചാരണ പദ്ധതി 8. ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ കഥാപുസ്തകങ്ങൾ 9. ഏകീകൃത ഭാരതി ബ്രെയിൽ കോഡ് 10.ബ്രെയിൽ പുസ്തക പോർട്ടൽ 11. ഇൻഫോസിസ് ബി.പി.എം ധാരണാപത്രം 12. തൊഴിൽക്ഷമതാ നൈപുണ്യ പുസ്തകം 13. ഇൻഫോസിസ് സ്പ്രിംഗ്ബോർഡ് നൈപുണ്യ പരിപാടി 14. ശ്രവണ വൈകല്യത്തിന് ഗൂഗിൾ എക്സ്റ്റൻഷൻ 15. ഇ-സാന്നിധ്യ പോർട്ടൽ 16. എൻ.ഐ.ഇ.പി.ഐ.ഡി. സെക്കന്തരാബാദ് വികസിപ്പിച്ച കമ്പ്യൂട്ടർ അധിഷ്ഠിത ഇന്ത്യൻ ഇന്റലിജൻസ് ടെസ്റ്റ്

### എല്ലാ തലങ്ങളിലും പ്രവേശനക്ഷമത മെച്ചപ്പെടുത്തി സുഗമ്യ ഭാരത് അഭിയാൻ



**153**

അന്താരാഷ്ട്ര, ആഭ്യന്തര വിമാനത്താവളങ്ങളിൽ വീൽചെയറുകൾ, റാംപുകൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാവുന്ന ശൗചാലയങ്ങൾ, സ്പർശനക്ഷമമായ നടപ്പാതകൾ, എലിവേറ്ററുകൾ, പ്രത്യേക പാർക്കിങ് സൗകര്യങ്ങൾ എന്നിവ നൽകുന്നു.

**42,000** ത്തിലധികം ബസുകൾ ഭാഗികമായും 8,695 എണ്ണം പൂർണമായും ഭിന്നശേഷി സൗഹൃദമാണ്.




**709** റെയിൽവേ സ്റ്റേഷനുകളിൽ ഭിന്നശേഷിക്കാർക്ക് റാംപുകൾ, ശൗചാലയങ്ങൾ, എലിവേറ്ററുകൾ, ഹെൽപ്പ് ഡെസ്കുകൾ, പാർക്കിങ്, കുടിവെള്ള സൗകര്യങ്ങൾ എന്നിവയുണ്ട്.

**3,120** ബസ് ടെർമിനലുകൾ ഭിന്നശേഷി സൗഹൃമാണ്.

### ഭിന്നശേഷി കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം

- 1 മുതൽ 6 വരെ ക്ലാസുകളിലെ എൻ.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങൾ ഇന്ത്യൻ ആംഗ്യഭാഷയിലേക്ക് മാറ്റി. 1 മുതൽ 3 വരെ ക്ലാസുകളിലെ പാഠപുസ്തകങ്ങളും ഐഎസ്എല്ലിലേക്ക് മാറ്റിയിട്ടുണ്ട്.
- ഇന്ത്യൻ ആംഗ്യഭാഷാ ഗവേഷണ പരിശീലന കേന്ദ്രം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിങുമായി സഹകരിച്ച് സെക്കൻഡറി തലത്തിൽ ഐഎസ്എൽ ഭാഷാ വിഷയമായി ഉൾപ്പെടുത്താൻ പാഠ്യപദ്ധതി വികസിപ്പിച്ചു.
- 10,000-ത്തിലധികം വാക്കുകളടങ്ങുന്ന ഐഎസ്എൽ നിഘണ്ടു വികസിപ്പിച്ചു.

**1.26** കോടിയോളം അതുല്യ ഭിന്നശേഷി തിരിച്ചറിയൽ കാർഡുകൾ (യുഡിഐഡി) വിതരണം ചെയ്തിട്ടുണ്ട്.



### ഭിന്നശേഷിക്കാർക്ക് സുഗമമായ ജീവിതം സാധ്യമാക്കൽ

- നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിലൂടെ ഏതാനും വിഭാഗം ഭിന്നശേഷിക്കാർക്ക് 1 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ നൽകുന്നു.
- 2021 -ലെ ദേശീയ അപൂർവ രോഗ നയമനുസരിച്ച് 14 അംഗീകൃത മികവുകേന്ദ്രങ്ങളിൽ 63 അപൂർവ രോഗങ്ങളുടെ ചികിത്സയ്ക്ക് 50 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്നു.

**2.68** കോടി ഭിന്നശേഷിക്കാരാണ് 2011-ലെ സെൻസസ് പ്രകാരം രാജ്യത്തുള്ളത്. മൊത്തം ജനസംഖ്യയുടെ 2.21 ശതമാനമാണിത്.

### ദിവ്യാംഗരെ ശാക്തീകരിക്കുന്ന തീരുമാനങ്ങളും നടപടികളും

- കഴിഞ്ഞ 11 വർഷത്തിനിടെ 1.16 ലക്ഷം ഭിന്നശേഷിക്കാർക്ക് 2,415 കോടിയിലേറെ രൂപയുടെ പിന്തുണാ ഉപകരണങ്ങളും മറ്റ് സഹായങ്ങളും നൽകി.
- ഭിന്നശേഷി ശാക്തീകരണ വകുപ്പ് സംഘടിപ്പിച്ച ക്യാമ്പിൽ 10 ഗിന്നസ് ലോക റെക്കോർഡുകൾ പിറന്നു.
- 2014-ന് മുമ്പ് 7 ലക്ഷം പേർക്ക് മാത്രമാണ് കൃത്രിമ കൈകാലുകളും ഉപകരണങ്ങളും നൽകിയിരുന്നത്. 2014 മുതൽ 31 ലക്ഷത്തിലധികം ഭിന്നശേഷിക്കാർക്ക് കൃത്രിമ കൈകാലുകൾ ലഭ്യമാക്കി.

### 2016-ലെ ഭിന്നശേഷി അവകാശ നിയമം

- അംഗീകൃത ഭിന്നശേഷി വിഭാഗങ്ങൾ 7-ൽ നിന്ന് 21 ആയി വർധിപ്പിച്ചതോടെ കൂടുതൽ ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭിച്ചു.
- സർക്കാർ ജോലികളിലെ സംവരണം 3 ശതമാനത്തിൽ നിന്ന് 4 ശതമാനമായി വർധിപ്പിച്ചു.
- ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണം 3 ശതമാനത്തിൽനിന്ന് 5 ശതമാനമായി വർധിപ്പിച്ചു.




# നീതി എളുപ്പമാകുന്നത് സുഗമമായ ജീവിതത്തെയും സംരംഭക പ്രവർത്തനങ്ങളെയും പരിപോഷിപ്പിക്കുന്നു

*നീതി എല്ലാവർക്കും പ്രാപ്യമാവുകയും സാമൂഹ്യ - സാമ്പത്തിക പശ്ചാത്തലം പരിഗണിക്കാതെ ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ചെയ്യുമ്പോൾ അത് സാമൂഹ്യ നീതിയുടെ അടിത്തറയായി മാറുന്നു. നീതി ലഭ്യമാക്കുന്ന അടിസ്ഥാനപരമായ ഈ അവകാശം ശക്തിപ്പെടുത്താനും ലളിതവൽക്കരിക്കാനും ലക്ഷ്യമിട്ട് 'നിയമ സേവന വിതരണ വ്യവസ്ഥയുടെ ശാക്തീകരണം' എന്ന വിഷയത്തിൽ നവംബർ 8-ന് സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.*

ഇന്ത്യയുടെ നിയമ വ്യവസ്ഥ ഇനി ശിക്ഷാ സമ്പ്രദായത്തിലൂന്നിയല്ല, മറിച്ച് നീതിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. ഓരോ വ്യക്തിയുടെയും അടിസ്ഥാന അവകാശമായ നീതി എല്ലാവർക്കും എളുപ്പത്തിൽ ലഭ്യമാകേണ്ടതുണ്ട്. നീതിയും നിയമസഹായവും എളുപ്പത്തിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിൽ ദേശീയ നിയമ സേവന അതോറിറ്റി (നൽസ) സുപ്രധാന പങ്കുവഹിക്കുന്നു. ഈ വർഷം നൽസയുടെ 30-ാം വാർഷികമാണ്. മൂന്ന് പതിറ്റാണ്ടുകളായി രാജ്യത്തെ ഏറ്റവും ദരിദ്രരായ പൗരന്മാരുമായി നീതിന്യായ വ്യവസ്ഥയെ ബന്ധിപ്പിക്കാൻ വിവിധ ശ്രമങ്ങൾ നൽസ നടത്തിയിട്ടുണ്ട്. ദേശീയ തലം മുതൽ താലൂക്ക് തലം വരെ നീതിന്യായ വ്യവസ്ഥയും പൗരന്മാരും തമ്മിലെ ഒരു പാലമായി നിയമ സേവന അതോറിറ്റികൾ പ്രവർത്തിക്കുന്നു. ലോക് അദാലത്തുകളിലൂടെയും നിയമവ്യവഹാരത്തിന് മുൻപ് നടത്തുന്ന ഒത്തുതീർപ്പുകളിലൂടെയും ലക്ഷക്കണക്കിന് തർക്കങ്ങൾ വേഗത്തിലും സൗഹാർദപരമായും കുറഞ്ഞ ചെലവിലും പരിഹരിക്കപ്പെടുന്നു. കേന്ദ്രസർക്കാർ തുടക്കം കുറിച്ച നിയമസഹായ പ്രതിരോധ സമിതി സംവിധാനം കേവലം മൂന്ന് വർഷത്തിനകം 8 ലക്ഷത്തോളം ക്രിമിനൽ കേസുകളാണ് പരിഹരിച്ചത്. സർക്കാരിന്റെ ഈ ശ്രമങ്ങൾ രാജ്യത്തെ ദരിദ്രർക്കും അടിച്ചമർത്തപ്പെട്ടവർക്കും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും നീതി സുഗമമാക്കിയിരിക്കുന്നു.

കഴിഞ്ഞ 11 വർഷങ്ങളായി വ്യാപാര സംരംഭങ്ങൾ എളുപ്പമാക്കുന്നതിലും അതുവഴി ജീവിതം സുഗമമാക്കുന്നതിലും സർക്കാർ നിരന്തരം ശ്രദ്ധ കേന്ദ്രീകരിച്ചു. വ്യാപാരസംരംഭങ്ങളുമായി ബന്ധപ്പെട്ട 40,000-ത്തിലേറെ നിയമപരമായ അനാവശ്യ സങ്കീർണതകൾ നീക്കം ചെയ്തു. ജൻ വിശ്വാസ് നിയമം വഴി 3,400-ലധികം നിയമ വ്യവസ്ഥകളെ ക്രിമിനൽ കുറ്റമല്ലാതാക്കുകയും 1,500-ലേറെ കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദാക്കുകയും ചെയ്തു. നീതി എളുപ്പത്തിൽ ഉറപ്പാക്കുമ്പോൾ മാത്രമേ വ്യാപാരസംരംഭങ്ങൾ സുഗമമാക്കാനും അതുവഴി ജീവിതം സുഗമമാക്കാനും സാധിക്കൂവെന്ന് പ്രധാനമന്ത്രി മോദി ആവർത്തിച്ച് വ്യക്തമാക്കി.

## സമൂഹ മധ്യസ്ഥത പദ്ധതിയ്ക്ക് തുടക്കം

### നീതി ലഭ്യമാക്കാൻ ഒരു ജനകീയ പ്രസ്ഥാനം

നിയമ സേവന ദിനാചരണത്തിന്റെ ഭാഗമായി നിയമ സഹായ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച 20-ാമത് ദേശീയ സമ്മേളനത്തിൽ പരസ്പര സമ്മതത്തോടെ സമാധാനപരമായി തർക്കപരിഹാരം സാധ്യമാക്കാനായി ആവിഷ്ക്കരിച്ച സമൂഹ മധ്യസ്ഥത പദ്ധതിയുടെ പരിശീലന മൊഡ്യൂൾ പ്രധാനമന്ത്രി മോദി പുറത്തിറക്കി. ജനങ്ങൾക്ക് നീതിയും സാമൂഹ്യ പരിഹാരങ്ങളും ഉറപ്പാക്കാൻ ഇത് സഹായിക്കും. ചർച്ചകളിലൂടെയും സമവായത്തിലൂടെയും തർക്കങ്ങൾ പരിഹരിക്കുന്ന പൗരാണിക ഇന്ത്യൻ പാരമ്പര്യത്തെ പുതിയ മൊഡ്യൂൾ പുനരുജ്ജീവിപ്പിക്കുന്നുവെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഗ്രാമപഞ്ചായത്തുകൾ മുതൽ ഗ്രാമീണ പ്രമുഖർ വരെ മധ്യസ്ഥത എക്കാലത്തും ഇന്ത്യൻ നാഗരികതയുടെ ഭാഗമായിരുന്നു. പുതിയ മധ്യസ്ഥത നിയമം ഈ പാരമ്പര്യത്തെ മുന്നോട്ടു നയിക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുന്നു. തർക്കങ്ങൾ പരിഹരിക്കാനും സൗഹൃദം നിലനിർത്താനും വ്യവഹാരങ്ങൾ കുറയ്ക്കാനും സഹായിക്കുന്ന സാഹചര്യങ്ങൾ സമൂഹ മധ്യസ്ഥതയിലൂടെ സൃഷ്ടിക്കാനാവും.

### 18 ഇന്ത്യൻ ഭാഷകളിലേക്ക് വിധിന്യായങ്ങളുടെ വിവർത്തനത്തിന് തുടക്കം

നീതി ലഭ്യമാകുന്ന വ്യക്തിക്ക് മനസ്സിലാകുന്ന ഭാഷയിലാകണം അത് നൽകേണ്ടത്. നിയമരൂപീകരണ വേളയിൽ ഈ തത്വം പരിഗണിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് സ്വന്തം ഭാഷയിൽ നിയമം മനസ്സിലാക്കാൻ സാധിക്കുന്നതിലൂടെ മികച്ച നിയമ പാലനം ഉറപ്പാക്കാനും വ്യവഹാരങ്ങൾ കുറയ്ക്കാനും സാധിക്കുന്നു. വിധിന്യായങ്ങളും നിയമ രേഖകളും പ്രാദേശിക ഭാഷകളിൽ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി മോദി എടുത്തുപറഞ്ഞു. 80,000-ത്തിലധികം വിധിന്യായങ്ങൾ 18 ഇന്ത്യൻ ഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്ന സുപ്രീം കോടതിയുടെ സംരംഭത്തെ അദ്ദേഹം പ്രശംസിച്ചു. ഈ ശ്രമം ഹൈക്കോടതികളിലും ജില്ലാ കോടതികളിലും തുടരുമെന്ന് പ്രധാനമന്ത്രി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

### സൗഹാർദപരമായ കരാറുകളിലൂടെ പരിഹരിച്ചത് എട്ടുലക്ഷത്തിലേറെ കേസുകൾ

- മധ്യസ്ഥതയിലൂടെ സൗഹാർദപരമായ കരാറുകൾ സ്ഥാപിച്ച് 8,61,000-ത്തിലധികം കേസുകൾ പരിഹരിക്കുകയും 1.6 കോടി പൗരന്മാർക്ക് സൗജന്യ നിയമസഹായം നൽകുകയും ചെയ്തു.
- കഴിഞ്ഞ ദശകം ദേശീയ നിയമ സേവന അതോറിറ്റിയുടെ ശൃംഖല 37 സംസ്ഥാന അതോറിറ്റികളിലേക്കും 707 ജില്ലാ അതോറിറ്റികളിലേക്കും 2,440 നിയമ സൊസൈറ്റികളിലേക്കും വ്യാപിപ്പിച്ചു.
- 2025-ലെ ആക്സസ് ടു ജസ്റ്റിസ് പദ്ധതിയിലൂടെയും വീർ പരിവാർ സഹായ യോജനയിലൂടെയും മനുഷ്യ-വന്യജീവി സംഘർഷങ്ങളിലെ ഇരകൾക്ക് നീതി ലളിതമായി ലഭ്യമാക്കാൻ അതോറിറ്റി പരിശ്രമിച്ചു.
- നീതി സുഗമമാക്കുന്നതിന് ദേശീയ നിയമ സേവന അതോറിറ്റി നൂതനാശയങ്ങളും ഡിജിറ്റൽവൽക്കരണവും അവലംബിച്ചു.
- രാജ്യത്തുടനീളം സ്ഥിരം ലോക് അദാലത്തുകളിലൂടെ സ്ത്രീകളും കുട്ടികളും പട്ടികജാതി - പട്ടികവർഗ വിഭാഗക്കാരുമുൾപ്പെട്ട 13.11 ലക്ഷത്തിലധികം കേസുകൾ പരിഹരിക്കുകയും ഇരകൾക്ക് 2,354 കോടിയിലധികം രൂപയുടെ നഷ്ടപരിഹാരം ലഭ്യമാക്കുകയും ചെയ്തു.

> **സ്വന്തം അവകാശങ്ങളെക്കുറിച്ച് അറിവ് നേടിയും നിയമം മനസ്സിലാക്കിയും സംവിധാനത്തിന്റെ സങ്കീർണതയെക്കുറിച്ചുള്ള ഭയത്തെ മറികടന്നും മുന്നോട്ടുവരാത്തിടത്തോളം കാലം പാവപ്പെട്ട ഒരു വ്യക്തിയ്ക്ക് നീതി ലഭിക്കുകയില്ല. അതിനാൽ ദുർബല വിഭാഗങ്ങൾക്കും സ്ത്രീകൾക്കും പ്രായമായവർക്കുമിടയിൽ നിയമ സംവിധാനങ്ങളെക്കുറിച്ച് അവബോധം വർധിപ്പിക്കേണ്ടത് പ്രധാന മുൻഗണനയാണ്. നിയമ വിദ്യാർത്ഥികളടക്കം രാജ്യത്തെ യുവജനങ്ങൾക്ക് ഈ പരിവർത്തനത്തിൽ സുപ്രധാന പങ്കുവഹിക്കാനാവും.**
>
> -നരേന്ദ്ര മോദി, **പ്രധാനമന്ത്രി**



നീതി ലഭ്യത സുഗമമാക്കാൻ സമീപ വർഷങ്ങളിൽ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൾച്ചേർക്കലിന്റെയും ശാക്തീകരണത്തിന്റെയും പ്രധാന മാധ്യമമായി സാങ്കേതികവിദ്യ നിലകൊള്ളുന്നു. നീതി ലഭ്യമാക്കുന്നതിൽ നീതിന്യായ പ്രക്രിയയെ എങ്ങനെ ആധുനികവൽക്കരിക്കാനും മാനുഷികവൽക്കരിക്കാനും സാധിക്കുമെന്ന് ഇ-കോടതികൾ തെളിയിച്ചിരിക്കുന്നു. ഇ-ഫയലിങ് മുതൽ ഇലക്ട്രോണിക് സമൻസ് സേവനം വരെയും വെർച്വൽ ഹിയറിംഗുകൾ മുതൽ വീഡിയോ കോൺഫറൻസിംഗ് വരെയും സാങ്കേതികവിദ്യ എല്ലാം എളുപ്പമാക്കി. പദ്ധതിയുടെ മൂന്നാം ഘട്ട ബജറ്റ് 7,000 കോടിയിലധികം രൂപയായി വർധിപ്പിച്ചു.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

# പുരോഗതിയുടെ പാത... വന്ദേ ഭാരതിൽ അതിവേഗ യാത്ര

***വികസിത രാജ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ എപ്പോഴും സാമ്പത്തിക വളർച്ചയുടെ സുപ്രധാന ചാലകശക്തിയാണ്. ഇന്ത്യയും ഈ ദിശയിൽ അതിവേഗം മുന്നോട്ടുപോകുന്നു. ഇന്ത്യയുടെ ആധുനിക റെയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി നവംബർ 8-ന് വാരണാസിയിൽ നിന്ന് നാല് പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്തു...***



ഏറെക്കാലമായി റെയിൽ സർവീസോ പാളങ്ങളോ സ്റ്റേഷനോ ഇല്ലാതിരുന്ന ഒരു പ്രദേശം സങ്കൽപ്പിക്കുക. പാളങ്ങൾ സ്ഥാപിക്കുകയും സ്റ്റേഷൻ നിർമിക്കുകയും ചെയ്യുന്നതോടെ ആ നഗരം സ്വയം വികസിക്കാൻ തുടങ്ങുന്നു. അതുപോലെ വർഷങ്ങളായി ടാർ ചെയ്ത റോഡില്ലാതിരുന്ന ഒരു ഗ്രാമത്തിൽ നല്ല റോഡ് നിർമിക്കുന്നതോടെ കാർഷികോല്പന്നങ്ങൾ വിപണിയിലെത്താൻ തുടങ്ങുന്നു. വൻകിട പാലങ്ങളും വേഗപ്പാതകളും നിർമിക്കുന്നതിൽ മാത്രം ഒതുങ്ങുന്നതല്ല അടിസ്ഥാന സൗകര്യങ്ങൾ. അത്തരം സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടെ അത് പ്രദേശത്തിന്റെ സമഗ്ര വികസനത്തിന് വഴിയൊരുക്കുന്നു. കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്ത് നിരവധി പുതിയ വിമാനത്താവളങ്ങൾ നിർമിക്കുകയും നിരവധി വന്ദേ ഭാരത് ട്രെയിൻ സർവീസുകൾ ആരംഭിക്കുകയും ചെയ്തത് വികസനത്തിന് പുതിയ ഊർജം പകർന്നു. വാരണാസിയിൽ നിന്ന് നാല് വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ ഫ്ലാഗ് ഓഫ് ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ ശ്രമങ്ങളെല്ലാം വികസനവുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമാക്കി. ഇന്ന് ഇന്ത്യയും ഈ വികസന പാതയിലൂടെ അതിവേഗം മുന്നേറുകയാണ്. പുതിയ നാല് വന്ദേ ഭാരത് ട്രെയിനുകൾ കൂടി ഓടിത്തുടങ്ങിയതോടെ ആകെ 164-ൽ അധികം പുതിയ വന്ദേ ഭാരത് ട്രെയിനുകളാണ് രാജ്യത്ത് സർവീസ് നടത്തുന്നത്.

നൂറ്റാണ്ടുകളായി തീർത്ഥാടനങ്ങൾ രാജ്യത്ത് പ്രബുദ്ധതയുടെ ഉറവിടമായി കണക്കാക്കപ്പെടുന്നു. ആത്മീയ അനുഭവത്തിലേക്ക്  പാതയൊരുക്കുന്ന ഈ യാത്രകൾ ഇന്ത്യയുടെ ആത്മാവിനെ ബന്ധിപ്പിക്കുന്ന പുണ്യ പാരമ്പര്യമാണ്. പ്രയാഗ്‌രാജ്, അയോധ്യ, ഹരിദ്വാർ, ചിത്രകൂട്, കുരുക്ഷേത്ര എന്നിങ്ങനെ എണ്ണമറ്റ തീർത്ഥാടന കേന്ദ്രങ്ങൾ രാജ്യത്തെ ആത്മീയതയുടെ കേന്ദ്രങ്ങളാണ്. ഇന്ന് ഈ പുണ്യസ്ഥലങ്ങൾ വന്ദേ ഭാരത് ശൃംഖലയുമായി ബന്ധിപ്പിക്കപ്പെടുന്നതോടെ രാജ്യത്തിന്റെ സംസ്കാരത്തെയും വിശ്വാസങ്ങളെയും വികസന യാത്രയെയും ബന്ധിപ്പിക്കുന്ന ദൗത്യമാണ് നിറവേറ്റുന്നത്. ഇന്ത്യയുടെ പൈതൃക നഗരങ്ങളെ രാജ്യവികസനത്തിന്റെ പ്രതീകങ്ങളാക്കി മാറ്റുന്ന സുപ്രധാന ചുവടുവെയ്പ്പാണിത്. ഈ തീർത്ഥാടന കേന്ദ്രങ്ങൾക്ക് സാമ്പത്തിക വശം കൂടിയുണ്ടെന്നും പ്രധാനമന്ത്രി മോദി പറഞ്ഞു. കഴിഞ്ഞ 11 വർഷത്തിനിടെ ഉത്തർപ്രദേശിലെ വികസന പ്രവർത്തനങ്ങൾ തീർത്ഥാടന അനുഭവത്തെ സമഗ്രമായി പരിഷ്കരിച്ചു.

## നിരവധി സവിശേഷതകൾ നിറഞ്ഞ വന്ദേ ഭാരത് എക്സ്പ്രസ്

- മണിക്കൂറിൽ 160 കി.മീ വേഗം കൈവരിക്കാൻ വെറും 140 സെക്കൻഡ്.
- സന്തോഷകരവും സുഖപ്രദവും സുരക്ഷിതവുമായ യാത്ര.
- എല്ലാ കോച്ചുകളിലും വിവര-വിനോദ സംവിധാനങ്ങൾ
- മികച്ച വായുസഞ്ചാരത്തിനും ഊഷ്മാവ് ഏകീകരിക്കുന്നതിനും ശീതീകരണ ഡക്ടുകൾ.
- സ്പർശനം ആവശ്യമില്ലാത്ത സവിശേഷ ബയോ-വാക്വം ശൗചാലയങ്ങൾ.
- എല്ലാ കോച്ചുകളിലും മികച്ച അഗ്നി സുരക്ഷാ നടപടികൾ.
- കവച് (ട്രെയിൻ കൂട്ടിയിടി ഒഴിവാക്കൽ സംവിധാനം).
- ഭിന്നശേഷിക്കാർക്കായി പ്രത്യേക ശൗചാലയങ്ങളും ബ്രെയിൽ ലിപിയിൽ വിവരങ്ങളും.
- എല്ലാ കോച്ചുകളിലും അടിയന്തര ലൈറ്റിങ്, അടിയന്തര ജനലുകൾ, ടോക്ക് ബാക്ക് സംവിധാനം എന്നിവയും സജ്ജീകരിച്ചിരിക്കുന്നു.

### ടൂറിസം പ്രോത്സാഹിപ്പിക്കാൻ യാത്രിക-സൗഹൃദ സഞ്ചാരം

- പ്രാദേശിക യാത്രാസൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.
- യാത്രാ സമയം കുറയ്ക്കുന്നു.
- യാത്രക്കാർക്ക് ആധുനികവും സുഖകരവും കാര്യക്ഷമവുമായ യാത്രാ അവസരങ്ങൾ നൽകുന്നു.
- പ്രാദേശിക വികസനവും വിനോദസഞ്ചാരവും സാമ്പത്തിക അഭിവൃദ്ധിയും പ്രോത്സാഹിപ്പിക്കുന്നു

**"വന്ദേ ഭാരത്, നമോ ഭാരത്, അമൃത് ഭാരത് തുടങ്ങിയ ട്രെയിനുകൾ ഇന്ന് ഇന്ത്യൻ റെയിൽവേയുടെ വരും തലമുറയ്ക്ക് അടിത്തറ പാകുന്നു. ഇന്ത്യൻ റെയിൽവേയെ പരിവർത്തനം ചെയ്യാനുള്ള സമഗ്ര പ്രചാരണമാണിത്. ഇന്ത്യക്കാർക്കുവേണ്ടി ഇന്ത്യക്കാർ നിർമിച്ച ട്രെയിനാണ് വന്ദേ ഭാരത്. ഓരോ ഇന്ത്യക്കാരനും അതിൽ അഭിമാനിക്കുന്നു."**

- നരേന്ദ്ര മോദി, പ്രധാനമന്ത്രി

## യാത്ര സുഗമവും വേഗത്തിലുമാക്കി വന്ദേ ഭാരത് എക്സ്പ്രസ്

- ബനാറസ്-ഖജുരാഹോ വന്ദേ ഭാരത്: ഈ പാതയിൽ നേരിട്ട് യാത്രാസൗകര്യം നൽകുന്ന സർവീസ് നിലവിലെ ട്രെയിനുകളെ അപേക്ഷിച്ച് ഏകദേശം 2 മണിക്കൂർ 40 മിനിറ്റ് ലാഭിക്കുന്നു.
- ലഖ്നൗ-സഹറൻപൂർ വന്ദേ ഭാരത്: യാത്രാ സമയം ഏകദേശം 7 മണിക്കൂർ 45 മിനിറ്റായിരിക്കും. യാത്രാ സമയത്തിൽ ഏകദേശം 1 മണിക്കൂർ ലാഭിക്കാനാവുന്നു.
- ഫിറോസ്പൂർ-ദില്ലി വന്ദേ ഭാരത്: ഈ പാതയിലെ ഏറ്റവും വേഗമേറിയ ഈ ട്രെയിൻ വെറും 6 മണിക്കൂർ 40 മിനിറ്റിൽ യാത്ര പൂർത്തിയാക്കുന്നു.
- എറണാകുളം-ബെംഗളൂരു വന്ദേ ഭാരത്: യാത്രാ സമയം 2 മണിക്കൂറിലേറെ കുറയുന്നു. 8 മണിക്കൂർ 40 മിനിറ്റാണ് യാത്രാ സമയം. .

### പുതിയ ഇടങ്ങളിലേക്ക് 4 പുതിയ വന്ദേ ഭാരത് എക്സ്പ്രസ് ട്രെയിനുകൾ




കഴിഞ്ഞ വർഷം ബാബാ വിശ്വനാഥിനെ സന്ദർശിക്കാൻ 11 കോടി ഭക്തരാണ് കാശിയിലെത്തിയത്. അയോധ്യയിൽ രാമക്ഷേത്ര നിർമാണത്തിന് ശേഷം 6 കോടിയിലധികം പേരാണ് രാം ലല്ലയുടെ വഴിപാടിനെത്തിയത്. ഈ തീർത്ഥാടകർ ഉത്തർപ്രദേശിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ആയിരക്കണക്കിന് കോടി രൂപയുടെ പ്രയോജനം ചെയ്തു. ഹോട്ടലുകൾക്കും വ്യാപാരികൾക്കും ഗതാഗത കമ്പനികൾക്കും പ്രാദേശിക കലാകാരന്മാർക്കും വള്ളക്കാർക്കുമെല്ലാം അവർ സ്ഥിര വരുമാനത്തിന്റെ ഉറവിടമാണ്. തൽഫലമായി ഗതാഗതം മുതൽ ബനാറസി സാരികൾ വരെ നീളുന്ന എല്ലാ മേഖലകളിലും ബനാറസിലെ നൂറുകണക്കിന് യുവജനങ്ങൾ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നു. കാശിയ്ക്കും ഉത്തർപ്രദേശിനും ഇത് സമൃദ്ധിയുടെ വാതായനങ്ങൾ തുറക്കുന്നു.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*




# 'ദേവഭൂമി ഉത്തരാഖണ്ഡ്'

## ഇന്ത്യയുടെ ആത്മീയ ജീവിതത്തിന്റെ ഹൃദയത്തുടിപ്പ്

***രൂപീകൃതമായി 25 വർഷത്തിനകം സ്വന്തം മലനിരകളുടെ അതിരുകൾക്കപ്പുറം വളർന്ന ഉത്തരാഖണ്ഡ് സമ്പന്നമായ ആത്മീയ, സാംസ്കാരിക പൈതൃകത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങളും വിദ്യാഭ്യാസവും വിനോദസഞ്ചാരവും കൃഷിയും നൈപുണ്യ വികസനവും വ്യാപാരവുമടക്കം മേഖലകളെല്ലാം വിപുലീകരിച്ചു. ഉത്തരാഖണ്ഡ് തീരുമാനിച്ചാൽ വരും വർഷങ്ങളിൽ 'ലോകത്തിന്റെ ആത്മീയ തലസ്ഥാനമായി' സംസ്ഥാനത്തെ മാറ്റാനാവുമെന്ന് രജത ജൂബിലി ആഘോഷവേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞതിന് കാരണമിതാണ്.***

ഉത്തരാഖണ്ഡിൽ ഏറെക്കാലം നീണ്ടുനിന്ന സമർപ്പിത പോരാട്ടത്തിനൊടുവിൽ 25 വർഷങ്ങൾക്ക് മുൻപ് അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ സംസ്ഥാന പദവിയെന്ന ആവശ്യം പൂർത്തീകരിച്ചതിന്റെ ഓർമപ്പെടുത്തലാണ് നവംബർ 9. ഇന്ന് ഉത്തരാഖണ്ഡ് കീഴടക്കിയ ഉയരങ്ങൾ കാണുമ്പോൾ സംസ്ഥാനം രൂപീകരിക്കാൻ വേണ്ടി പോരാടിയവർ ഏറെ സന്തോഷിക്കും. സംസ്ഥാനത്തിന്റെ സാധ്യതകളെ പുതിയ ഉയരങ്ങളിലെത്തിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പ്രതിബദ്ധതയിൽ സംതൃപ്തി രേഖപ്പെടുത്തി ഉത്തരാഖണ്ഡ് സ്ഥാപക ദിനത്തിന്റെ രജത ജൂബിലി ആഘോഷങ്ങളിൽ 8,140 കോടിയിലധികം രൂപയുടെ വിവിധ വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യുകയും ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

വിദ്യാഭ്യാസം, ആരോഗ്യം, വിനോദസഞ്ചാരം, കായികം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വികസനയാത്ര ത്വരിതപ്പെടുത്തുന്ന നിരവധി പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി മോദി നിർവഹിച്ചു. ഈ പദ്ധതികൾ പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കും. ജമ്രാണി, സോംഗ് ഡാം പദ്ധതികൾ ഡെറാഡൂണിലെയും ഹൽദ്വാനിയിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിൽ നിർണായക പങ്കുവഹിക്കും. രണ്ടുലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികളാണ് നിലവിൽ സംസ്ഥാനത്ത് പുരോഗമിക്കുന്നതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഋഷികേശ്-കർണപ്രയാഗ് റെയിൽവേ പദ്ധതി പുരോഗമിക്കുകയാണ്. ദില്ലി-ഡെറാഡൂൺ അതിവേഗപ്പാത ഏറെക്കുറെ പൂർത്തിയായി. ഗൗരീകുണ്ഡ്-കേദാർനാഥ്, ഗോവിന്ദ്ഘട്ട്-ഹേംകുണ്ഡ് സാഹിബ് റോപ്‌വേകളുടെ ശിലാസ്ഥാപനം നടത്തിയതായും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഈ പദ്ധതികൾ ഉത്തരാഖണ്ഡിന്റെ വികസനത്തിന് വേഗം പകരുന്നു.

**കഴിഞ്ഞ 25 വർഷത്തിനിടെ വേഗം കൈവന്ന വികസനം**

മലയോരമേഖലകളിൽ താമസിക്കുന്ന സഹോദരീസഹോദരന്മാരുടെ പോരാട്ടങ്ങളും കഠിനാധ്വാനവും നിശ്ചയദാർഢ്യവും എപ്പോഴും പ്രചോദിപ്പിച്ചതായി ഉത്തരാഖണ്ഡിനോടും സംസ്ഥാനത്തെ ജനങ്ങളോടും തന്റെ അഗാധമായ വൈകാരിക ബന്ധം പങ്കുവെച്ച് ഈ പ്രദേശത്തേക്ക് നടത്തിയ ആത്മീയ യാത്രകൾ അനുസ്മരിച്ച പ്രധാനമന്ത്രി മോദി പറഞ്ഞു. 25 വർഷങ്ങൾക്ക് മുൻപ് ഉത്തരാഖണ്ഡ് പുതുതായി രൂപീകരിക്കപ്പെട്ടപ്പോൾ വെല്ലുവിളികൾ ഏറെയായിരുന്നുവെന്ന് പ്രധാനമന്ത്രി അനുസ്മരിച്ചു. വിഭവങ്ങൾ പരിമിതവും സംസ്ഥാന ബജറ്റ് ചെറുതും വരുമാന സ്രോതസ്സുകൾ കുറവുമായിരുന്നു. ഭൂരിഭാഗം ആവശ്യങ്ങളും കേന്ദ്ര സഹായത്തിലൂടെയാണ് നിറവേറ്റിയിരുന്നത്. 25 വർഷങ്ങൾക്ക് മുൻപ് ഉത്തരാഖണ്ഡിന്റെ ബജറ്റ് കേവലം 4,000 കോടി രൂപയായിരുന്നുവെന്നും ഇപ്പോൾ അത് ഒരുലക്ഷം കോടി രൂപ കടന്നുവെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

## പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഭ്യർത്ഥന...

- ഉത്തരാഖണ്ഡിലെ ഓരോ നിയമസഭാ മണ്ഡലത്തിലും യോഗ കേന്ദ്രങ്ങൾ, ആയുർവേദ കേന്ദ്രങ്ങൾ, പ്രകൃതി ചികിത്സാ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടുന്ന സമ്പൂർണ്ണ പാക്കേജ് സൃഷ്ടിക്കണം. അത് വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കും.
- ഉത്തരാഖണ്ഡിലെ ഊർജ്ജസ്വലമായ ഗ്രാമങ്ങളെയെല്ലാം മിനി ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി വികസിപ്പിക്കണം. ഹോംസ്റ്റേകൾ, പ്രാദേശിക ഭക്ഷണവിഭവങ്ങൾ, സാംസ്ക്കാരികത്തനിമ എന്നിവ പ്രോത്സാഹിപ്പിക്കണം.
- നന്ദാദേവി, ജൗൾജീവി, ബാഗേശ്വർ ഉത്തരായനി, ദേവിധുര, ശ്രാവണി, ബട്ടർ ഫെസ്റ്റിവൽ തുടങ്ങിയ പ്രാദേശിക ഉത്സവങ്ങളെയും പാരമ്പര്യങ്ങളെയും ലോക ഭൂപടത്തിലേക്ക് ആനയിക്കുന്നതിനായി 'ഒരു ജില്ല ഒരു ഉത്സവം' പോലുള്ള പ്രചാരണങ്ങൾ ആരംഭിക്കണം.
- പഴവർഗ്ഗങ്ങളുടെ കാർഷിക സാധ്യതകൾ കണക്കിലെടുത്ത് ഉത്തരാഖണ്ഡിലെ എല്ലാ മലയോര ജില്ലകളെയും ഹോർട്ടികൾച്ചർ കേന്ദ്രങ്ങളായി വികസിപ്പിക്കണം.
- ഉത്തരാഖണ്ഡിൽ 'വെഡ് ഇൻ ഇന്ത്യ ഇനിഷ്യേറ്റീവി'ന് വേണ്ടി, വൻതോതിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും അഞ്ച് മുതൽ ഏഴ് വരെ പ്രധാന സ്ഥലങ്ങൾ പ്രത്യേകമായി കണ്ടെത്തി വികസിപ്പിക്കുകയും വേണം.

### ഉദ്ഘാടനങ്ങൾ

**23** മേഖലകളിലായി അമൃത് പദ്ധതിക്ക് കീഴിൽ ഡെറാഡൂണിലെ ജലവിതരണം, പിത്തോർഗഡ് ജില്ലയിലെ വൈദ്യുത സബ്സ്റ്റേഷൻ, സർക്കാർ മന്ദിരങ്ങളിലെ സൗരോർജ്ജ നിലയങ്ങൾ, നൈനിറ്റാളിലെ ഹൽദ്വാനി സ്റ്റേഡിയത്തിലെ ആസ്ട്രോടർഫ് ഹോക്കി ഫീൽഡ് എന്നിവ ഉൾപ്പെടുന്നു.



## ഈ പദ്ധതികൾ സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തും......

കുടിവെള്ളം, ജലസേചനം, സാങ്കേതിക വിദ്യാഭ്യാസം, ഊർജ്ജം, നഗരവികസനം, കായികം, നൈപുണ്യ വികസനം എന്നിവയുൾപ്പെടെ വിവിധ മേഖലകളിലായി 7,210 കോടി രൂപയുടെ പദ്ധതികൾക്ക് ശിലാസ്ഥാപനം നിർവ്വഹിച്ച പ്രധാനമന്ത്രി മോദി 930 കോടി രൂപയുടെ പദ്ധതികൾ ഉദ്ഘാടനം ചെയ്തു.

**28,000**

ത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 62 കോടി രൂപ പ്രധാനമന്ത്രി ഫസൽ ബീമ യോജന പ്രകാരം നേരിട്ട് കൈമാറി.

### ശിലാസ്ഥാപനം നിർവ്വഹിച്ചു

സോങ്ങ് ഡാം കുടിവെള്ള പദ്ധതി മുഖേന ഡെറാഡൂണിലേക്ക് 150 എംഎൽഡി കുടിവെള്ളം വിതരണം ചെയ്യും. കൂടാതെ, നൈനിറ്റാളിൽ ജമ്രാണി ഡാം മൾട്ടി പർപ്പസ് പദ്ധതിയും, ചമ്പാവത്തിൽ വനിതാ സ്പോർട്സ് കോളേജും, നൈനിറ്റാളിൽ ഒരു അത്യാധുനിക ക്ഷീര പ്ലാന്റും നിർമ്മിക്കും.

ഈ കാലയളവിൽ സംസ്ഥാനത്തെ വൈദ്യുതി ഉത്പാദനം നാലിരട്ടിയായി വർദ്ധിച്ചു. റോഡുകളുടെ ദൈർഘ്യം ഇരട്ടിയായി. മുമ്പ് ആറ് മാസക്കാലയളവിൽ 4,000 വിമാന യാത്രക്കാർ മാത്രമേ ഇവിടെ എത്തിയിരുന്നുള്ളൂവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. എന്നാലിന്ന് ഒരു ദിവസം 4,000-ത്തിലധികം യാത്രക്കാർ വിമാന മാർഗ്ഗം എത്തുന്നു.

അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, വ്യവസായം, വിനോദസഞ്ചാരം, ആരോഗ്യം, വൈദ്യുതി, ഗ്രാമവികസനം തുടങ്ങിയ മേഖലകളിൽ ഒട്ടേറെ പ്രചോദനാത്മകമായ വിജയഗാഥകൾ സംസ്ഥാനത്തിന് പറയാനുണ്ട്. കഴിഞ്ഞ 25 വർഷത്തിനിടെ ഉത്തരാഖണ്ഡിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം പത്തിരട്ടിയിലധികം വർദ്ധിച്ചു. മുമ്പ്, ഒരു മെഡിക്കൽ കോളേജ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന് 10 എണ്ണമുണ്ട്. വാക്സിൻ പരിരക്ഷ 25 ശതമാനത്തിൽ താഴെയായിരുന്നു. എന്നാൽ ഇപ്പോൾ ഉത്തരാഖണ്ഡിലെ മിക്കവാറും എല്ലാ ഗ്രാമങ്ങൾക്കും വാക്സിൻ പരിരക്ഷയുണ്ട്.

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*



# സുരക്ഷിതം ആണവ നിലയങ്ങൾ എല്ലാ ദുരന്തങ്ങളിൽ നിന്നും

***ആണവ നിലയങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാന ആശങ്കകളിലൊന്ന് അവയുടെ സുരക്ഷയാണ്. ഇന്ത്യയിൽ, ആണവ നിലയങ്ങളും അവയുടെ ചുറ്റുപാടുകളും സംരക്ഷിക്കപ്പെടുകയും സുരക്ഷിതമാക്കപ്പെടുകയും ചെയ്യുന്നു. ഇതിനായി ഉന്നതമായ മാനദണ്ഡങ്ങൾ പാലിക്കുന്നു. റിക്ടർ സ്കെയിലിൽ 8.6 മുതൽ 9.0 വരെ തീവ്രതയുള്ള ഭൂകമ്പങ്ങൾക്ക് പോലും രാജ്യത്തെ ആണവ നിലയങ്ങളെ തകർക്കാൻ കഴിയില്ല. സമാധാനപരമായ ഉപയോഗങ്ങൾക്കായി ആണവോർജ്ജം ഉപയോഗിക്കുമ്പോൾ, ചുറ്റുപാടും താമസിക്കുന്ന ആളുകളുടെ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.***

ഇന്ത്യയുടെ ആണവോർജ്ജ ശേഷി നിലവിൽ 24 റിയാക്ടറുകളിൽ നിന്നായി 8,780 മെഗാവാട്ട് ആണ്. ഒപ്പം 13,600 മെഗാവാട്ട് ശേഷി കൈവരിക്കാനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. ഇതിൽ 2,000 മെഗാവാട്ട് റഷ്യയുടെയും 320 മെഗാവാട്ട് അമേരിക്കയുടെയും സഹകരണത്തോടെ സ്ഥാപിച്ചിട്ടുണ്ട്. രാജ്യത്തെ മൊത്തം വൈദ്യുതി ഉത്പാദനത്തിന്റെ 3% ആണവോർജ്ജമാണ്. കർശനമായ സുരക്ഷയും സുരക്ഷാ പ്രോട്ടോക്കോളുകളും സ്ഥായിയായി നിലനിർത്തുകയും വിലയിരുത്തുകയും ചെയ്തുകൊണ്ട് രാജ്യത്ത് ആണവോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യാ ഗവണ്മെന്റ് ആണവോർജ്ജ ദൗത്യം നടപ്പാക്കി വരുന്നു. അടുത്തിടെ, ആണവോർജ്ജ സഹമന്ത്രി പാർലമെന്റിൽ നൽകിയ മറുപടിയിൽ, ആഗോളതലത്തിൽ ആണവോർജ്ജ സുരക്ഷയുമായി ബന്ധപ്പെട്ട എല്ലാ പ്രധാന സംഭവവികാസങ്ങളും വിലയിരുത്തി സുരക്ഷയുടെ പുനരവലോകനം നടത്തി വരുന്നതായി പ്രസ്താവിച്ചു.

2011-ലെ ഫുകുഷിമ ഡൈച്ചി ആണവ ദുരന്തം ഉൾപ്പെടെ റഷ്യയിലും ജപ്പാനിലും ഉണ്ടായ വിനാശകരമായ ഭൂകമ്പങ്ങളെത്തുടർന്നും, ഭൂകമ്പങ്ങൾ, വെള്ളപ്പൊക്കം, പ്രധാന പ്രകൃതി ദുരന്തങ്ങൾ എന്നിവ നേരിടാനുള്ള ശേഷിയും തയ്യാറെടുപ്പും വിലയിരുത്തുന്നതിനായി ആണവോർജ്ജ നിയന്ത്രണ ബോർഡ് ഇന്ത്യൻ വൈദ്യുത നിലയങ്ങളുടെ സമഗ്രമായ സുരക്ഷാ പരിശോധന നടത്തുകയുണ്ടായി.

**2024-25 സാമ്പത്തിക വർഷത്തിൽ ആണവ നിലയങ്ങൾ ഏകദേശം 56,581 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചു.**

ഈ പരിശോധനയിൽ, റിക്ടർ സ്കെയിലിൽ 9.0 വരെ തീവ്രതയുള്ള ഭൂകമ്പം ഉണ്ടായാലും ഇന്ത്യയിലെ ആണവ നിലയങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന സുരക്ഷാ ക്രമീകരണങ്ങൾ മുഖേന അപകടമൊഴിവാക്കി നിലനിൽക്കാൻ കഴിയുമെന്നാണ് നിഗമനം. എന്നിരുന്നാലും, മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള സുരക്ഷാ വിലയിരുത്തലുകൾ പതിവായി നടത്താറുണ്ടെന്നും റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. തീരദേശ മേഖലയിലുള്ള എല്ലാ ആണവ നിലയങ്ങളും ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം തുടങ്ങിയ ദുരന്തങ്ങളെ പ്രതിരോധിക്കാൻ ആവശ്യമായ അടിസ്ഥാന സാങ്കേതിക മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുള്ള രൂപകൽപ്പനയാണ് സ്വീകരിച്ചിരിക്കുന്നതെന്നും സ്ഥിരീകരിച്ചു. അത്തരം അത്യാഹിതങ്ങളോട് ഫലപ്രദമായി പ്രതികരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനങ്ങളും നൽകി വരുന്നു.

## ആണവ അടിയന്തരാവസ്ഥ കൈകാര്യം ചെയ്യുന്നതിന് ശക്തമായ ചട്ടക്കൂട്

സമഗ്രമായ സുരക്ഷാ ആശയങ്ങൾ, സവിശേഷതകൾ, സംവിധാനങ്ങൾ എന്നിവയുടെ സമന്വയമാണ് ഇന്ത്യയിലെ ആണവ നിലയങ്ങളുടെ (NPP-കൾ) രൂപകൽപ്പന. അതേസമയം, സ്ഥാപിതമായ പ്രവർത്തന നടപടിക്രമങ്ങൾ കർശനമായി പാലിക്കുന്നത് ഗുരുതരമായ അപകടങ്ങളുടെ സാധ്യത വളരെയധികം കുറയ്ക്കുന്നു. ആണവ അടിയന്തരാവസ്ഥ കൈകാര്യം ചെയ്യുന്നതിനുള്ള ശക്തമായ ഒരു ചട്ടക്കൂട് നിലവിലുണ്ട്. താഴെപ്പറയുന്നവ ഉൾപ്പെടെ വ്യക്തമായി നിർവ്വചിക്കപ്പെട്ട അടിയന്തര പ്രതികരണ സംവിധാനങ്ങളുടെ പിന്തുണയോടെ, ആണവ നിലയങ്ങൾക്ക് സമീപം താമസിക്കുന്ന സമൂഹങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് സമഗ്രമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

- ആണവോർജ്ജ നിലയത്തിന്റെ സ്ഥാനം തിരഞ്ഞെടുക്കുന്നത് മുതൽ, നിർമ്മാണം, പ്രവർത്തനം എന്നിവയെല്ലാം ആണവോർജ്ജ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള കർശനമായ നിയന്ത്രണ, സുരക്ഷാ ആവശ്യകതകൾക്ക് അനുസൃതമായാണ് നടത്തുന്നത്.
- അടിയന്തര സാഹചര്യങ്ങളിൽ അണുപ്രസരണ ഉദ്വമനം മൂലം പൊതുസ്ഥലങ്ങളിൽ ഉണ്ടാകാവുന്ന ആഘാതം കുറയ്ക്കുന്നതിന്, ആണവ നിലയത്തിന് ചുറ്റും ഒരു കണ്ടെയ്ൻമെന്റ് സോൺ വേർതിരിച്ചിട്ടുണ്ട്. അടിയന്തര മുൻകരുതലുകളും ദ്രുതഗതിയിലുള്ള സംരക്ഷണ നടപടികളും ഉറപ്പാക്കുന്നതിനാണിത്.
- ആണവ നിലയങ്ങൾ ആതിഥേയത്വം വഹിക്കുന്ന ജില്ലകൾക്കും സംസ്ഥാനങ്ങൾക്കും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ ഏകോപനത്തോടെ വികസിപ്പിച്ച ജില്ലാ -സംസ്ഥാന തല ദുരന്ത നിവാരണ പദ്ധതികളുണ്ട്.
- ഓരോ ആണവ നിലയത്തിനും 1.5 കിലോമീറ്റർ ചുറ്റളവിൽ നിരോധിത മേഖല, 5 കിലോമീറ്റർ ചുറ്റളവിൽ നിർവീര്യമാക്കൽ മേഖല, 16 കിലോമീറ്റർ ചുറ്റളവിൽ അടിയന്തര ആസൂത്രണ മേഖല എന്നിവയുണ്ട്.



> **2047 ആകുമ്പോഴേക്കും രാജ്യത്തിന്റെ ആണവോർജ്ജ ശേഷി 10 മടങ്ങ് വർദ്ധിപ്പിക്കുക എന്ന ദൃഢനിശ്ചയത്തോടെയാണ് നാം മുന്നോട്ട് പോകുന്നത്. 2030 ലെ ലക്ഷ്യത്തിന് അഞ്ച് വർഷം മുമ്പ്, 2025 ൽ 50% ശുദ്ധമായ ഊർജ്ജമെന്ന ലക്ഷ്യം നാം കൈവരിച്ചു.**
>
> **- നരേന്ദ്ര മോദി, പ്രധാനമന്ത്രി**

കഴിഞ്ഞ രണ്ട് വർഷത്തിനിടെ ആണവോർജ്ജ നിയന്ത്രണ ബോർഡ് പ്രവർത്തനക്ഷമമായ പ്ലാന്റുകളിൽ 86 പരിശോധനകൾ നടത്തി. ഈ പരിശോധനകളിൽ ആണവ മാലിന്യ സംസ്ക്കരണത്തിലോ അടിയന്തര പദ്ധതികളിലോ ഒരു പോരായ്മയും കണ്ടെത്തിയിട്ടില്ല.

**ആണവോർജ്ജ ഉത്പാദനത്തിൽ പങ്കാളിയാകാൻ സ്വകാര്യ മേഖല**

2047 ആകുമ്പോഴേക്കും 100 ജിഗാവാട്ട് ആണവോർജ്ജം ഉത്പാദിപ്പിക്കുക എന്നതാണ് ആണവോർജ്ജ ദൗത്യത്തിന്റെ ലക്ഷ്യം. ഈ മേഖലയിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തവും അനുവദിച്ചിട്ടുണ്ട്. കൂടാതെ, ആണവോർജ്ജ പ്ലാന്റ് നിർമ്മാണം, ഉടമസ്ഥാവകാശം, പ്രവർത്തനം, ആണവ സുരക്ഷ, മാലിന്യ സംസ്ക്കരണം എന്നിവയുടെ വശങ്ങൾ പരിഗണിക്കുന്നതിനായി ആണവോർജ്ജ വകുപ്പ് ഒരുകർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ നേരിട്ടുള്ള വിദേശ നിക്ഷേപ നയത്തിന് അനുസൃതമായി ആണവോർജ്ജ മേഖലയിൽ വിദേശ പങ്കാളികളെ നിലനിർത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**പൂജ്യം കാർബൺ ബഹിർഗമനം കൈവരിക്കാൻ സഹായിക്കുന്ന ആണവോർജ്ജ പ്ലാന്റുകൾ**

കഴിഞ്ഞ അഞ്ച് വർഷത്തിനിടെ, 2,100 മെഗാവാട്ട് ആണവോർജ്ജ ശേഷി ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇക്കാലയളവിൽ, ഏകദേശം 241 ബില്യൺ യൂണിറ്റ് ശുദ്ധമായ വൈദ്യുതി ആണവോർജ്ജ നിലയങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കപ്പെട്ടു. ഇത് പരിസ്ഥിതി സംരക്ഷണാർത്ഥം 20.7 കോടി ടണ്ണിലധികം കാർബൺ ഡൈ ഓക്സൈഡിന് ($CO_2$) തുല്യമായ ബഹിർഗമനം കുറച്ചു. ദീർഘകാലാടിസ്ഥാനത്തിൽ, ആണവോർജ്ജം ശുദ്ധമായ വൈദ്യുതിയുടെ ലഭ്യത വർദ്ധിപ്പിക്കും, ഇത് രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ഉറപ്പാക്കുക മാത്രമല്ല, 2070 ഓടെ പൂജ്യം കാർബൺ ബഹിർഗമനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനും സഹായകമാകും.

ഐസിസി വനിതാ ലോക കപ്പ് ചാമ്പ്യന്മാരുമായി പ്രധാനമന്ത്രി മോദി സംവദിച്ചു

# പുതിയ ഇന്ത്യയുടെ പ്രതീകമായി

# കായിക കുതിപ്പ്

***അന്താരാഷ്ട്ര വേദികൾ മുതൽ വിവിധ കായിക മേഖലകൾ വരെ, ഇന്ത്യയുടെ പതാക ഇന്ന് എല്ലായിടത്തും ഉയർന്നു പറക്കുന്നു. നേട്ടത്തിന്റെ മറ്റൊരു സുവർണ്ണ അധ്യായം കൂട്ടിച്ചേർത്തുകൊണ്ട്, 2025 ലെ ഐസിസി വനിതാ ലോകകപ്പ് നേടിയ രാഷ്ട്രത്തിന്റെ പെൺമക്കൾ ഇന്ത്യയുടെ അഭിമാനം വാനോളം ഉയർത്തുകയുണ്ടായി. ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരങ്ങളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി സംവദിച്ചു. അവരുടെ ഉത്സാഹം, കഠിനാധ്വാനം, ധൈര്യം എന്നീ ഗുണങ്ങളെ അദ്ദേഹം പ്രശംസിച്ചു...***

ഇന്ത്യൻ കായികതാരങ്ങൾ കളിക്കളത്തിലിറങ്ങുമ്പോൾ, രാജ്യം മുഴുവൻ അവരുടെ പിന്നിൽ അണിനിരക്കുന്നു. ആവേശത്തിന്റെ ആരവം സ്റ്റേഡിയത്തിൽ പ്രതിധ്വനിക്കുന്നു. ഓരോ വിജയവും ഓരോ പൗരന്റെയും അഭിമാനത്തെ ഉണർത്തുന്നു. അതുകൊണ്ടാണ്, 2014 ൽ രാജ്യഭരണം ഏറ്റെടുത്ത ശേഷം, പ്രധാനമന്ത്രി നരേന്ദ്ര മോദി കായികതാരങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രചോദനവും ഉറപ്പാക്കാൻ നിരന്തരം പ്രവർത്തിക്കുന്നത്. അദ്ദേഹത്തിന്റെ ദർശനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതിലൂടെ, കായിക വിനോദങ്ങൾ ഇപ്പോൾ കളിക്കളത്തിൽ മാത്രം ഒതുങ്ങുന്നില്ല – പുതിയ ഇന്ത്യയിൽ അവ ഒരു പ്രസ്ഥാനമായി മാറിയിരിക്കുന്നു.

ഇത്തരത്തിൽ പ്രോത്സാഹന മനോഭാവം വച്ചുപുലർത്തുന്ന പ്രധാനമന്ത്രി, നവംബർ 6 ന് സ്വവസതിയിൽ 2025 ലെ ഐസിസി വനിതാ ലോകകപ്പ് ചാമ്പ്യന്മാരുമായുള്ള കൂടിക്കാഴ്ചയിൽ ഇപ്രകാരം പറഞ്ഞു, 'സത്യത്തിൽ, നിങ്ങളെല്ലാവരും ചേർന്ന് അസാധാരണമായ ഒരു നേട്ടമാണ് കൈവരിച്ചത്. ഇന്ത്യയിൽ, ക്രിക്കറ്റ് കേവലമൊരു കായിക വിനോദമല്ല – ജന ജീവിതത്തിന്റെ ഭാഗമായി അത് മാറിയിരിക്കുന്നു. ക്രിക്കറ്റിൽ വിജയങ്ങളുണ്ടാകുമ്പോൾ, ഇന്ത്യയിൽ സന്തോഷം അനുഭവവേദ്യമാകുന്നു. ക്രിക്കറ്റിലെ ചെറിയ തിരിച്ചടി പോലും രാജ്യത്തെ മുഴുവൻ അസ്വസ്ഥമാക്കും. നിങ്ങൾക്കെല്ലാവർക്കും എന്റെ ആശംസകൾ'

### പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രചോദനമാണ് വഴിത്തിരിവ്

2017 ലെ ഫൈനൽ മത്സരത്തിൽ തോറ്റ ശേഷം പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കണ്ട ആ നിമിഷം വനിതാ ക്രിക്കറ്റ് താരങ്ങൾ അനുസ്മരിച്ചു. അന്ന് അദ്ദേഹത്തിൽ നിന്ന് ലഭിച്ച പ്രചോദനം ഇന്നും തങ്ങളെ മുന്നോട്ട് നയിക്കുന്നു.





## ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമംഗങ്ങൾ രാഷ്ട്രപതിയെ കണ്ടു

2025 ലെ ഐസിസി വനിതാ ക്രിക്കറ്റ് ലോക കപ്പ് നേടിയ ടീമംഗങ്ങൾ 2025 നവംബർ 6 ന് രാഷ്ട്രപതി ഭവനിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിനെ കണ്ടു. ടീമിലെ ഓരോ അംഗത്തെയും അഭിനന്ദിച്ച രാഷ്ട്രപതി ക്രിക്കറ്റ് ലോകകപ്പ് നേടി അവർ ചരിത്രം സൃഷ്ടിച്ചുവെന്ന് പറയുകയുണ്ടായി. രാജ്യത്തിന്റെ സമസ്ത കോണുകളിലും വിദേശത്തുമുള്ള കോടിക്കണക്കിന് ഇന്ത്യക്കാർ ഈ വിജയം ആഘോഷിക്കുകയാണ്. വനിതാ ക്രിക്കറ്റ് താരങ്ങൾ മാതൃകകളായി മാറിയെന്നും യുവതലമുറയ്ക്ക്, വിശിഷ്യാ പെൺകുട്ടികൾക്ക്, ജീവിതവിജയം നേടാൻ പ്രചോദനമേകുമെന്നും രാഷ്ട്രപതി പറഞ്ഞു.




ക്രിക്കറ്റ് താരം ഹർലീൻ കൗർ ഡിയോൾ പ്രധാനമന്ത്രിയുമായി സംവദിക്കുന്നതിനിടെ പറഞ്ഞു, 'സർ, അങ്ങയുടെ ചർമ്മസംരക്ഷണ ദിനചര്യയെക്കുറിച്ച് അറിയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങ് വളരെയേറെ തിളങ്ങുന്നു സർ'. അക്കാര്യത്തിൽ താൻ പ്രത്യേക ശ്രദ്ധ ചെലുത്താറില്ലെന്ന് പ്രധാനമന്ത്രി എളിമയോടെ മറുപടി നൽകി. ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളുടെ സ്നേഹമാണ് പ്രധാനമന്ത്രിയുടെ തിളക്കത്തിന് കാരണമെന്ന് ഒരു വനിതാ താരം അഭിപ്രായപ്പെട്ടു. പ്രധാനമന്ത്രി അത് സമ്മതിച്ചു; സമൂഹത്തിന്റെ സ്നേഹവും വാത്സല്യവും വലിയ ശക്തിയാണെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തലവൻ എന്ന നിലയിൽ 25 വർഷം താൻ പൂർത്തിയാക്കിയെന്നും, ഇത്രയും നീണ്ട കാലയളവ് പൂർത്തിയാക്കിയിട്ടും അത്തരം അനുഗ്രഹങ്ങൾ തുടരുന്നത് ജീവിതത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

> **"ടീം ഇന്ത്യയുടെ ലോകകപ്പ് വിജയത്തിൽ ഓരോ ഇന്ത്യക്കാരനും അങ്ങേയറ്റം അഭിമാനിക്കുന്നു. വനിതാ ക്രിക്കറ്റ് ടീമുമായി സംവദിക്കാൻ കഴിഞ്ഞത് ശരിക്കും അത്ഭുതകരമായ ഒരു അനുഭവമായിരുന്നു."**
>
> നരേന്ദ്ര മോദി, പ്രധാനമന്ത്രി

പ്രധാനമന്ത്രിയുമായുള്ള സംഭാഷണത്തിനിടെ ക്യാപ്റ്റൻ ഹർമൻപ്രീത് കൗർ പറഞ്ഞു, 'ഇനി അവസരം ലഭിക്കുമ്പോഴെല്ലാം നമ്മുടെ കഴിവിന്റെ പരമാവധി നൽകാൻ ശ്രമിക്കണമെന്ന് അങ്ങ് (പ്രധാനമന്ത്രി) ഞങ്ങളോട് പറഞ്ഞിരുന്നു. ഇന്ന്, ഫൈനൽ ജയിച്ച് ഞങ്ങൾ തിരിച്ചെത്തിയിരിക്കുന്നു, അങ്ങയെ വീണ്ടും കാണാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ട്.' വൈസ് ക്യാപ്റ്റൻ സ്മൃതി മന്ദാന 2017 ലെ കൂടിക്കാഴ്ചയെക്കുറിച്ച് പരാമർശിക്കുകയും ആ ആശയവിനിമയത്തിൽ നിന്ന് ലഭിച്ച നേട്ടങ്ങളെയും പ്രചോദനത്തെയും കുറിച്ച് സംസാരിക്കുകയും ചെയ്തു.

### ഫിറ്റ് ഇന്ത്യയെ പ്രോത്സാഹിപ്പിക്കുക

കൈവരിച്ച വിജയം മൂലം പ്രചോദനാത്മകമായ ശക്തി നിങ്ങൾ താരങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്ന് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിപ്രായപ്പെട്ടു. വീട്ടിൽ തിരിച്ചെത്തിയ ശേഷം, പഠിച്ച സ്കൂളുകൾ സന്ദർശിക്കുകയും വിദ്യാർത്ഥികളുമായി ഒരു ദിവസം ഇടപഴകുകയും വേണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. കുട്ടികൾ ഒട്ടേറെ ചോദ്യങ്ങൾ ചോദിക്കുകയും ജീവിതകാലം മുഴുവൻ അവരെ ഓർക്കുകയും ചെയ്യുമെന്നും ആ അനുഭവം പ്രചോദിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് മൂന്ന് സ്കൂളുകൾ തിരഞ്ഞെടുത്ത് എല്ലാ വർഷവും ഓരോന്ന് സന്ദർശിക്കാൻ പ്രധാനമന്ത്രി മോദി നിർദ്ദേശിച്ചു. അത് കളിക്കാരെയും വിദ്യാർത്ഥികളെയും പ്രചോദിപ്പിക്കുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. വിശിഷ്യാ അമിതവണ്ണം പരിഹരിക്കുന്നതിനായി ഫിറ്റ് ഇന്ത്യ പ്രസ്ഥാനത്തിന് സംഭാവന നൽകേണ്ടതിന്റെ പ്രാധാന്യം പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. എണ്ണ ഉപഭോഗം 10% കുറയ്ക്കാൻ അദ്ദേഹം ഉപദേശിച്ചു. കളിക്കാരിൽ നിന്ന് അത്തരം സന്ദേശങ്ങൾ കേൾക്കുന്നത് ശക്തമായ സ്വാധീനം ചെലുത്തുമെന്ന് അദ്ദേഹം പറഞ്ഞു. ഫിറ്റ് ഇന്ത്യയ്ക്കായി, പ്രത്യേകിച്ച് പെൺമക്കൾക്കായി വാദിക്കാനും സജീവ സംഭാവന നൽകാനും അദ്ദേഹം അവരെ ആഹ്വാനം ചെയ്തു.

### ടീം സ്പിരിറ്റിന് പ്രാധാന്യമേറെ

വനിതാ താരങ്ങളുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി മോദി ടീം സ്പിരിറ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. സ്പോർട്സിൽ ടീം സ്പിരിറ്റ് വളരെ പ്രധാനമാണ്. അത് മൈതാനത്തിൽ മാത്രം ഒതുക്കേണ്ട ഒന്നല്ല. നിങ്ങൾ 24 മണിക്കൂറും ഒരുമിച്ച് ചെലവഴിക്കുമ്പോൾ, ഒരു സവിശേഷ ബന്ധം വികസിക്കുന്നു. എല്ലാവരും പരസ്പരം ദൗർബല്യവും ശക്തിയും മനസ്സിലാക്കുന്നു. അപ്പോൾ ശക്തി-ദൗർബല്യങ്ങളുമായി പൊരുത്തപ്പെടാൻ ശ്രമം തുടങ്ങുന്നു. ദൗർബല്യങ്ങളെ അതിജീവിക്കാനും, ശക്തികളെ വർധിപ്പിക്കാനും അപ്പോൾ നാം ശ്രമിക്കുന്നു.



# ഇന്ത്യയും ഭൂട്ടാനും

## അതിർത്തികൾ അടുപ്പിക്കുന്നു, സാംസ്ക്കാരം പങ്കിടുന്നു

*ഹിമാലയത്തിന്റെ മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന ഭൂട്ടാനുമായുള്ള ഇന്ത്യയുടെ ബന്ധം അതിർത്തി പങ്കിടുന്നതിലൂടെ മാത്രമല്ല, സമാന സാംസ്ക്കാരങ്ങളാലും ചേതോവികാരങ്ങളാലും നിർവ്വചിക്കപ്പെടുന്നു. വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും പരസ്പര പൂരകമായ സമൃദ്ധിയുടെയും പാതയിൽ ഈ ബന്ധം പതിറ്റാണ്ടുകളായി വളർന്നു കൊണ്ടിരിക്കുന്നു. ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി, പ്രധാനമന്ത്രി നരേന്ദ്ര മോദി നവംബർ 11, 12 തീയതികളിൽ ഭൂട്ടാൻ സന്ദർശിച്ചു. സന്ദർശന വേളയിൽ, ഇരു രാജ്യങ്ങളും വിവിധ മേഖലകളിൽ സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുകയും കരാറുകൾ അന്തിമമാക്കുകയും ചെയ്തു...*

ഇന്ത്യയും ഭൂട്ടാനും തമ്മിൽ ആഴത്തിലുള്ള പരസ്പര വിശ്വാസം, ധാരണ, സന്മനോഭാവം എന്നിവയിൽ അധിഷ്ഠിതമായ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ശാശ്വത ബന്ധം നിലനിൽക്കുന്നു. 'അയൽപക്കം ആദ്യം' എന്ന ഇന്ത്യയുടെ നയത്തിന്റെ ആധാരശിലയാണിത്. അയൽ രാജ്യങ്ങളുമായുള്ള സൗഹൃദ ബന്ധത്തിൽ ഒരു മാതൃകയായി ഈ പങ്കാളിത്തം വർത്തിക്കുന്നു. അതുകൊണ്ടാണ്, രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കിന്റെ ക്ഷണപ്രകാരം, പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഭൂട്ടാനിലെത്തിയത്. സന്ദർശന വേളയിൽ, തിമ്പുവിൽ നടന്ന നാലാമത് ഡ്രൂക്ക് ഗ്യാൽപോയുടെ 70-ാം ജന്മദിനാഘോഷത്തിലും ആഗോള സമാധാന പ്രാർത്ഥനാ ഉത്സവത്തിലും പ്രധാനമന്ത്രി മോദി പങ്കെടുത്തു. ഇന്ത്യയുടെ പൂർവ്വികർ 'വസുധൈവ കുടുംബകം' എന്ന ദർശനത്താൽ പ്രചോദിതരായിരുന്നു, അതായത് ലോകം ഒരു കുടുംബമാണ് എന്ന് താത്പര്യം.

തത്ഫലമായി, 'സർവേ ഭവന്തു സുഖിനഃ' എന്ന മന്ത്രത്തിലൂടെ അദ്ദേഹം എല്ലാവരുടെയും സന്തോഷത്തിനായി പ്രാർത്ഥിച്ചു. ഭൂട്ടാന്റെ നാലാമത് രാജാവിന് ആദരമർപ്പിച്ചുകൊണ്ട്, മോദി അദ്ദേഹത്തിന്റെ ജീവിതത്തെ ജ്ഞാനം, ലാളിത്യം, ധൈര്യം, രാഷ്ട്രത്തിനായുള്ള നിസ്വാർത്ഥ സേവനം എന്നിവയുടെ സമ്മേളനമെന്ന് വിശേഷിപ്പിച്ചു. കേവലം 16 വയസ്സുള്ളപ്പോൾ, ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്ത അദ്ദേഹം ദാർശനിക നേതൃത്വത്തിലൂടെ രാജ്യത്തെ മുന്നോട്ട് നയിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. 34 വർഷത്തെ ഭരണകാലത്ത് അദ്ദേഹം ഭൂട്ടാന്റെ പൈതൃകത്തിനും വികസനത്തിനും വേണ്ടി നിലകൊണ്ടു. ജനാധിപത്യ സ്ഥാപനങ്ങൾ വളർത്തിയെടുക്കുന്നതിലും അതിർത്തിയിൽ സമാധാനം പ്രോത്സാഹിപ്പിക്കുന്നതിലും അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചു. രാഷ്ട്രനിർമ്മാണത്തെ മുന്നോട്ട് നയിക്കുന്നത് മൊത്ത ആഭ്യന്തര ഉത്പാദനം (GDP) മാത്രമല്ലെന്നും മാനവികതയുടെ ക്ഷേമം കൂടിയാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്തുന്നതിൽ നാലാമത്തെ ഭൂട്ടാൻ രാജാവായിരുന്ന അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചു.








## പ്രഖ്യാപനങ്ങൾ...

**1,200** മെഗാവാട്ട്

പുനാത്സാങ്ചു-I ജലവൈദ്യുത പദ്ധതി: പ്രധാന അണക്കെട്ടിന്റെ പണി പുനരാരംഭിക്കാൻ അനുമതി

- വാരണാസിയിൽ ഭൂട്ടാനീസ് ക്ഷേത്രം/ബുദ്ധമത വിഹാരം, ഗസ്റ്റ് ഹൗസ് എന്നിവയുടെ നിർമ്മാണത്തിന് ഭൂമി അനുവദിച്ചു.
- ഗെലെഫുവിലുടനീളം ഹാറ്റിസറിൽ ഒരു ഇമിഗ്രേഷൻ ചെക്ക്പോസ്റ്റ് സ്ഥാപിക്കാൻ തീരുമാനം.
- ഭൂട്ടാന് 4,000 കോടി രൂപ പരിധി വരെ വായ്പ സൗകര്യം.

## ഇരു രാജ്യങ്ങളും തമ്മിൽ ഒപ്പുവച്ച കരാറുകൾ

- പുനരുപയോഗ ഊർജ്ജം, മാനസികാരോഗ്യ സേവനങ്ങൾ, ആരോഗ്യ സംരക്ഷണം.
- പുനരുപയോഗ ഊർജ്ജം, ആരോഗ്യം, മെഡിക്കൽ മേഖലകൾ.
- പെമ സെക്രട്ടേറിയറ്റും ഇന്ത്യാ ഗവണ്മെന്റിന്റെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസും തമ്മിൽ സ്ഥാപനപരമായ ബന്ധം.

## ഡൽഹി സംഭവത്തിന് ശേഷമുള്ള ഭൂട്ടാന്റെ ഐക്യദാർഢ്യത്തിന് നന്ദി

ഭൂട്ടാൻ രാജകുടുംബത്തിനും ലോകസമാധാനത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഇന്ന് ഒരു സുപ്രധാന ദിനമാണെങ്കിലും, ഒരു ദിവസം മുമ്പ് ഡൽഹിയിൽ നടന്ന, എല്ലാവരെയും ഏറെ വേദനിപ്പിച്ച, ഭീകരമായ സംഭവം മൂലം, ദുഃഖാർദ്രമായ ഹൃദയത്തോടെയാണ് താൻ ഇവിടെ എത്തിയതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. എല്ലാ അന്വേഷണ ഏജൻസികളുമായും രാത്രി മുഴുവൻ അദ്ദേഹം നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരുന്നു. ഈ ഗൂഢാലോചനയുടെ അടിവേര് നമ്മുടെ ഏജൻസികൾ കണ്ടെത്തും. ഇതിന് പിന്നിലെ കുറ്റവാളികളെ വെറുതെ വിടില്ല. ഉത്തരവാദികളായ എല്ലാവരെയും നിയമത്തിന് മുന്നിൽ കൊണ്ടുവരും. ഡൽഹി സംഭവത്തെത്തുടർന്ന് ഭൂട്ടാന്റെ ഐക്യദാർഢ്യത്തിന് പ്രധാനമന്ത്രി നന്ദി പറഞ്ഞു.

> **നാലാമത്തെ രാജാവിന്റെ 70-ാം ജന്മദിനം ആഘോഷിക്കുന്ന പരിപാടിയിൽ, ഡൽഹി സ്ഫോടനത്തിന്റെ പശ്ചാത്തലത്തിൽ ഭൂട്ടാനിലെ ജനങ്ങൾ ഒരു സവിശേഷ പ്രാർത്ഥനയിലൂടെ ഇന്ത്യയിലെ ജനങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചു. ഈ പ്രവൃത്തി ഞാൻ ഒരിക്കലും മറക്കില്ല.**
>
> **നരേന്ദ്ര മോദി, പ്രധാനമന്ത്രി**

അദ്ദേഹം സ്ഥാപിച്ച അടിത്തറയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദം ഇപ്പോഴും തഴച്ചുവളരുന്നു. ഇന്ത്യ-ഭൂട്ടാൻ ജലവൈദ്യുത സഹകരണത്തിന് അടിത്തറ പാകിയത് നാലാമത്തെ രാജാവിന്റെ നേതൃത്വത്തിലാണ്. ലോകത്തിലെ ആദ്യത്തെ കാർബൺ-നെഗറ്റീവ് രാജ്യമാകാൻ ഭൂട്ടാനെ പ്രാപ്തമാക്കിയത് ഈ ദാർശനിക അടിത്തറയാണെന്ന് പ്രധാനമന്ത്രി മോദി അഭിപ്രായപ്പെട്ടു - ഇത് ഒരു അസാധാരണ നേട്ടമാണ്.

പ്രതിശീർഷ പുനരുപയോഗ ഊർജ്ജ ഉത്പാദനത്തിൽ ലോകത്ത് ഏറ്റവും ഉയർന്ന സ്ഥാനത്താണ് ഭൂട്ടാൻ. നിലവിൽ വൈദ്യുതിയുടെ 100% പുനരുപയോഗ സ്രോതസ്സുകളിൽ നിന്നാണ് ഉത്പാദിപ്പിക്കുന്നത്. ഈ ശേഷി കൂടുതൽ വികസിപ്പിച്ചുകൊണ്ട്, 1,000 മെഗാവാട്ട് കവിയുന്ന ഒരു പുതിയ ജലവൈദ്യുത പദ്ധതി ഇന്ന് ആരംഭിക്കുന്നു, ഇത് ഭൂട്ടാന്റെ ജലവൈദ്യുത ശേഷി 40% വർദ്ധിപ്പിക്കുന്നു. ഈ പങ്കാളിത്തം ജലവൈദ്യുതിയിൽ മാത്രം ഒതുങ്ങുന്നില്ലെന്ന് പ്രധാനമന്ത്രി മോദി ഊന്നിപ്പറഞ്ഞു; ഇന്ത്യയും ഭൂട്ടാനും ഇപ്പോൾ സൗരോർജ്ജത്തിലും കാര്യമായ നടപടികൾ ഒരുമിച്ച് കൈക്കൊള്ളുന്നു. ഗതാഗത ബന്ധം വർദ്ധിപ്പിക്കുന്നതിലും ഇരു രാജ്യങ്ങളും ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഗെലെഫു, സാംത്സെ നഗരങ്ങളെ ഇന്ത്യയുടെ വിശാലമായ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കാൻ തീരുമാനിച്ചു. പൂർത്തിയാകുമ്പോൾ, ഈ പദ്ധതി ഭൂട്ടാനിലെ വ്യവസായങ്ങൾക്കും കർഷകർക്കും ഇന്ത്യയുടെ വിശാലമായ വിപണിയിലേക്ക് സുഗമമായ പ്രവേശനം ലഭ്യമാക്കും. സന്ദർശകരുടെയും നിക്ഷേപകരുടെയും യാത്ര സുഗമമാക്കുന്നതിനായി ഇന്ത്യ ഗെലെഫുവിന് സമീപം ഒരു ഇമിഗ്രേഷൻ ചെക്ക്പോയിന്റ് സ്ഥാപിക്കും. കഴിഞ്ഞ വർഷം, ഭൂട്ടാന്റെ പഞ്ചവത്സര പദ്ധതിക്കായി ഇന്ത്യ 1,000 കോടി രൂപ സഹായം പ്രഖ്യാപിച്ചു. റോഡുകൾ മുതൽ കൃഷി വരെയും, വായ്പാ വിതരണം മുതൽ ആരോഗ്യ സംരക്ഷണം വരെയുമുള്ള മേഖലകളിൽ ഇത് പ്രയോജനപ്പെടുത്തുന്നു. ഇത് ഭൂട്ടാൻ പൗരന്മാരുടെ ജീവിതം സുഗമമാക്കും.

*ഭൂട്ടാൻ ഗവണ്മെന്റും ഇന്ത്യാ ഗവണ്മെന്റും തമ്മിലെ ഉഭയകക്ഷി ധാരണപ്രകാരം നിർമിച്ച 1020 മെഗാവാട്ട് പുനാത്സാങ്ചു-II ജലവൈദ്യുത പദ്ധതിയുടെ ഉദ്ഘാടനം*

*പ്രധാനമന്ത്രിയുടെ പരിപാടി പൂർണമായി കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

# കയറ്റുമതി പ്രോത്സാഹന ദൗത്യത്തിന് അംഗീകാരം

## സുസ്ഥിരതയും സ്വാശ്രയത്വവും പ്രോത്സാഹിപ്പിക്കുന്നു

*ആഗോള മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും ആത്മനിർഭര ഭാരതത്തി ലേക്കുള്ള പുരോഗതി ത്വരിതപ്പെടുത്തുന്നതിനുമായി, കയറ്റുമതിക്കാർക്കുള്ള  പ്രോത്സാഹന ദൗത്യവും ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതിയും കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചു. ഇത് കയറ്റുമതി മേഖലയുടെ മത്സരശേഷി വർദ്ധിപ്പിക്കുകയും വിതരണ ശൃംഖല ശക്തിപ്പെടുത്തുകയും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഈ തീരുമാനം 'ഇന്ത്യൻ നിർമ്മിതം' എന്നതിന്റെ സ്വാധീനം ആഗോളതലത്തിൽ കൂടുതൽ വർദ്ധിപ്പിക്കും. ഗ്രാഫൈറ്റ്, സീസിയം, റുബീഡിയം, സിർക്കോണിയം എന്നീ നാല് നിർണായക ധാതുക്കളുടെ റോയൽറ്റി നിരക്കുകൾ യുക്തിസഹമാക്കാനുള്ള നിർദ്ദേശത്തിനും മന്ത്രിസഭ അംഗീകാരം നൽകി.*

**തീരുമാനം: ഇന്ത്യയുടെ കയറ്റുമതി ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനായി 25,060 കോടി രൂപയുടെ കയറ്റുമതി പ്രോത്സാഹന ദൗത്യത്തിന് അംഗീകാരം നൽകി.**

**ഗുണഫലങ്ങൾ:** 2025–26 മുതൽ 2030–31 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കയറ്റുമതി പ്രോത്സാഹനത്തിനായി സമഗ്രവും ലളിതവും ഡിജിറ്റൽ നിയന്ത്രിതവുമായ ഒരു രൂപരേഖ ഈ ദൗത്യത്തിലൂടെ സജ്ജമാക്കും. ആഗോള വ്യാപാര വെല്ലുവിളികളെയും ഉയർന്നുവരുന്ന കയറ്റുമതി ആവശ്യങ്ങളെയും അഭിസംബോധന ചെയ്യാൻ ശേഷിയുള്ള ഫലപ്രദവും അനുകൂലവുമായ ഒരു ആവാസവ്യവസ്ഥയിലേക്കുള്ള തന്ത്രപരമായ പരിവർത്തനത്തെയാണ് ഈ ദൗത്യം അടയാളപ്പെടുത്തുന്നത്. ഇന്ത്യയുടെ കയറ്റുമതി ശക്തിപ്പെടുത്തുന്നതിനായി, പ്രത്യേകിച്ച് ആദ്യമായി കയറ്റുമതി ചെയ്യുന്നവർക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ അടക്കമുള്ള തൊഴിൽ-തീവ്ര മേഖലകൾക്കും വേണ്ടിയാണ് ഈ സംരംഭം നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചത്.

**തീരുമാനം: കയറ്റുമതിക്കാർക്കുള്ള ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം (CGSE) ആരംഭിക്കാൻ അനുമതി**

**ഗുണഫലങ്ങൾ:** ഈ പദ്ധതി പ്രകാരം, നാഷണൽ ക്രെഡിറ്റ് ഗ്യാരണ്ടി ട്രസ്റ്റി കമ്പനി ലിമിറ്റഡ്, അംഗ വായ്പാ സ്ഥാപനങ്ങൾക്ക് 100% ക്രെഡിറ്റ് ഗ്യാരണ്ടി പരിരക്ഷ നൽകും. ഇത് MSME-കൾ ഉൾപ്പെടെ അർഹരായ കയറ്റുമതിക്കാർക്ക് 20,000 കോടി രൂപ വരെ അധിക വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കും.

- ഈ പദ്ധതി ഇന്ത്യൻ കയറ്റുമതിക്കാരുടെ ആഗോള മത്സരശേഷി വർദ്ധിപ്പിക്കുകയും പുതിയതും വളർന്നുവരുന്നതുമായ വിപണികളിലേക്കുള്ള വൈവിധ്യവത്ക്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.
- ഇത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും വികസിത ഭാരതത്തിലേക്കുള്ള രാജ്യത്തിന്റെ പ്രയാണത്തെ ശക്തിപ്പെടുത്തുകയും ചെയ്യും.

**തീരുമാനം: ഹരിത ഊർജ്ജ ഉത്പാദനത്തിൽ സുപ്രധാനമായ ഗ്രാഫൈറ്റ്, സീസിയം, റുബീഡിയം, സിർക്കോണിയം ധാതുക്കളുടെ റോയൽറ്റി നിരക്കുകൾ യുക്തിസഹമാക്കാൻ തീരുമാനം.**

**ഗുണഫലങ്ങൾ:** സീസിയം, റുബീഡിയം, സിർക്കോണിയം എന്നിവ അടങ്ങിയ ധാതു ബ്ലോക്കുകളുടെ ലേലം പ്രോത്സാഹിപ്പിക്കുന്നതിന് ഈ തീരുമാനം സഹായിക്കും. ഈ ധാതുക്കളുടെ മാത്രമല്ല, അവയ്ക്കൊപ്പം കാണപ്പെടുന്ന ലിഥിയം, ടങ്സ്റ്റൺ, REES, നിയോബിയം തുടങ്ങിയ നിർണായക ധാതുക്കളുടെയും ഉപയോഗം ഇത് സാധ്യമാക്കും. ഈ ധാതുക്കളുടെ തദ്ദേശീയ ഉത്പാദനം വർദ്ധിപ്പിക്കുന്നത് ഇറക്കുമതിയും വിതരണ ശൃംഖലയിലെ തടസ്സങ്ങളും കുറയ്ക്കുകയും രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഗ്രാഫൈറ്റ്, സീസിയം, റുബീഡിയം, സിർക്കോണിയം എന്നിവ ഹൈടെക് ആപ്ലിക്കേഷനുകൾക്കും ഊർജ്ജ പരിവർത്തനത്തിനും നിർണായകമാണ്.

- വൈദ്യുത വാഹന (EV) ബാറ്ററികളുടെ ഒരു നിർണായക ഘടകമാണ് ഗ്രാഫൈറ്റ്. ഇത് പ്രധാനമായും ആനോഡ് മെറ്റീരിയലായിട്ടാണ് ഉപയോഗിക്കുന്നത്.
- ആണവോർജ്ജം, ബഹിരാകാശം, ആരോഗ്യ സംരക്ഷണം, നിർമ്മാണം എന്നിവയുൾപ്പെടെ വിവിധ വ്യവസായങ്ങളിൽ സിർക്കോണിയം ഉപയോഗിക്കുന്നു.
- ഹൈടെക് ഇലക്ട്രോണിക്സിലാണ് സീസിയം പ്രധാനമായും ഉപയോഗിക്കുന്നത്.
- ഫൈബർ ഒപ്റ്റിക്സ്, വാർത്താവിനിമയ സംവിധാനങ്ങൾ, നൈറ്റ് വിഷൻ ഉപകരണങ്ങൾ എന്നിവയിലും മറ്റും ഉപയോഗിക്കുന്ന സവിശേഷ കണ്ണടകളുടെ നിർമ്മാണത്തിന് റുബീഡിയം ഉപയോഗിക്കുന്നു.



മന്ത്രിസഭാ തീരുമാനങ്ങളുടെ വാർത്താ സമ്മേളനം കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക



**Narendra Modi**
@narendramodi

This Cabinet decision will boost sustainability and self-reliance. It will strengthen supply chains and create job opportunities as well.

pib.gov.in/PressReleasePa...



**रक्षा मंत्री कार्यालय/ RMO India**
@DefenceMinIndia

Technology is not only a tool but a culture. It is a way of doing things better, faster and more intelligently. It is about ensuring that data moves faster than doubt, that decision-making is informed by evidence and that the soldier, the scientist and the civil servant all work in synergy through shared platforms: Raksha Mantri Shri @rajnathsingh



**Amit Shah**
@AmitShah

दो लाख से अधिक आबादी वाले सभी शहरों में एक अर्बन कोऑपरेटिव बैंक बनाया जायेगा।



**Nitin Gadkari**
@nitin_gadkari

On this #WorldScienceDay, let's celebrate the power of knowledge and innovation that shape a sustainable future. May science continue to guide us toward solutions for our planet's greatest challenges—advancing progress, equity, and hope for generations to come. Happy World Science Day!



**Shivraj Singh Chouhan**
@ChouhanShivraj

घटिया बीज एक समस्या है, इसे बेचने वालों को रोकने के लिए हम सीड एक्ट ला रहे हैं...



**Manohar Lal**
@mlkhattar

Urban Invest Window (UIWin) सतत, समावेशी और भविष्य के लिए तैयार शहरों के रोडमैप की दृष्टिकोण से एक गेमचेंजर साबित होगा..

# Bullet train experiences being logged for future projects: PM

TRIBUNE NEWS SERVICE

NEW DELHI, NOVEMBER 16

Prime Minister Narendra Modi on Sunday visited the under-construction bullet train station at Surat in Gujarat and reviewed the progress of the Mumbai–Ahmedabad high-speed rail corridor.

He also interacted with the team of India's first bullet train project and enquired about the progress of the project, including adherence to speed and timetable targets. Workers assured him that the project was advancing smoothly without any difficulties.

They told the PM about the rigorous design and engineering control processes. Modi said as the experiences gained in the bullet train project were being recorded and compiled like a reference book, the country could move decisively towards large-scale implementation of bullet trains. Maintaining such records could benefit future students and contribute to nation-building, he added.



PM Narendra Modi during a visit to an under-construction bullet train station in Surat. PTI

The Mumbai-Ahmedabad High-Speed Rail Corridor spans approximately 508 km, covering 352 km in Gujarat and Dadra & Nagar Haveli and 156 km in Maharashtra.

It will connect major cities, including Sabarmati, Ahmedabad, Anand, Vadodara, Bharuch, Surat, Bilimora, Vapi, Boisar, Virar, Thane and Mumbai, marking a transformative step in India's transportation infrastructure.

Built with advanced engineering techniques on a par with international standards, the project features 465 km (about 85 per cent of the route) on viaducts, ensuring minimal land disturbance and enhanced safety. So far, 326 km of viaduct work has been completed, and 17 of the 25 river bridges have been constructed.

Upon completion, the bullet train will reduce travel time between Mumbai and Ahmedabad to nearly two hours. The project is expected to boost business, tourism and economic activity along the entire corridor, catalysing regional development.

# Justice begins in school

FROM LITIGATION TO DIALOGUE — LESSONS FROM PM

**ON NOVEMBER 8, 2025,** PM Narendra Modi addressed a conference on 'Strengthening Legal Aid Delivery Mechanisms' at the Supreme Court. The PM stressed that India's legal system must draw inspiration from its ancient roots, favouring dialogue and consensus over confrontation. He shared that nearly 800,000 criminal cases have been resolved in the last three years through the Legal Aid Defence Counsel System, demonstrating a revolution in justice delivery that holds meaning for another sacred institution: our schools.



SHYAM KUMAR PRASAD

### The climate of trust

The sacred trust between teacher, learner, and parent is under stress. Litigation involving schools and teachers has multiplied, with incidents once resolved through conversation now leading to police cases — from a school bus accident to a fee non-payment issue. Principals are being arrested for mishaps they neither intended nor could have prevented. Teachers live in anxiety, and parents feel unheard, clouding the educational climate with fear and suspicion.



ASHOK K PANDEY

### Dialogue as justice

The PM's call to revive dialogue as the foundation of justice invites a parallel transformation in education. If millions of disputes can be resolved among citizens through compassion and conversation, we must bring the same spirit to our schools. We can create mechanisms like a trust circle — a space for teachers, parents, and students to discuss grievances, listen, and seek reconciliation. The goal is not to win, but to heal the wound of dispute.

### A call to action

The legal services authorities promote early, good-faith mediation and are approaching schools to sensitise students and teachers. These interventions should become a lived experience. Voluntary sittings to resolve school-level disputes save time, preserve relationships, and reduce costs. This habit of mediation before litigation can lighten the load on the justice system.

### Accountability

This is not about shielding wrongdoing; when negligence or harm occurs, due process must proceed. Justice must be firm with wrongdoing and generous with understanding. We urge schools and families to try a structured space for listening and restoration before adversarial conflict begins. True justice lies in learning, reconciliation, and growth.

### Culture of learning justice

If the legal system seeks renewal through India's timeless wisdom, our education system must rediscover its own roots in dialogue and compassion. Every school should become a place where justice is lived each day, in the tone of the teacher and the dignity offered to every child. When fear gives way to faith, and suspicion to understanding, we will reclaim what was once sacred in learning.

*The author is fellow, Global Peace Foundation*



Prime Minister Narendra Modi joins Bhutan King Jigme Khesar Namgyel Wangchuck and his wife Jetsun Pema at the Grand Kuenrey Hall in Thimphu on Wednesday. PTI

# India reaffirms its support to Bhutan's 13th five-year-plan

**Press Trust of India**
*Thimphu, November 12*

INDIA ON Wednesday reaffirmed its "unwavering" support to Bhutan's 13th five-year-plan as Prime Minister Narendra Modi held talks with former king Jigme Singye Wangchuck and joined Bhutanese leadership to attend the Kalachakra initiation ceremony, hosted as part of the

with our Act East Policy," Modi said on social media.

In the morning, Modi inaugurated the "Kalacakra Wheel of Time Empowerment" at the Global Peace Prayer Festival that was attended by top Bhutanese leadership, including Bhutan King Jigme Khesar Namgyel Wangchuck and Singye.

"This is an important ritual with great cultural significance for Buddhists around the

# Tribal pride crucial part of India's consciousness: PM

**HTC and agencies**
letters@hindustantimes.com

**NEW DELHI:** Tribal pride has been an integral part of India's consciousness for thousands of years and the country cannot forget the tribal society's contribution in the freedom movement, Prime Minister Narendra Modi said on Saturday on the occasion of Janjatiya Gaurav Diwas, which coincides with the 150th birth anniversary of Birsa Munda.

Addressing an event in Gujarat's Narmada district, where he laid foundation stone of development projects worth over ₹9,700 crore, PM Modi said: "Tribal pride has been an integral part of India's consciousness for thousands of years. Whenever the question of the country's honour, self-respect, and self-rule has arisen... our tribal society has stood at the forefront. We cannot forget the contribution of tribal society in the freedom movement."

He added that the Janjatiya Gaurav Diwas "reminds us of the of our tribal brothers and sisters".

"The Congress which ruled the country for six decades, left the tribal communities to their fate. Our tribal regions faced issues like malnutrition, lack of health care, inadequate education, and poor connectivity. These deficiencies in a way became the identity of the tribal regions but the Congress did nothing about it."

Noting that tribal welfare has always been the highest priority for the ruling Bharatiya Janata Party (BJP), he said: "For the first time when Atal Bihari Vajpayee became the Prime Minister in the BJP-led government, a separate ministry for tribal affairs was established. After his government, when Congress got an opportunity to serve the country for ten years, they neglected this ministry. It was completely forgotten."

During his day-long visit to Gujarat, PM Modi also offered prayers to Pandori Mata, a deity of the tribal community, at a temple in Devmogra village.

Tribal Pride Day, the entire nation is reverently remembering the unparalleled contribution of the great freedom fighter of the country, Lord Birsa Munda Ji, in protecting the pride of the motherland," he said on X.

President Droupadi Murmu, the first tribal to hold the post, paid floral tributes at the Birsa Munda statue on Parliament premises.

Vice President CP Radhakrishnan, Lok Sabha Speaker Om Birla and several lawmakers also attended the event.

Union home minister Amit Shah, too, paid tributes to Birsa Munda, saying: "Bhagwan Birsa Munda is the pride not just of the tribal community, but of the entire nation. Today, the whole country is celebrating his 150th birth anniversary and 'Janjatiya Gaurav Diwas' (Tribal Pride Day) with great joy."

In 2021, the central government declared November 15 as "Janjatiya Gaurav Divas" to mark the birth anniversary of Birsa Munda and remember the contri-

# Indonesia interested in buying BrahMos missiles, says Rajnath

**Press Trust of India**
letters@hindustantimes.com

**LUCKNOW:** Indonesia has made a bid to purchase the BrahMos missiles, defence minister Rajnath Singh said on Saturday.

"Indonesia has requested to purchase the BrahMos missile being manufactured in Lucknow," Singh said, addressing Bharatiya Janata Party (BJP) workers in Lucknow.

Singh and Uttar Pradesh chief minister Yogi Adityanath flagged off the first batch of BrahMos missiles manufactured at the BrahMos Aerospace unit here on October 18.

The manufacturer of the BrahMos supersonic missile system has produced the first batch of missiles at its new integration and test facility in Lucknow.

The state-of-the-art unit, inaugurated on May 11, is fully operational now.



**Defence minister Rajnath Singh said that Indonesia has made a bid to purchase the BrahMos missile.**

The ₹300-crore unit, located in the state capital's Bhatgaon in Sarojini Nagar, is one of the most ambitious projects of the Uttar Pradesh Defence Corridor.

The assembly, integration, and testing of missiles here is carried out according to high-tech standards, according to an official release.

On the National Democratic Alliance's (NDA) victory in the Bihar elections, Singh said the people of the state did a wonderful job. "... all records have been broken, and no caste or religion has mattered."

Singh said Prime Minister Narendra Modi has raised India's prestige worldwide, and now, when India speaks, the world listens, which was not the case earlier.

"This image of India has been built on the strength of our leadership and the hard work of our workers," he said.

Singh, in his speech, also exhorted the BJP workers to not ever lose their self-respect and work for the party with dedication. "I tell all my workers to follow the rules. Lord Ram also followed the rules, hence he is called Maryada Purushottam," he said, according to the statement.

ഡിസംബർ 6, 2025

# 70 -ാമത്
# മഹാപരിനിർവ്വാൺ ദിവസ്

*സാമൂഹിക നീതിയിൽ അഗ്രഗാമിയും, ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പിയും, ഭാരതരത്ന പുരസ്ക്കാര ജേതാവുമായ ഡോ. ബാബാസാഹേബ് ഭീംറാവു അംബേദ്കറുടെ മാർഗനിർദേശപ്രകാരം തയ്യാറാക്കിയ ഇന്ത്യൻ ഭരണഘടന കേവലമൊരു രേഖയല്ല, മറിച്ച് രാഷ്ട്രനിർമ്മാണത്തിന്റെ മന്ത്രം തന്നെയാണ്. ഓരോ ഇന്ത്യക്കാരന്റെയും സ്വപ്നങ്ങളെ അവകാശങ്ങളും അവസരങ്ങളുമാക്കി മാറ്റാൻ അത് വഴിയൊരുക്കി. 1956 ഡിസംബർ 6 ന്, ബാബാസാഹേബ് മഹാപരിനിർവ്വാണം പ്രാപിച്ചു. അന്തസ്സും സമത്വവും ഉറപ്പാക്കുന്ന ഒരു ഭരണഘടന അദ്ദേഹം നമുക്ക് നൽകി. സമകാലിക തലമുറയിലെ ഇന്ത്യക്കാർ ഡോ. ബാബാസാഹേബ് അംബേദ്കറോട് എക്കാലവും നന്ദിയുള്ളവരായിരിക്കും... നമ്മുടെ രാജ്യത്തിന്റെ അഭിമാനമായ ബാബാസാഹേബിന് ഹൃദയംഗമമായ പ്രണാമം.*


ഡൽഹിയിലെ ഡോ. അംബേദ്കർ അന്താരാഷ്ട്ര കേന്ദ്രം


മ്ഹൌവിലെ അദ്ദേഹത്തിന്റെ ജന്മസ്ഥലത്തെ സ്മാരകം


നാഗ്പൂർ, ദീക്ഷ ഭൂമി


മുംബൈ, ചൈതന്യ ഭൂമി


ലണ്ടനിലെ ശിക്ഷ ഭൂമി


ന്യൂ ഇന്ത്യ
സമാചാർ
ദ്വൈവാരിക

**RNI NO.: DELMAL/2020/78826 December 1-15, 2025**

RNI Registered No DELMAL/2020/78826, Delhi Postal License No DL(S)-1/3549/2023-25, WPP NO U(S)-97/2023-25, posting at BPC, Market Road, New Delhi-110001 on 26-30 advance Fortnightly (Publishing Date: November 18, 2025, Pages-52)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHED & PRINTED BY:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003

**Printed at**
Kaveri Print Process Pvt. Ltd.
A-104 Sector-65,
Noida-201301 U.P.

Malayalam
Vol. 6 Issue-11